2010 ഫിബ്രവരി
ഹി.ശ 1389 - തബ്ലീഗ്
1431 - സഫർ - റബിഉൽ അവ്വൽ
പുസ്തകം 82 ലക്കം 2
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ്

# സത്യദൂതൻ

സ്ഥാപിതം
1925

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 യുഗശബ്ദം

5 മുഖക്കുറിപ്പ് - മുഹമ്മദ് നബി(സ): സ്നേഹം കൊണ്ട് ജയിച്ച പ്രവാചകൻ

6 കേവല നിഷേധം കൊണ്ടുമാത്രം ഈ ലോകത്ത് ശിക്ഷയില്ല
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

7 മുഹമ്മദ് നബി(സ): പ്രകാശം പകരുന്ന അക്ഷയ ജ്യോതിസ്സ്
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

10 ജിന്നിനെ അറിയുക
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

14 കഴിഞ്ഞ ദശകങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായ ആഗോളനേട്ടങ്ങൾ
മുഹമ്മദ് ഉമർ

17 ചരിത്രഗതി മാറ്റുന്ന ലോകനായകൻ
മുഹമ്മദ് ഇസ്മായിൽ എച്ച്.എ.

20 ഖുർആനും ദാരിദ്ര്യനിർമ്മാർജനവും
ഡോ. അഹ്മദ് കലീം

24 മനുഷ്യോൽപത്തി ശാസ്ത്രത്തിലും വേദത്തിലും
സിഫത്ത് കബീർ എസ്.കെ.

28 ഈ നൂറ്റാണ്ടിനോട് സംവദിക്കുന്ന ഒരു വൈജ്ഞാനിക ഗ്രന്ഥം
ഏ.ക്യു. മഹ്ദി

32 ഡോ. അബ്ദുസ്സലാമിന്റെ സ്വകാര്യലോകം
മധു ജയ്ൻ

35 മുബാഹലയുടെ ദൃഷ്ടാന്തം - പ്രബോധനത്തിനുള്ള മറുപടി - 7
പി.എ. മുഹമ്മദ് സലിം, കൊടുങ്ങല്ലൂർ

കുറിപ്പുകൾ

41 യൂറോപ്പിൽ അസഹിഷ്ണുതയുടെ ഉഷ്ണകാലം

മുഖചിത്രം: ഇറാനിലെ ഒരു പള്ളി മിനാരത്തിന്റെ വിദൂരചിത്രം

ചീഫ് എഡിറ്റർ : മുഹമ്മദ് ഇസ്മായിൽ Mob: 9446656123
എഡിറ്റർ : ഏ. എം. മുഹമ്മദ് സലിം Mob : 9895263384, E-mail: salimqld@yahoo.in
മാനേജർ : അഹ്മദ് ഹസ്സൻ Mob: 9446482108

അസി. മാനേജർ
കെ.എം. അഹ്മദ് കോയ

സർക്കുലേഷൻ മാനേജർ
എസ്. മുഹമ്മദ് സലിം

എഡിറ്റോറിയൽ ബോർഡ്
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.
ഫാക്സ് : 0495 - 2721609
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut - 1.

## ഖുർആനിൽ നിന്ന്


അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു; വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി. (65:12)

## നബിവചനം

മുആദുബ്നു അനസ് (റ) നിവേദനം: ഗുണങ്ങളിൽ വെച്ച് ഉൽകൃഷ്ടമായവ നീയുമായി ബന്ധം വിഛേദിക്കുന്നവരോടു നീ ബന്ധം സ്ഥാപിക്കുക, നിന്നോടു പിശുക്കു കാണിക്കുന്നവരോടു നീ ഔദാര്യം കാണിക്കുക, നിന്നെ ശകാരിക്കുന്നവർക്ക് നീ മാപ്പുകൊടുക്കുക എന്നിവയാണ്.

***(മുസ്നദ് അഹ്മദ്)***

**യുഗശബ്ദം**



# മുഹമ്മദ് നബി(സ) ശിപാർശകൻ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം (ശിപാർശക്കാരൻ) ഇല്ല. ആകയാൽ ഈ പ്രതാപശാലിയായ നബിയുടെ നേരെ നിന്റെ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തേക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്, ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിന് തന്നെ. മോക്ഷം എന്നത് മരിച്ചതിനുശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊൾവിൻ. മറിച്ച്, യഥാർത്ഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു.

*(കിശ്തിനൂഹ് പേജ് 15, 16)*

മുഖക്കുറിപ്പ്

# മുഹമ്മദ് നബി(സ): സ്നേഹം കൊണ്ട് ജയിച്ച പ്രവാചകൻ

ആത്മീയതയുടെ പാരമ്യം കണ്ട റസൂൽ തിരുമേനി(സ) സ്നേഹവികാരം കൊണ്ട് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയ പ്രവാചക വരേണ്യനാണ്. മനുഷ്യകേന്ദ്രിതമായ ഈ പ്രപഞ്ചം സൃഷ്ടിക്കാൻ കാരണഭൂതരായ റസൂൽ തിരുമേനി(സ)യിൽ മാനുഷതയുടെ എല്ലാ സദ്ഗുണങ്ങളുടേയും സമ്പൂർണ്ണ മാതൃകയുണ്ട്. ഖുർആൻ പറയുന്നു: ***'നീ മഹത്തായ ധാർമ്മിക ഗുണങ്ങളുള്ളവൻ തന്നെയാണ്'*** (68:5)

റസൂൽ തിരുമേനി(സ) അധികാരവും ശക്തിയുമുപയോഗിച്ചായിരുന്നില്ല, അനുചരന്മാരെ തന്റെ അലൗകിക വലയത്തിൽ ചേർത്തു നിർത്തിയത്. സൂര്യസമാനം സുവ്യക്തമായിരുന്നു അവിടത്തെ ആർദ്രപൂരിതമായ ഉദീരണങ്ങൾ. കഠിനമായ വാക്കുകളോ അഹങ്കാരത്തിന്റെ ധ്വനിയോ അധികാരത്തിന്റെ നിഴലോ അവയിൽ ഉണ്ടായിരുന്നില്ല. തത്ത്വജ്ഞാന നിർഭരവും യുക്തിസമ്പൂർണ്ണവുമായിരുന്നു ആ വാക്കുകൾ. ഭൂമി വസ്തുക്കളെ ആകർഷിക്കുന്നതുപോലെ അനുചരന്മാരുടെ ഹൃദയങ്ങൾ ആ ദിവ്യവ്യക്തിത്വത്തിൽ ബന്ധിതമായിരുന്നു. അഗ്നിപരീക്ഷകളുടെ കാലഘട്ടത്തിൽ പോലും ആ സവിധം വിട്ടുപോകാൻ സ്വഹാബികൾ ഇഷ്ടപ്പെട്ടിരുന്നില്ല. തങ്ങളുടെ എല്ലാമെല്ലാമായ യജമാനന് ജീവൻ ബലിദാനം ചെയ്യാൻ തയ്യാറായി അവരവിടെ നിന്നു. അത്രമാത്രം ഗാഢമായിരുന്നു റസൂൽ തിരുമേനി(സ)യോടുള്ള അവരുടെ അനുരക്തി. ഖുർആൻ പറയുന്നു: ***'അല്ലാഹുവിന്റെ മഹത്തായ കാരുണ്യംകൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുംനിന്ന് ചിതറിപ്പോയ്ക്കളയുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിനുവേണ്ടി നീ പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.'*** (3:160). ***'സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്.'*** (9:128).

അളവറ്റ ആത്മീയ തേജസ്സിന്റെ ആലക്തികശക്തികൾ പ്രവഹിച്ച അവിടത്തെ കരസ്പർശത്താൽ, മൃഗപ്രായരായി ജീവിച്ച മനുഷ്യാത്മാക്കൾ വലിയ വലിയ ആത്മീയനില പ്രാപിച്ച അത്ഭുതദൃശ്യം നാം കാണുകയുണ്ടായി. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***'ലക്ഷക്കണക്കിന് മൃതന്മാർ ഏതാനും ദിനങ്ങൾകൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണങ്ങൾ സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടൻ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു.'*** (ബറക്കാത്തുദ്ദുആ)

ലോകജനതയിലെ ഓരോരുത്തരേയും മാലാഖമാരെപ്പോലെയാക്കിമാറ്റാൻ ആത്മീയശേഷിയുള്ള മുഹമ്മദ് നബി(സ)യുടെ സത്യം ലോകം അതിവേഗം തിരിച്ചറിയുമാറാകട്ടെ. ■



ഹദ്റത്ത് അഹ്മദ് (അ)

# കേവല നിഷേധം കൊണ്ടുമാത്രം ഈ ലോകത്ത് ശിക്ഷയില്ല

ശ്രദ്ധേയമായ കാര്യമെന്തെന്നാൽ മക്കക്കാർ റസൂൽ തിരുമേനി(സ)യെ കേവലം നിഷേധിക്കുക മാത്രമായിരുന്നില്ല. ഒരാൾ തന്റെ പോഴത്തം കൊണ്ട് കേവലം നിഷേധിക്കുകയാണെങ്കിൽ ഈ ലോകത്ത് അവന് ശിക്ഷ ലഭിക്കുകയില്ല. പക്ഷേ, അവിശ്വാസി മനുഷ്യത്വത്തിന്റെയും സൽസ്വഭാവത്തിന്റെയും പരിധി ലംഘിച്ച് ലജ്ജാവിഹീനനായിക്കൊണ്ട് അധാർമ്മികതയിൽ വർത്തിക്കുകയും സർവ്വ പീഡനങ്ങളും ആസൂത്രണം ചെയ്യുകയും അതിൽ അങ്ങേയറ്റം മുന്നോട്ടുപോകുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ കോപം പതച്ചുപൊങ്ങുകയും ദൈവം നൂഹിന്റെ ജനതയേയും ലൂത്തിന്റെ ജനതയേയും നശിപ്പിച്ചതുപോലെ അവന്റെ ദൂതനുവേണ്ടി ആ അതിക്രമകാരിയെ നശിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദൂതനും അനുയായികളും അത്തരം പീഡനങ്ങൾക്കും ക്രൂരതകൾക്കും വിധേയമാവുമ്പോൾ മാത്രമാണ് ദൈവം ഇങ്ങനെ ശിക്ഷയിറക്കാറ്. വെറും നിഷേധം കൊണ്ടുമാത്രം ദൈവം ഈ ലോകത്ത് ശിക്ഷിക്കാറില്ല. അത്തരം ശിക്ഷകൾക്കായി ദൈവം പരലോകം ഒരുക്കിവെച്ചിരിക്കുന്നു. പരിഹാസം, നിന്ദിക്കൽ, പീഡനം എന്നിവയെ ത്തുടർന്നാണ് ഈ ലോകത്ത് ശിക്ഷകൾ ദൈവം ഇറക്കുക.

കാര്യം പൂർണ്ണമായും ബോദ്ധ്യമാകാത്തത് കാരണം ഒരാൾക്ക് വിശ്വാസം സ്വീകരിക്കാൻ കഴിയാതെ മാറിനിൽക്കാവുന്നതാണ്. അത്തരം നിഷേധം ഒരിക്കലും ഈ ലോകത്ത് ശിക്ഷ ക്ഷണിച്ചുവരുത്തുന്നില്ല. കാരണം, അത് അല്പത്വം കൊണ്ടോ ധാരണാശക്തിയുടെ കുറവുകൊണ്ടോ സംഭവിക്കാവുന്നതാവാം. ഞാൻ ദൃഢമായി വിശ്വസിക്കുന്നത്, നൂഹ് നബി (അ)യുടെ ജനത മാന്യമായ രീതിയിലാണ് അദ്ദേഹത്തെ എതിർത്തതെങ്കിൽ സർവ്വശക്തനായ ദൈവം അദ്ദേഹത്തിന്റെ ജനതയെ പിടിക്കില്ലായിരുന്നു. ജനങ്ങൾ അവരുടെ അതിക്രമശീലം കൊണ്ടാണ് ശിക്ഷിക്കപ്പെടുന്നത്. വിശുദ്ധ ഖുർആൻ വായിക്കുന്ന ശത്രുവിനും അവന്റെ സുരക്ഷിത സ്ഥാനത്തെ സംബന്ധിച്ച് സർവ്വശക്തനായ ദൈവം അറിയിക്കുന്നു. അതായത്, മതത്തിൽ യാതൊരു നിർബന്ധമോ പ്രേരണയോ ഇല്ല എന്ന് (അതിനാൽ നിഷേധി സുരക്ഷിതനാണ്). ഖുർആൻ പറയുന്നു: **'ലാ ഇക്റാഹ ഫിദ്ദീൻ'.** എന്നാൽ, ഏതൊരുവൻ വധിക്കാനോ വധിക്കാനുള്ള ഗൂഢാലോചനക്കോ പുറപ്പെടുകയോ അക്രമവും പീഢനവും നടത്തുകയോ ആണെങ്കിൽ അയാൾ കഠിനശിക്ഷക്ക് വിധേയനാകും.

(മൽഫൂസാത്ത് വാ. III പേ. 162-165)

■

ഖുത്വ്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# മുഹമ്മദ് നബി(സ): പ്രകാശം പകരുന്ന അക്ഷയ ജ്യോതിസ്സ്

## 22-01-2010ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹിൽ ഖലീഫത്തുൽ മസീഹ് നിർവ്വഹിച്ച ഖുത്വ്ബ

ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ മഹനീയ പദവിയേയും അദ്ദേഹത്തിന്റെ ആത്മീയപ്രഭയേയും പ്രകാശത്തേയും വിവരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) വിവരിക്കുന്നു. ബുദ്ധിവൈഭവവും സർവ്വവിധ ധാർമ്മികഗുണങ്ങളും ഈ നിഷ്കളങ്കനായ പ്രവാചകനിൽ സമ്പൂർണ്ണവും സമുചിതവുമായ രീതിയിൽ സമ്മേളിച്ചിരിക്കുന്നു. അത് പ്രകാശദീപ്തമായിരുന്നു. ദൈവിക വെളിപാട് ലഭിക്കുന്നതിനു മുമ്പേ അത് പ്രകാശിക്കാൻ കെൽപ്പുള്ളതായിരുന്നു.

റസൂൽ തിരുമേനി(സ)യുടെ ബുദ്ധിശക്തിയും ധാർമ്മികഗുണങ്ങളും മറ്റാർക്കും എത്തിപ്പിടിക്കാൻ കഴിയാത്തത്ര ഉന്നതങ്ങളിലാണ് വിരാജിച്ചിരുന്നത്. അത് പ്രകാശപൂരിതമായിരുന്നു. അതിൽ നിന്ന് പ്രകാശം പ്രസരിച്ചുകൊണ്ടിരുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞ പ്രകാശത്തിനുമേൽ പ്രകാശം എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു:

റസൂൽ തിരുമേനി(സ)യുടെ അസ്തിത്വത്തിൽ വിവിധങ്ങളായ പ്രകാശങ്ങൾ സമ്മേളിച്ചിരുന്നു. ആ പ്രകാശങ്ങളിൽ ആകാശത്തു നിന്നുള്ള ദൈവികവെളിപാടാകുന്ന പ്രകാശം കൂടി ഇറങ്ങി. അതിറങ്ങിയപ്പോൾ ഖാത്തമുൽ അമ്പിയാ ആയ തിരുദൂതർ(സ)യുടെ അസ്തിത്വം മജ്മഉൽ അൻവാർ (പ്രകാശങ്ങളുടെ സമുച്ചയം) ആയിത്തീർന്നു.

വിശുദ്ധ ഖുർആനിൽ തിരുനബി(സ)യുടെ പേര് നൂർ എന്നും സിറാജുൻമ്മുനീർ എന്നും വന്നിട്ടുണ്ട്.

തിരുദൂതരു(സ)ടെ നാമം പ്രകാശിക്കുന്ന വിളക്ക് എന്നു പറഞ്ഞതിന്റെ ഒരു യുക്തി ഇതും കൂടിയാണ്. അതായത് ഒരു വിളക്കിൽ നിന്ന് ആയിരക്കണക്കിനല്ല ലക്ഷക്കണക്കിന് വിളക്കുകൾ കൊളുത്തുവാൻ സാധിക്കും. പക്ഷേ, ആ വിളക്കിന്റെ പ്രകാശത്തിന് ഒരു മങ്ങലും ഏൽക്കില്ല. ചന്ദ്രനും സൂര്യനും ഈ വിശേഷണമില്ല. ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് തിരുനബി(സ)യെ പിൻപറ്റുന്നതിലൂടെയും അനുസരിക്കുന്നതിലൂടെയും ആയിരക്കണക്കിനല്ല ലക്ഷക്കണക്കിന് മനുഷ്യർക്ക് ഈ പദവി കരസ്ഥമാക്കാൻ സാധിക്കുമെന്നാണ്. എല്ലാവർക്കും ലഭിക്കുന്ന പൊതുവായ അനുഗ്രഹമായിരിക്കും ഇത്. പ്രത്യേക വ്യക്തികൾക്ക് ലഭിക്കുന്ന അനുഗ്രഹമല്ല. ചുരുക്കത്തിൽ അന്ധകാരം അതിശക്തമായി വ്യാപിക്കുമ്പോൾ അല്ലാഹുതആല തന്റെ ചില ഗുണങ്ങൾ മുഖേന ഏതെങ്കിലും ഒരാളെ തന്റെ അറിവും ജ്ഞാനവും നൽകി അയക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ സ്വാധീനശക്തിയും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ആകർഷണവും ഇട്ടുകൊടുക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നു. എന്നാൽ, ഇതിനു അനുയോജ്യമായ ആളുകളെയാണ് അല്ലാഹു തിരഞ്ഞെടുക്കുന്നതും തന്റെ സ്വാധീനം ഇടുന്നതും നബി തിരുമേനി(സ)യുടെ ഒരു നാമം സിറാജുൻമ്മുനീർ എന്നതുമാണ്. എന്നാൽ, അബൂജഹ്ൽ അദ്ദേഹത്തെ സ്വീകരിച്ചുവോ?

ഇന്ന് ഞാൻ അല്ലാഹുവിന്റെ പ്രകാശവും കത്തിജ്വലിക്കുന്ന വിളക്കുമായ, പ്രകാശത്തിനുമേൽ പ്രകാശമായ, തിരുമേനി(സ)യുടെ സ്ഥാനത്തെക്കുറിച്ചും ആ മഹാത്മാവിന്റെ ബാഹ്യമായ പ്രകാശത്തെക്കുറിച്ചും ചില ഹദീസുകൾ കേൾപ്പിക്കുന്നതാണ്. ഇതു മുഖേന തിരുനബി(സ)യുടെ ബാഹ്യമായ പ്രകാശത്തെക്കു

റിച്ചും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. തിരുനബിയുടെ സ്ഥാനവും തന്റെ ഉമ്മത്തിന് ഈ പ്രകാശം നൽകുന്നതിനായി ആ പുണ്യാത്മാവ് പഠിപ്പിച്ച ചില പ്രാർത്ഥനകളും ഞാൻ കേൾപ്പിക്കുന്നതാണ്.

പരിപൂർണ്ണമനുഷ്യനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെക്കുറിച്ച് അല്ലാഹു പറയുന്നു: 'മുഹമ്മദേ, ആകാശഭൂമികളെ നീ കാരണമായാണ് ഞാൻ സൃഷ്ടിച്ചിരിക്കുന്നത്.'

താൻ പ്രകാശമാണെന്നതിനെക്കുറിച്ച് തിരുനബി (സ) സ്വയം പറയുന്നു. **മിർക്കാത്തുൽ മഫാത്തിഹ് ശറഹ് മിശ്കാത്തിൽ** ഒരു ഹദീസ് ഇപ്രകാരം കാണാം. തിരുനബി അരുളി: അല്ലാഹു ആദ്യമായി സൃഷ്ടിച്ചത് എന്റെ ഒളിയെയാണ്. അതായത്, ഈ പരിപൂർണ്ണ മനുഷ്യന് നൽകപ്പെടുന്ന പ്രകാശം മുമ്പേയുള്ളവരിലോ ശേഷം വരുന്നവരിലോ ഉണ്ടാവില്ല എന്ന് അല്ലാഹു തുടക്കത്തിൽ തന്നെ നിശ്ചയിച്ചിരുന്നു. അത് പരിപൂർണ്ണമനുഷ്യനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി ക്ക് മാത്രം ലഭിക്കുന്നതാണ്.

തിരുനബി(സ)തന്റെ മാതാവിന്റെ ഒരു സ്വപ്നം വിവരിച്ചുകൊണ്ട് ഇപ്രകാരം അരുൾ ചെയ്യുന്നു: എന്റെ മാതാവ് പറഞ്ഞു: ഞാൻ സ്വപ്നത്തിൽ ഇപ്രകാരം കണ്ടു. എന്നിൽ നിന്ന് ഒരു പ്രകാശം പുറത്തേക്ക് നിർഗളിച്ചിരിക്കുന്നു. ശാമിലെ ഗോപുരങ്ങൾ അതുമുഖേന പ്രകാശദീപ്തമായിത്തീർന്നിരിക്കുന്നു. ദൂരദൂര ദേശങ്ങളിലും വലിയ വലിയ ഗോപുരങ്ങളിലും വമ്പൻ ഭരണകൂടങ്ങളിലും വരെ തിരുമേനി(സ)യുടെ പ്രകാശം പരക്കുമെന്ന സുവാർത്ത തിരുനബി(സ) യുടെ മാതാവിനും, അല്ലാഹു നേരത്തെത്തന്നെ നൽകിയിരുന്നു. കുഞ്ഞ് പിറന്ന ശേഷം ഈ മാതാവ് വിധവയായി. മാത്രമല്ല, ഈ കുട്ടിയുടെ ചെറുപ്രായം പൂർണ്ണമായും ഈ മാതാവിന് പോലും ദർശിക്കാൻ സാധിക്കുമായിരുന്നില്ല. ഇങ്ങനെയുള്ള ഈ മാതാവിനേയാണ് നേരത്തെത്തന്നെ അല്ലാഹു സമാശ്വസിപ്പിക്കുന്നത്. പിതാവിന്റെ തണലില്ലാതെ വളരുന്ന ഈ കുട്ടി ആരോരുമില്ലാതെ ജീവിതം കഴിക്കുകയില്ല, മറിച്ച് ഇദ്ദേഹത്തിന്റെ പ്രകാശം മാനവരാശിയുടെ പ്രകാശത്തിന് കാരണമായിത്തീരുന്നതാണ്. ഇന്ന് നോക്കൂ. എത്ര മഹത്തരമായ രീതിയിലാണ് മാതാവിന്റെ ഈ സ്വപ്നം പൂർത്തിയായിക്കൊണ്ടിരിക്കുന്നത്.

റസൂൽ (സ) തിരുമേനിയുടെ രൂപലാവണ്യത്തെക്കുറിച്ച് ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നുണ്ട്. ഹദ്റത്ത് ഹസൻബിൻ അലി(റ) പറയുന്നു: ഞാൻ എന്റെ അമ്മാവൻ ഹദ്റത്ത് ഹിന്ദ്ബിൻ അബി ഹാലായോട് നബി തിരുമേനി(സ)യുടെ രൂപലാവണ്യത്തെക്കുറിച്ച് ചോദിച്ചു. അദ്ദേഹം തിരുനബി(സ)യുടെ രൂപഭംഗി ഹൃദയസ്പൃക്കായ രീതിയിൽ വിവരിക്കാറുണ്ടായിരുന്നു. എന്റെ മുമ്പിലും തിരുനബി(സ)യുടെ രൂപഭംഗിയെക്കുറിച്ച് അദ്ദേഹം വിവരിക്കട്ടെ എന്ന് ഞാനും ആഗ്രഹിച്ചിരുന്നു; ആ രൂപഭംഗിയിൽ എനിക്കും ലയിച്ചു ചേരുന്നതിനു വേണ്ടി. അദ്ദേഹം പറഞ്ഞു 'റസൂൽ തിരുമേനി(സ) പ്രൗഢവും അത്യാകർഷകവുമായ മുഖകമലത്തോടുകൂടിയ വ്യക്തിയായിരുന്നു. മുഖകമലം പതിനാലാം രാവിലെ ചന്ദ്രനെപ്പോലെ വെട്ടിത്തിളങ്ങിയിരുന്നു.'

തിരുനബിയുടെ സൗന്ദര്യത്തെക്കുറിച്ച് മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണ് വന്നിട്ടുള്ളത്: ഹദ്റത്ത് ജാബിർബിൻ സഹാ രിവായത്ത് ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ റസൂൽ തിരുമേനിയെ പൗർണ്ണമി രാവിൽ നോക്കി. അന്ന് തിരുദൂതർ (സ) ചെമന്ന വസ്ത്രത്താൽ വിഭൂഷിതനായിരുന്നു. ഞാൻ തിരുനബി(സ)യെ നോക്കും, പിന്നെ ചന്ദ്രനെയും നോക്കും. തിരുനബി(സ) ക്ക് ചന്ദ്രനേക്കാളും സൗന്ദര്യമുള്ളതായി എനിക്ക് അനുഭവപ്പെട്ടു.

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: 'റസൂൽ തിരുമേനി(സ)ക്ക് വെള്ള നിറമായിരുന്നു; വെള്ളികൊണ്ട് ഉണ്ടാക്കിയതുപോലെ. മറ്റൊരു രിവായത്തിൽ ഇപ്രകാരം കാണാം. ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു: 'റസൂൽ തിരുമേനിയുടെ മുമ്പിലുള്ള പല്ലുകൾ അൽപം അകന്നിട്ടായിരുന്നു. തിരുനബി(സ) സംസാരിക്കുമ്പോൾ മുമ്പിലുള്ള പല്ലുകൾക്കിടയിലൂടെ പ്രകാശം പുറപ്പെടുമായിരുന്നു.

തിരുനബിയുടെ പ്രകാശം സാത്ത്വികരായ എല്ലാവർക്കും ദർശിക്കാൻ കഴിഞ്ഞിരുന്നു. ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു. ഹദ്റത്ത് അബ്ദുല്ലാബിൻ സലാം പറയുന്നു. റസൂൽ (സ) ആഗതരായപ്പോൾ 'തിരുനബി ആഗതരായിട്ടുണ്ടെന്ന്' വിളിച്ചുപറയപ്പെട്ടു. അപ്പോൾ ഞാനും മറ്റുള്ളവരുടെ കൂടെ തിരുനബി(സ)യെ കാണാൻ പോയി. ഞാൻ തിരുദൂതരു(സ)ടെ വദനബിംബത്തെ ശ്രദ്ധിച്ചുനോക്കി. അപ്പോൾതന്നെ ഞാൻ മനസ്സിലാക്കി, ഇത് കള്ളവാദിയുടെ മുഖമല്ലെന്ന്.' ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ തിരുനബി(സ)യുടെ പേര് കത്തിജ്വലിക്കുന്ന വിളക്ക് എന്നായതുകൊണ്ട് ഈ വിളക്കിൽ നിന്ന് പതിനായിരക്കണക്കിന് വിളക്കുകൾ പ്രകാശിക്കപ്പെടുന്നതാണ്. തിരുനബി(സ) തന്റെ ജീവിതത്തിൽ ലക്ഷക്കണക്കിന് ദീപങ്ങൾ പ്രകാശിപ്പിച്ചു എന്ന വസ്തുത ലോകം കണ്ടതാ

ണ്. ഇന്നും ഈ പ്രകാശം ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹു ഈ പ്രകാശം കരസ്ഥമാക്കുന്നവർക്കും ഇബാദത്ത് ചെയ്യുന്നവർക്കും സദ്പ്രവർത്തി ചെയ്യുന്നവർക്കും സന്തോഷവാർത്തകൾ നൽകുകയും ചെയ്യുന്നുണ്ട്. അവർ സ്വർഗത്തിന്റെ അവകാശികളായി മാറുന്നതാണ്. തിരുനബി അരുളി: 'ഈ പ്രകാശം കരസ്ഥമാക്കുന്നവരെ ഞാൻ തിരിച്ചറിയുന്നതാണ്.' ഇതിന്റെ വിശദീകരണം ഒരു രിവായത്തിൽ നിന്ന് ഇപ്രകാരം മനസ്സിലാകുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻബിൻ ജുബൈർ പറയുന്നു: ഞാൻ ഹദ്റത്ത് അബൂ ദർദാ(റ) പറയുന്നതായി കേട്ടു. റസൂൽ (സ) ഇപ്രകാരം പറയുകയുണ്ടായി: ഖിയാമത്ത് നാളിൽ സമുദായങ്ങളിൽ നിന്ന് എന്റെ ഉമ്മത്തിനെ ഞാൻ തിരിച്ചറിയുന്നതാണ്. സഹാബാക്കൾ ചോദിച്ചു: യാ റസൂലുല്ലാഹ്! താങ്കളുടെ ഉമ്മത്തിനെ എങ്ങനെയാണ് തിരിച്ചറിയുക? പറഞ്ഞു: അവരുടെ ഗ്രന്ഥം അവരുടെ വലതുകൈയ്യിൽ നൽകപ്പെടുന്നതാണ്. കൂടുതലായി സുജൂദ് ചെയ്തതിന്റെ ഫലമായി അവരുടെ മുഖലക്ഷണത്തിൽ നിന്ന് ഞാൻ അവരെ തിരിച്ചറിയുന്നതാണ്. അവരുടെ പ്രകാശത്തിൽ നിന്ന് ഞാൻ അവരെ തിരിച്ചറിയും, ആ പ്രകാശം അവരുടെ മുമ്പിലായിരിക്കും.

അല്ലാഹു സ്വർഗ്ഗസ്ഥരുടെ ഒരടയാളം പറഞ്ഞത്, അവരുടെ പ്രകാശം അവരുടെ മുമ്പിൽ നടക്കും എന്നതാണ്. സുജൂദ് ചെയ്യുന്നവരെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

'നമിക്കുന്നവരായും സാഷ്ടാംഗം പ്രണമിക്കുന്നവരായും നിനക്കവരെ കാണാം. അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാഷ്ടാംഗപ്രണാമത്തിന്റെ ഫലമായി അവരുടെ മുഖങ്ങളിൽ അവരുടെ ലക്ഷണമുണ്ട്' (48:30) മുഖങ്ങളിൽ പ്രകടമാകുന്ന ഈ പ്രകാശം സുജൂദുകൾ കൂടുതലായി ചെയ്യുന്നതുകൊണ്ടും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി സദാ തയ്യാറായിരിക്കുന്നതുകൊണ്ടും അത് കരസ്ഥമാക്കാൻ പ്രയത്നിക്കുന്നതുകൊണ്ടുമാണ്. സദ്പ്രവർത്തികൾ ചെയ്യുകയും ഇബാദത്തുകൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരുടെ മുമ്പിലായിരിക്കും പ്രകാശം ചലിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുകയും ഇബാദത്തിൽ മുഴുകുകയും ചെയ്യുന്നവരെയാണ് തിരുനബി(സ) തന്റെ ഉമ്മത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതു കൊണ്ട് ഈ വിഷയം ഒരു അഹ്മദി ശരിക്കും മനസ്സിലാക്കേണ്ടതാണ്.

ആരാധനകളുടെ നിലവാരം ഉയർത്തുന്നതിലൂടെ പ്രകാശം കരഗതമാകുന്നതിനെക്കുറിച്ച് ഒരു നിവേദനം ഇപ്രകാരം വരുന്നു: ഹദ്റത്ത് ബുറൈദ(റ) വിവരിക്കുന്നു: നബിതിരുമേനി(സ) ഇപ്രകാരം അരുളി: ഇരുട്ടിൽ പള്ളിയിലേക്ക് പോകുന്നവർക്ക് ഖിയാമത്ത് നാളിൽ പൂർണ്ണമായ പ്രകാശം ലഭിക്കുമെന്ന സുവാർത്ത നൽകുക.' അതായത് സുബഹി, ഇശാഅ് നമസ്കാരങ്ങൾ അനുഷ്ഠിക്കാനായി പള്ളിയിൽ വരുന്നവർക്ക് പ്രകാശം ലഭിക്കുന്നതാണ്. കാരണം പ്രയാസങ്ങൾ സഹിച്ചാണ് അവർ പള്ളിയിലേക്ക് വരുന്നത്. സുബ്ഹി, ഇശാഅ് നമസ്കാരത്തിൽ വരാത്തവരെക്കുറിച്ച് ഒരു സ്ഥലത്ത് തിരുനബി(സ) ശക്തമായ താക്കീതും നൽകുന്നുണ്ട്. തിരുനബി(സ)യെ പിൻപറ്റുകയും അദ്ദേഹത്തിന്റെ കൽപനകളനുസരിച്ച് ദൈവപ്രീതി പ്രതീക്ഷിച്ചുകൊണ്ട് പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക് ലഭിക്കുന്ന പ്രകാശമാണിത്.

പാപപ്പൊറുതി, ശഫാഅത്ത് എന്നിവയുമായി ബന്ധപ്പെട്ട വിഷയവും തിരുനബി(സ)യുമായി ബന്ധിതമാണ്. ഒരു നിവേദനത്തിൽ ഇതുസംബന്ധമായി ഇപ്രകാരം വരുന്നു: ഉത്ത്ബാ ബിൻ ആമിർ സാഹന്തി വിവരിക്കുന്നു: ഞാൻ റസൂൽ(സ) ഇപ്രകാരം പറയുന്നതായി കേട്ടു. അല്ലാഹു ആദ്യമുള്ളവരെയും അവസാനമുള്ളവരെയുമെല്ലാം ഒരുമിച്ചുകൂട്ടും. എന്നിട്ട് അവർക്കിടയിൽ വിധി നിർണ്ണയിക്കും. വിധിനിർണ്ണയം കഴിഞ്ഞാൽ വിശ്വാസികൾ പറയും, നമ്മുടെ നാഥൻ നമുക്കിടയിൽ വിധി കൽപിച്ചിരിക്കുകയാണ്. നമ്മുടെ നാഥന്റെ മുമ്പിൽ നമുക്കായി ശിപാർശ ചെയ്യുന്നവവൻ ആരു ണ്ട്? അവർ പരസ്പരം പറയും. നമുക്ക് ആദമി(അ)ന്റെ അടുത്ത് പോകാം. കാരണം അല്ലാഹു അദ്ദേഹത്തെ തന്റെ കരങ്ങളാൽ സൃഷ്ടിച്ചതാണ്; അദ്ദേഹത്തോട് അല്ലാഹു സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ അവർ ആദമി(അ)ന്റെ അടുത്ത് പോയി പറയും, താങ്കൾ ഞങ്ങളുടെ നാഥന്റെയടുക്കൽ വന്ന് ഞങ്ങൾക്കായി ശിപാർശ ചെയ്താലും. അപ്പോൾ ആദം പറയും; നിങ്ങൾ നൂഹി(അ)ന്റെ അടുത്ത് പോയാലും. അവർ നൂഹി(അ)ന്റെ അടുത്ത് പോകും. നൂഹ് (അ) ഇബ്രാഹീമി(അ) ന്റെ അടുത്തേക്ക് അയക്കും. ഇബ്രാഹീം അവരെ മൂസാ(അ)യുടെ അടുത്തേക്ക് അയക്കും. മൂസാ ഈസാ(അ)യുടെ അടുത്തേക്കും അയക്കും. ■

## ചോദ്യോത്തരം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
ഖലീഫത്തുൽ മസീഹ് IV

ഈ ലേഖനത്തിന്റെ ഏതാനും പേജുകൾ കഴിഞ്ഞ ലക്കത്തിൽ ചേർക്കാൻ വിട്ടുപോയി. സാങ്കേതികത്തകരാറ് മൂലമുണ്ടായ ഈ പിഴവിൽ ഖേദിക്കുന്നു. ലേഖനം പൂർണ രൂപത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നു. - പത്രാധിപർ

# ജിന്നിനെ അറിയുക

**വിവാദവിഷയമായ ഖുർആനിൽ പറഞ്ഞ ജിന്ന് അരൂപിയായ ഒരു അസ്തിത്വമല്ല. ഖുർആനെ ശരിയായ രീതിയിലും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ നിരാകരിക്കാത്ത രീതിയിലും വ്യാഖ്യാനിക്കുക എന്നതാണ് പ്രധാനകാര്യമെന്ന് ഖലീഫത്തുൽ മസീഹ് ചോദ്യോത്തരവേളയിൽ പറഞ്ഞു.**

**ചോദ്യം : ജിന്ന് എന്ന് പറയുന്നത് ലോകത്തിലെവിടെയെങ്കിലും വ്യത്യസ്തമായ തലങ്ങളിൽ നിലകൊള്ളുന്ന ചില സൃഷ്ടികളാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ, പിന്നെ പ്രശ്നങ്ങൾ ഒന്നുമില്ലല്ലോ. ഇതേപ്പറ്റി വിശദീകരിക്കാമോ?**

**ഉ:** പ്രശ്നമൊന്നുമില്ല. ജിന്ന് ഒരു പ്രശ്നവും സൃഷ്ടിക്കുന്നില്ല. പ്രശ്നമുള്ളത് ഒരു കൂട്ടരുടെ മനസ്സിലാണ്. അവർ മറ്റുള്ളവരെ ജിന്ന് എന്നൊരു സൃഷ്ടിയുണ്ടെന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. അവയുടെ മേൽ അവർക്ക് ആജ്ഞാശക്തിയുണ്ടെന്ന് മറ്റുള്ളവരെ ധരിപ്പിക്കാൻ ശ്രമിക്കുന്നു. അത്തരം ആളുകൾ മറ്റുള്ളവരിൽ നിന്ന് പണം പിടുങ്ങാൻ ഇക്കാര്യങ്ങൾ വിശ്വസിപ്പിച്ച് ജിന്നിനെ ഒഴിപ്പിക്കാനുള്ള സേവനം എന്ന നിലയിലാണിത് ചെയ്യുന്നത്. ഇത് മാത്രമാണ് പ്രശ്നം. അല്ലാതെ ജിന്നിന് മനുഷ്യരുമായി ഒരു ബന്ധവുമില്ല. എന്നാൽ, ജനങ്ങൾ ഉന്നയിക്കാത്തതും ഉന്നയിക്കേണ്ടതുമായ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ശരീഅത്തുമായി ബന്ധപ്പെട്ടതാണ്. ഒരു പ്രവാചകനെ ദൈവകല്പനപ്രകാരം സ്വീകരിക്കാൻ ജിന്ന് എത്രത്തോളം ബാധ്യസ്ഥമാണ്?

**ചോദ്യം :** 'ജിന്ന്' എന്ന് പറയുന്നത് ഒരു പ്രത്യേക അസ്തിത്വമോ വ്യത്യസ്തമായ ഒരു സൃഷ്ടിയോ ആണെങ്കിൽ മതപരമായ നിയമം വെച്ചുനോക്കുമ്പോൾ, അല്ലെങ്കിൽ ശരീഅത്ത് വെച്ചു നോക്കുമ്പോൾ അവരുടെ വിധിയെന്താണ്?

**ഉ:** ജിന്നെന്ന് പറയുന്നത് ആകാശീയ (ഈതറൽ) രൂപത്തിലോ അതു പോലുള്ള മറ്റൊരു രൂപത്തിലോ ഉള്ളതാണെങ്കിൽ, കാര്യം വളരെ വ്യക്തമായി. ഉദാഹരണത്തിന് മലക്കുകളുടെ കാര്യം എടുക്കുക. മലക്കുകൾ ഏതുരൂപത്തിലുള്ളതാണെന്ന്, നിശ്ചയമായും നമുക്കറിയില്ല. പക്ഷേ, അവയ്ക്കു രൂപമെടുക്കാൻ കഴിയുമെന്നും, നാം കാണുന്നതു പോലുള്ള പ്രതീതി ഉണ്ടാക്കാൻ കഴിയുമെന്നും നമുക്കറിയാം. ഉദാഹരണമായി ഈസാനബി(അ) കണ്ടതുപോലെ ചിലപ്പോൾ മലക്കുകൾ പ്രാവിന്റെ രൂപത്തിൽ ഗോചരീഭവിക്കാം. അതേ സമയം നബിതിരുമേനി ജിബ്രീൽ (അ)നെ ഒരിക്കൽ കണ്ടതു മാനംമുട്ടെ നിൽക്കുന്ന രൂപത്തിലാണ്, മറ്റൊരവസരത്തിൽ മനുഷ്യരൂപത്തിലും. ഇതു സൂചിപ്പിക്കുന്നതു നമ്മെപ്പോലൊരു ഭൗതികരൂപം മലക്കുകൾക്കില്ല എന്നാണ്. എന്നാൽ, ദൃഷ്ടീഭവിക്കുന്നതിന് അവയ്ക്കു ഒരു രൂപം കൈക്കൊള്ളേണ്ടതുണ്ട്. അപ്രകാരം ഒരു സംഭവം ഖുർആൻ പറയുന്നതിങ്ങനെയാണ്:

*"അവൾക്ക് ആ രൂപം പരിപൂർണ്ണ മനുഷ്യനെ പ്പോലെ തോന്നി"* ഖുർആൻ (19:18). അതായതു മർയം ബീവി (അ)യുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട മലക്ക് എല്ലാ അർത്ഥത്തിലും സുന്ദരനായൊരു പുരുഷരൂപത്തിലാ യിരുന്നു. പക്ഷേ, അതു അല്ലാഹുവിന്റെ ഒരു മലക്കാ യിരുന്നു. മനുഷ്യനല്ലായിരുന്നു. മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ, അങ്ങനെ മലക്കുകൾക്കു വ്യത്യസ്ത രൂപങ്ങൾ എടുക്കേണ്ടതുണ്ട്. ഇബ്രാഹിം നബി(അ)പോലും അല്ലാഹുവിന്റെ സന്ദേശവാഹകരെ സാധാരണ മനുഷ്യരായി തെറ്റിദ്ധരിച്ചു. അവർ മനുഷ്യ രെപ്പോലെത്തന്നെയായിരുന്നു. ആ അതിഥികൾക്ക് ഒരാ ട്ടിൻ കുട്ടിയെ അറുത്ത് സൽക്കരിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു. വാസ്തവത്തിൽ ഇബ്രാ ഹിം നബി (അ)യ്ക്ക് ആ അതിഥികളെ ശരിയായ രീതി യിൽ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.

മലക്കുകളെപ്പോലെ അതേരൂപം ജിന്നുകൾക്കു ണ്ടെന്ന് ഞാൻ പറഞ്ഞുവരുകയല്ല. ജിന്ന് ഏതെങ്കിലു മൊരു ആകാശീയ (ഈതറൽ) രൂപത്തിൽ നില നിൽക്കുന്നുണ്ടെങ്കിൽ പ്രകൃതത്തിൽ ഇവ രണ്ടും ഒരു സാദൃശം ഉണ്ടായേക്കാം. ജിന്നിന് ഭൗതികരൂപം ഇല്ലാ ത്തതുകൊണ്ട് തോന്നലിന്റെ രൂപത്തിൽ അവ പ്രത്യ ക്ഷപ്പെടും എന്നു വരാം. മലക്കുകൾ പ്രത്യക്ഷപ്പെടു ന്നതുപോലെ വ്യത്യസ്ത ആളുകൾക്ക് വ്യത്യസ്തരൂ പത്തിൽ പ്രത്യക്ഷപ്പെട്ടേക്കാം. ജിന്ന് "മുക്കല്ലഫ് ബി ശ്ശരീഅ" ആണോ അല്ലയോ എന്നതാണ് പിന്നെയുള്ള ചോദ്യം. അതായതു മതനിയമത്തിന്റെ കീഴിൽ അവ വരുന്നുണ്ടോയെന്ന്. അവയ്ക്കു ശരീഅത്തു ബാധക മാണോ? ആരാണവയെ ദൈവത്തിങ്കലേക്ക് വിളിക്കു ന്നത്? അവയ്ക്ക് ദൈവിക സന്ദേശം എത്തിപ്പെടുന്ന തെങ്ങനെ? ദൈവികസന്ദേശം എല്ലായിടത്തും പ്രസ രിക്കുന്നതുകൊണ്ട് ജിന്ന് അതു കേട്ടുകൊള്ളും എന്നാ ണോ? ശരീഅത്തു അനുസരിച്ചു ജീവിക്കാൻ ബാധ്യ സ്ഥമായ സൃഷ്ടിയാണ് ജിന്ന്, എങ്കിൽ ജിന്ന് എ ങ്ങനെയാണ് നിസ്കരിക്കുന്നത്, തീർത്ഥാടനം ചെയ്യു ന്നതു എന്നൊക്കെയുള്ള ചോദ്യങ്ങൾ ഉയരുന്നു. എങ്ങ നെയാണ് അവ സക്കാത്തു നൽകുന്നത്? എങ്ങനെ യാണ് വിവാഹം കഴിച്ചു സന്താനോൽപ്പാദനം നടത്തു ന്നത്! അവയെല്ലാം ശരീഅത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്.

അത്തരം കാര്യങ്ങൾ വരുമ്പോഴാണ് ജിന്ന് എന്ന് പറയുന്നത് ഒരു തരം ആകാശീയ (ഈതറൽ) സൃഷ്ടി കളാണോ എന്ന പ്രശ്നം പര്യാലോചിക്കേണ്ടി വരിക. അങ്ങനെയാകുമ്പോൾ അവ ദൈവത്തെ അനുസരി ക്കുന്ന മനുഷ്യപ്രവാചകനെ പിന്തുടരുമോ എന്ന കാര്യം അസ്ഥാനത്താകും. ഒരു പ്രവാചകൻ സൃഷ്ടി കളുടെ ഇടയിൽ നിന്ന് തന്നെയാവണം. എന്തുകൊണ്ടെ ന്നാൽ ഒരു പ്രവാചകൻ അവന്റെ വർഗ്ഗത്തിൽ നിന്നു തന്നെയാവണം. മനുഷ്യനെ അഭിസംബോധന ചെയ്യേ ണ്ടിവരുമ്പോൾ ഒരു മലക്ക് പ്രവാചകനായി അവതരി ക്കുക എന്നത് ഖുർആന് വിരുദ്ധമാണ്. അപ്രകാരമാ യിരിക്കെ ആകാശീയ (ഈതറൽ) സൃഷ്ടികൾക്ക് ഒരു മനുഷ്യ പ്രവാചകൻ നിയോഗിക്കപ്പെടാവുന്നതെ ങ്ങനെ? ജിന്ന് അപ്രകാരമുള്ളൊരു സൃഷ്ടിയാണെ ങ്കിൽ! അതല്ലെങ്കിൽ ജിന്ന് വർഗ്ഗത്തിൽ നിന്നുള്ള നബിമാരുണ്ടോ? ദൈവവചനങ്ങൾ അവയ്ക്കു നൽക പ്പെടുന്നതെപ്രകാരമാണ്? ജിന്നിന് വഹ്യ് നൽകിയെന്ന് ഖുർആനിൽ എവിടെയും പറയുന്നില്ല. തേനീച്ചയ്ക്കു പോലും വഹ്യ് നൽകിയെന്ന് ഖുർആനിൽ നാം വായി ക്കുന്നു. എന്നാൽ ഖുർആനിലോ ഹദീസിലോ ജിന്നിന് വഹ്യ് നൽകിയതായി നാം വായിക്കുന്നില്ല.

ഈ വാദഗതികൾ വ്യക്തമാക്കുന്ന ഒരു കാര്യം ഖുർആനിൽ പറയുന്ന, നബിതിരുമേനിയിൽ വിശ്വസി ച്ച ജിന്ന് ആകാശീയ (ഈതറൽ) ജിന്ന് അല്ല എന്നാ ണ്. അത്തരത്തിലുള്ള ജിന്ന് ഒരു പ്രവാചകനേയോ, ശരീഅത്ത് നിയമത്തേയോ പിന്തുടരാൻ കഴിയാത്ത വ്യത്യസ്ത സൃഷ്ടിയാണ്. മനുഷ്യർക്കുള്ളതുപോ ലൊരു ശരീരം അവയ്ക്കില്ല. മനുഷ്യരെ ഉദ്ദേശിച്ചുള്ള ശരീഅത്ത് അത്തരമൊരു സൃഷ്ടിക്കു പിന്തുടരാൻ കഴി യുകയില്ല. ജിന്ന് പ്രത്യേകതരം സൃഷ്ടിയാണെങ്കിൽ അവയുടെ ശരീഅത്തും വ്യത്യസ്തമായിരിക്കണം. അല്ലാത്തപക്ഷം ഖുർആനിൽ പറയുന്ന എല്ലാ നിയമ ങ്ങളും ഈതറൽ ജിന്നിനും ബാധകമാകണം. അതാ യത് സ്വകാര്യത, സലാം ചൊല്ലൽ, കല്ല്യാണം, തലാ ഖു, പിന്തുടർച്ചാവകാശം തുടങ്ങിയത്. ശരീഅത്തു നിയമം ജിന്നിന് ബാധകമാണോ എന്നതാണ് പിന്നീട് ചോദിക്കാനുള്ളത്. ഇത്തരം കാര്യങ്ങളിൽ പരമ്പരാഗത വിശ്വാസം കൈക്കൊള്ളുന്നവർ, വിവിധ സന്ദർഭങ്ങ ളിൽ അവരുടെ വിശ്വാസങ്ങൾ സൗകര്യപൂർവ്വം മറക്കു കയാണ് ചെയ്യുക. ആകാശീയ (ഈതറൽ)മായ, സ്വന്തം ഉദ്ദേശ്യവും പ്രവർത്തനരീതിയുമുള്ള എന്തെങ്കിലും സൃഷ്ടിപ്പുകൾ ഉണ്ടായേക്കാം എന്നുള്ളത് ഞാൻ നിഷേ ധിക്കുന്നില്ല.

അതെന്തായാലും ശരി ഇവിടെ നബിതിരുമേനി യുടെ അടുക്കൽ വന്ന ജിന്ന് മുസ്ലിംകൾ ആയി. അവർ പർവ്വതവാസികളായിരുന്നു. ചുറ്റുമുള്ള ആളു കൾ അവരെ കാണുന്നതു അവർ ഇഷ്ടപ്പെട്ടിരുന്നില്ല.

അതുകൊണ്ടാണ് രാത്രിസമയം നബി തിരുമേനി(സ)യെ സന്ദർശിക്കാൻ അവർ ഇഷ്ടപ്പെട്ടത്. അവർ മദീനയ്ക്കു പുറത്തു തമ്പടിച്ചു. അപ്പോൾ തീക്കുണ്ഡമുണ്ടാക്കി ഭക്ഷണം പാകം ചെയ്തു. ഇതു അംഗീകരിക്കപ്പെട്ടതാണ്. സ്വഹാബികൾ പിറ്റേദിവസം ആ സ്ഥലം സന്ദർശിച്ചപ്പോൾ സാധാരണ മനുഷ്യരുടെ രീതികളാണ് കണ്ടത്. ഇതു കാണിക്കുന്നത് അവർ സാധാരണ മനുഷ്യർ ആയിരുന്നുവെന്നാണ്. "നോക്കുക നമ്മൾ എത്ര മണ്ടന്മാരാണ്? ദൈവം മറ്റൊരു പ്രവാചകനെ അയക്കുകയില്ലെന്ന് നമ്മൾ കരുതി. നമ്മൾ ഒരു നബിയെ ഇപ്പോൾ കണ്ടതേയുള്ളൂ." എന്നവർ പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ പ്രദേശത്ത് പരസ്യമായി കാണപ്പെടാൻ ആഗ്രഹിക്കാത്ത ഒരു കൂട്ടം ആളുകൾ ആയിരുന്നു അവർ. അതു കൊണ്ടാണവർ രാത്രി വന്ന് വെളുപ്പിനേ പോയത്. ജനങ്ങൾ പുറത്തിറങ്ങുന്നതിനു മുമ്പേ. തീർച്ചയായും അവർ 'മുക്കല്ലഫ് ബി ശ്ശരീഅ' ആയിരുന്നു. അതായത് പ്രവാചകൻ കൊണ്ടുവന്ന സന്ദേശം സ്വീകരിക്കുന്നതിനും അതിന്നുത്തരം നൽകുന്നതിനും അവർ ബാധ്യസ്ഥരായിരുന്നു. അതിനാൽ അവർ നിശ്ചയമായും മനുഷ്യർ തന്നെയായിരിക്കണം. ജിന്ന് എന്ന പദം വലിയ ആളുകൾക്കും പറയും. മറഞ്ഞിരിക്കുകയും പരുക്കൻ പ്രകൃതവും, സമരോൽസുക സ്വഭാവവുമുള്ള മലവാസികളേയും ജിന്ന് എന്ന് പറയും. ഇത്തരം ആളുകളെയെല്ലാം ജിന്ന് എന്ന് പറയാം.

എന്റെ അഭിപ്രായത്തിൽ മനുഷ്യപ്രകൃതത്തിലോ മാലാഖ പ്രകൃതത്തിലോ അല്ലാത്ത ഒരു പ്രത്യേക സൃഷ്ടിപ്പ് ഉണ്ടായേക്കാം. അതിനെ ജിന്നെന്ന് പറഞ്ഞേക്കാം. എന്നാൽ, ഒരുവേദഗ്രന്ഥത്തിലും അവയ്ക്കുമേൽ പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്നോ, മനുഷ്യപ്രവാചകന്മാർ അവർക്ക് സന്ദേ ശം നൽകിയിട്ടുള്ളതാണെന്നോ യാതൊരു തെളിവുമില്ല. ആയതിനാൽ അവർക്ക് ശരീഅത്തു ബാധകമല്ല.

പരിശുദ്ധ ഖുർആൻ പറയുന്നു:

*"ജിന്നിന്റേയും ഇൻസിന്റേയും സമൂഹമേ, എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുകയും ഈ നാളിനെ കണ്ടുമുട്ടുന്നത് സംബന്ധിച്ചു നിങ്ങൾക്കു 'മുന്നറിയിപ്പ്' നൽകുകയും ചെയ്യുന്ന നിങ്ങളിൽനിന്നുള്ള ദൂതന്മാർ നിങ്ങൾക്ക് 'വന്നിട്ടില്ലേ'? (എന്ന് പുനരുത്ഥാനനാളിൽ അല്ലാഹു ചോദിക്കും). അവർ പറയും: "ഞങ്ങൾക്കെതിരായി ഞങ്ങൾ തന്നെയിതാ സാക്ഷ്യം വഹിക്കുന്നു. (അപ്പോൾ) ഐഹികജീവിതം അവരെ വഞ്ചിച്ചു (എന്ന് അവർക്ക് ബോധ്യമാകും). തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർക്കെതിരായി അവർ തന്നെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്."* (6-131)

ഈ സൂക്തം ജിന്നിനേയും ഇൻസിനേയും പറ്റി പറയുന്നുണ്ടെങ്കിലും സയ്യിദ് ഹിൽമി അൽ ശാഫി സാഹിബ് (ചോദ്യോത്തരസദസ്സിലെ ഈജിപ്തുകാരനായ ഒരു അംഗം) നൽകിയ വ്യാഖ്യാനം മാത്രമാണ് സ്വീകാര്യമായത്. അദ്ദേഹം പറയുന്നത് ഈ സൂക്തത്തിൽ പറയുന്ന ജിന്ന് മനുഷ്യർ തന്നെയാണെന്നാണ്. എന്തുകൊണ്ടെന്നാൽ ജിന്നിനും ബശറിനും പ്രത്യേകം നബിമാരെ അയച്ചതായി ഖുർആനിൽ എവിടെയും പറയുന്നില്ല. വിധി നിർണ്ണയദിനത്തിൽ ജിന്നുകളേയും ഇൻസുകളേയും പ്രത്യേകം പ്രത്യേകം ഹാജരാക്കുമെന്ന് (ചോദ്യം ചെയ്യാൻ) ഖുർആനിൽ തെളിവില്ല. ഇതിൽ നിന്ന് മനസ്സിലാക്കുന്നതു ജിന്നുകളുടെ സമൂഹമേ എന്ന സംബോധന കൊണ്ട് മനുഷ്യരിൽ ഒരു വിഭാഗത്തേയാണ് ഉദ്ദേശിക്കുന്നത് എന്നാണ്.

ഇപ്രകാരമുള്ള ഖുർആനിലെ മറ്റു സൂക്തങ്ങൾ സൂചിപ്പിക്കുന്നത് അവിടെ സംബോധനം ചെയ്യുന്ന ജനങ്ങൾ ആകാശീയ (ഈതറൽ) രൂപത്തിലുള്ള സൃഷ്ടിയല്ല, മറിച്ചു യഥാർത്ഥത്തിൽ മനുഷ്യർ തന്നെയാണെന്നാണ്. സൂറ റഹ്മാനിലെ മറ്റൊരു സൂക്തം കാണുക:

*"ജിന്നിന്റേയും ഇൻസിന്റേയും സമൂഹമേ, ആകാശങ്ങളുടേയും ഭൂമിയുടേയും മേഖലകളെ അതിലംഘിച്ച് അപ്പുറം കടക്കാൻ നിങ്ങൾക്കു കഴിയുമെങ്കിൽ നിങ്ങൾ കടന്ന് പോയ്ക്കൊള്ളുക. തെളിവോടു കൂടിയല്ലാതെ നിങ്ങൾ കടന്നുപോവുകയില്ല. അപ്പോൾ നിങ്ങളിരുകൂട്ടരുടേയും നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനേയാണ് നിങ്ങൾ നിഷേധിക്കുന്നത് "* (ഖുർആൻ 55 – 34, 35)

ഇവിടെ ജിന്നുകളുടേയും ഇൻസുകളുടേയും സമൂഹമേ എന്നതുകൊണ്ട് എന്താണു ഉദ്ദേശിക്കുന്നത്? മേൽ ഉദ്ധരിച്ച രണ്ടായത്തുകളിലേയും അർത്ഥം ഒന്നു തന്നെയാണ്. ഖുർആന്റെ ശൈലിയനുസരിച്ച് ജിന്ന് എന്ന പദത്തിന് ബൂർഷ്വ, കാപ്പിറ്റലിസ്റ്റ്, അധികാരവും സ്വാധീനവുമുള്ളവർ, വലിയ രാഷ്ട്രങ്ങൾ എന്നൊക്കെ അർത്ഥം പറയാം. അതേസമയം ഇൻസ് എന്നതിന് പ്രൊലീറ്റേറിയറ്റ്, സാധാരണക്കാർ, ബഹുജനങ്ങൾ, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ എന്നു പറയാം. ഈ രണ്ടു കൂട്ടർക്കും നേതാക്കന്മാരുണ്ട്.

ഈ നൂറ്റാണ്ടിൽ ലോകം രണ്ട് ചേരിയായി തിരിഞ്ഞു. മുതലാളിത്ത ചേരിയും ബഹുജനചേരിയും. രണ്ട് ചേരിയിലും നേതാക്കന്മാരുണ്ടായി. ഇവിടെ ഉദ്ദേശിക്കുന്നത് അധികാരവും സ്വാധീനവും ഉള്ളവരും, സാധാര

ണക്കാരുടെ നേതാക്കളും എന്നാണ്. സമ്പന്നരാഷ്ട്രങ്ങളും, ദരിദ്രരാഷ്ട്രങ്ങളുടെ നേതാക്കളും. ഖുർആന്റെ 6-131 എന്ന വചനത്തിൽ പറയുന്നത് രണ്ട് കൂട്ടരിലും പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്നാണ്. ഏതു വിഭാഗത്തിൽപ്പെട്ടവരായാലും, ഇത്തരുണത്തിൽ ഞാൻ കുരുതുന്നത് ഇത് മാത്രമാണിവിടെ കരണീയമായിട്ടുള്ള വ്യാഖ്യാനം എന്നാണ്. 55-ാം അദ്ധ്യായം 34-ാം സൂക്തവും ജിന്നിനേയും ഇൻസിനേയും പറ്റി പറയുന്നു. മനുഷ്യരിലെ രണ്ടു വിഭാഗങ്ങളെയാണത് സൂചിപ്പിക്കുന്നത്. ആകാശത്തിന്റേയും ഭൂമിയുടേയും അതിരുകൾ ലംഘിച്ച് പോകാൻ പറ്റുന്ന ഒരു കാലത്തെപ്പറ്റി ചിന്തിക്കാൻ മനുഷ്യന് കഴിയുന്ന ഒരു സന്ദർഭത്തെപ്പറ്റിയാണ് അത് സൂചിപ്പിക്കുന്നത്. മനുഷ്യന് അതിന് കഴിയാത്തിടത്തോളം ഖുർആന്റെ ഈ വെല്ലുവിളി നിരർത്ഥകമായിത്തീരുന്നു. അതുകൊണ്ടതു ഭാവിയിലേക്കുള്ളൊരു വെല്ലുവിളിയാണ്. (ജിന്ന് ഒരമാനുഷിക സൃഷ്ടിയാണെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ) ഒരുപക്ഷേ, ജിന്നിന് ആകാശഭൂമികളുടെ പരിധി ലംഘിക്കാൻ സാധ്യമാണ് എന്ന് പറയപ്പെടും. പക്ഷേ, മനുഷ്യന് അടുത്തകാലം വരെ ഒരു നിശ്ചിത ഉയരത്തിനപ്പുറം പോകാൻ കഴിഞ്ഞിട്ടില്ല. മുൻകഴിഞ്ഞ തലമുറകളുടെ കൈയിൽ ഇതിനുവേണ്ടിയുള്ള എന്തൊരു സംവിധാനമാണുണ്ടായിരുന്നത്? വിമാനങ്ങൾ പോലും ആ കാലങ്ങളിൽ ഇല്ലായിരുന്നു. മനുഷ്യസമൂഹം പ്രപഞ്ചത്തിന്റെ അതിരുകൾ ലംഘിച്ച് പോകാൻ ശ്രമിക്കുന്നുവെങ്കിൽ, അവർക്കതിന് ശ്രമിക്കാം. *(അക്താരിസ്സമാവാത്തി വൽ അർള്)* എന്നാൽ ഈ ഉദ്യമത്തിൽ തീർച്ചയായും അവൻ പരാജയപ്പെടും എന്ന് തന്നെയാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്. എന്തുകൊണ്ടെന്നാൽ ഖുർആൻ പറയുന്നു:

*"നിങ്ങൾക്കെതിരിൽ തീജ്വാലയും ധൂമവും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് സ്വയം സഹായിച്ചു രക്ഷപ്പെടാൻ സാധിക്കുകയില്ല"* (55-36). അതായത്, നിങ്ങൾ പ്രപഞ്ചത്തിന്റെ പരിധി ലംഘിച്ചുപോവുകയാണെങ്കിൽ തീ നിങ്ങളുടെ മേൽ അയക്കപ്പെടുകയും അതിർത്തി ലംഘിക്കാൻ കഴിയാതാവുകയും ചെയ്യും. ഈ വാക്യം ഭാവി കാലഘട്ടത്തെ വിരൽ ചൂണ്ടുന്നു, മനുഷ്യസമൂഹം രണ്ട് ചേരിയാവുന്ന കാലഘട്ടം. അധികാരവും സ്വാധീനവും ഉള്ളവരും, സാധാരണക്കാരും ബൂർഷ്വാസിയും, പ്രൊലിറ്റേറിയറ്റും മുതലാളിത്ത്വവും സോഷ്യലിസവും രണ്ടുകൂട്ടരും ചന്ദ്രനിലും, ചൊവ്വയിലും, അതിനപ്പുറവും പോകാൻ ശ്രമിക്കും, അവർ പ്രപഞ്ചത്തിന്റെ അതിർത്തി കടക്കാൻ ശ്രമിക്കും, എന്നത് ഒരു പ്രവചനമാണ്. ഖുർആൻ *"അക്താറുൽ അർള്"* എന്ന വാക്കുകൾ ഉപയോഗിക്കുന്നില്ല. അതിന്നർത്ഥം ഭൂമിയുടെ അതിർത്തികൾ എന്നാണ്. ഭൂമിയും ഭൂമിക്കു ചുറ്റുമുള്ള ആകാശവും വളരെ ചെറിയ പ്രദേശമാണ്. അതേസമയം ഖുർആന്റെ വെല്ലുവിളി മുഴു പ്രപഞ്ചത്തെപ്പറ്റിയാണ്. പ്രപഞ്ചത്തിന്റെ അതിർത്തി ലംഘിക്കുക എന്നത് മനുഷ്യനാൽ അസാധ്യമാണെന്നാണ് ഖുർആൻ പറയുന്നത്. അതേസമയം ഖുർആൻ ആദ്യമായി അവതരിപ്പിക്കപ്പെട്ടപ്പോൾ ജിന്നോ, ഇൻസോ ഈ സൂക്തത്തിന്റെയർത്ഥം ശരിയായി മനസ്സിലാക്കിയിട്ടില്ല. എന്നാൽ, ഈ കാലഘട്ടത്തിൽ ഇതിന്റെ യാഥാർത്ഥ്യം നമുക്ക് മനസ്സിലാക്കാം. പ്രകാശവേഗത്തിൽ സഞ്ചരിച്ചാൽ തന്നെ പ്രപഞ്ചത്തിന്റെ അതിർത്തിയിലെത്താൻ നിരവധി വർഷങ്ങളെടുക്കും എന്ന് നമുക്കിപ്പോൾ അറിയാം. (പ്രകാശത്തിന്റെ വേഗം സെക്കന്റിൽ 3 ലക്ഷം കി.മീ. ആണല്ലോ) പ്രപഞ്ചം എല്ലായ്പ്പോഴും വികസിച്ചുകൊണ്ടിരിക്കുകയാണ് എന്ന് വരുമ്പോൾ പ്രശ്നം കൂടുതൽ കൂടുതൽ ആയിക്കൊണ്ടിരിക്കുകയാണ്. ഇതു സൂചിപ്പിച്ചുകൊണ്ടാണ് ഖുർആനിൽ അല്ലാഹു പറയുന്നത് പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്ന്. ഖുർആനിന്റെ 55-ാം അദ്ധ്യായം 34-ാം വചനത്തിന്റെയർത്ഥം ഇതുതന്നെയാണ്. അതുതന്നെയാണ് ശാസ്ത്രജ്ഞന്മാരും പറയുന്നത്. അതു വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചമാണെന്ന്. വാസ്തവത്തിൽ അതൊരു പ്രവചനമാണ്, മഹത്തായ പ്രവചനം. വരാൻ പോകുന്ന കാലത്തെപ്പറ്റിയുള്ള പ്രവചനം, കണ്ടുപിടിത്തങ്ങളുടേയും മനുഷ്യന്റെ അഭിലാഷങ്ങളുടേയും പ്രവചനം. ആ കാലഘട്ടത്തിൽ പ്രപഞ്ചത്തെ വെട്ടിപ്പിടിക്കാൻ മനുഷ്യൻ ഉദ്യമിക്കും. അവൻ അതിൽ പരാജയപ്പെടും എന്നാണ് ഇവിടെ അല്ലാഹു പറയുന്നത്. അത് മനുഷ്യനാൽ സാധ്യമല്ലെന്ന് സാരം.

ചുരുക്കത്തിൽ, ഖുർആനിൽ പറയുന്ന ജിന്ന് നാടോടിക്കഥകളിലെ ജിന്ന് അല്ല. (നേരത്തേ പറഞ്ഞതുപോലെ വലിയ അധികാരവും സ്വാധീനവും ഉള്ള സമൂഹത്തെയാണത് സൂചിപ്പിക്കുന്നത്). നമ്മുടെ കൺമുമ്പിൽ വ്യക്തമായി പ്രത്യക്ഷപ്പെട്ടിട്ടുള്ള വസ്തുതകൾക്കെതിരായി ഖുർആനെ നാം എന്തിന് വ്യാഖ്യാനിക്കണം? പ്രോലിറ്റേറിയറ്റ് വിഭാഗവും, ബൂർഷ്വാ വിഭാഗവും അല്ലെങ്കിൽ കമ്മ്യൂണിസ്റ്റു ചേരിയും മുതലാളിത്ത ചേരിയും ബഹിരാകാശത്തിലെത്താൻ ശ്രമം നടത്തിയിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ജിന്ന് എന്ന പദത്തിന് നൽകുന്ന വിശാലമായ വ്യാഖ്യാനവും, മനു

*(ശേഷം 27 - ൽ)*

ലേഖനം

മുഹമ്മദ് ഉമർ, എച്ച്.എ.
അഡീഷണൽ നാസിർ
ഇസ്‌ലാഹെ ഇർശാദു, ഖാദിയാൻ

# കഴിഞ്ഞ ദശകങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായ ആഗോളനേട്ടങ്ങൾ

### ഇസ്‌ലാമിക പ്രമാണങ്ങളിലും റസൂൽ തിരുമേനി(സ)യിലും പൂർണ്ണമായി വിശ്വസിക്കുന്ന അഹ്മദികൾ ആഗോളവ്യാപകമായി നടത്തുന്ന ഇസ്‌ലാമിക മുന്നേറ്റങ്ങളെപ്പറ്റി ലേഖകൻ വിവരിക്കുന്നു

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇന്ന് 195 രാഷ്ട്രങ്ങളിൽ സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമെത്തിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാരോടും സ്നേഹം ആരോടും വെറുപ്പില്ല എന്നതാണ് ജമാഅത്തിന്റെ മുദ്രാവാക്യം.

ഇസ്‌ലാമിന്റെ സമത്വസുന്ദരവും സമാധാന സമ്പൂർണ്ണവുമായ അദ്ധ്യാപനങ്ങൾ നൂറിൽപരം ഭാഷകളിൽ അഹ്മദിയ്യാ ജമാഅത്ത് ലോകത്തെങ്ങും എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ വരെ ഹദ്റത്ത് റസൂൽ കരിം (സ) തിരുമേനിയെ ഭത്സിക്കുകയും അവഹേളിക്കുകയും ചെയ്തുകൊണ്ടിരുന്ന പാശ്ചാത്യ, ആഫ്രിക്കൻ വൻകരകളിലെ പതിനായിരക്കണക്കിലുള്ള ക്രൈസ്തവർ അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാം മതമാശ്ലേഷിച്ചുകൊണ്ട് ഈ പുണ്യാത്മാവിന്റെ മേൽ സ്വലാത്തും സലാമും ഓതിക്കൊണ്ടിരിക്കുകയാണ്.

എന്നാൽ ഈ ആഗോളപ്രവർത്തനങ്ങൾക്കെതിരിൽ മുസ്‌ലിങ്ങളിൽ ഭൂരിഭാഗവും തങ്ങളുടെ പണ്ഡിതന്മാരുടെ അസത്യപ്രചാരണങ്ങൾ കാരണം അഹ്മദികൾ അമുസ്‌ലിംകളും അവിശ്വാസികളും ഇസ്‌ലാം മതവൃത്തത്തിൽ നിന്ന് പുറംതള്ളപ്പെട്ടവരും മതത്യാഗികളും അഥവാ വധാർഹരുമാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്നവർക്ക് നിദാനമായിപ്പറയുവാനുള്ളത് പാകിസ്താൻ അസംബ്ലിയും റാബിത്തുൽ ആലമിൽ ഇസ്‌ലാമും അഹ്മദികൾ അമുസ്‌ലിംകളും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് അഹ്മദികൾ പുറത്താണെന്ന് കല്പിക്കുന്നുവെന്നാണ്. എന്നാൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച സുൽഫിഖാർ അലി ഭൂട്ടോവിന്റെ അസംബ്ലി അംഗങ്ങളെക്കുറിച്ച് പിന്നീടു പാക്കിസ്താൻ ഗവൺമെന്റു പ്രസിദ്ധീകരിച്ച ധവളപത്രത്തിന്റെ നൂറ്റിമുപ്പതാം ഭാഗത്ത് പറയുന്നു:

"നാഷനൽ, സ്റ്റേറ്റ് അസംബ്ലികളിൽ ഭൂട്ടോവിന്റെ അനുയായികളിൽ ഭൂരിഭാഗവും കുപ്രസിദ്ധരാണ്. അവർ ദുർമ്മാർഗികളും സുഖലോലുപരും ദുർവൃത്തരും കുറ്റവാളികൾക്കും ഗുണ്ടകൾക്കും കള്ളക്കടത്തുകാർക്കും അഭയം നൽകുന്നവരുമാണ്. അവരിൽ ഭൂരിഭാഗത്തെക്കുറിച്ചും പറയപ്പെടുന്നത് ക്രൂരവും ഭയാനകവുമായ കുറ്റകൃത്യങ്ങളിൽപെട്ടവരായിരുന്നുവെന്നാണ്"

അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച പാക്കിസ്താൻ ഭൂട്ടോ അസംബ്ലിയുടെ തനിനിറമാണ് നമുക്കിവിടെ കാണുവാൻ സാധിക്കുന്നത്.

ഈ പ്രശ്നത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിന്നു മുമ്പേ, മുസ്‌ലിമിന്റെ നിർവചനമെന്താണ്? ആരാണു മുസ്‌ലിം? മുസ്‌ലിമിന്നുണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തൊക്കെയാണ്? മതത്യാഗം എന്നതു കൊണ്ടുള്ള വിവക്ഷിതമെന്ത്? മതത്യാഗി വധാർഹനാണോ? എന്നീ കാര്യങ്ങളെക്കുറിച്ചു അല്പം ചിന്തിക്കാം.

1953ൽ പാക്കിസ്താനിൽ നടന്ന അഹ്മദിയ്യാ വിരുദ്ധ കലാപത്തിൽ ജസ്റ്റിസ് മുനീർ, ജസ്റ്റിസ് കയാനി എന്നിവരുടെ നേതൃത്വത്തിലുള്ള അന്വേഷണക്കമ്മീഷ

നിൽ വിവിധ ജമാഅത്തുകളുമായി ബന്ധപ്പെട്ട ഉലമാക്കളോട് മുസ്‌ലിം എന്ന വാക്കിന്റെ നിർവചനം എന്താണെന്നു ചോദിച്ചപ്പോൾ അവർക്കൊന്നും ഏകോപിച്ച ഒരു അഭിപ്രായം പറയുവാൻ സാധിച്ചിരുന്നില്ല. ഒരു പണ്ഡിതൻ പറഞ്ഞത് ഇസ്‌ലാം എന്ന വാക്കിന്നുള്ള വിശദീകരണത്തിന്നും വിശകലനത്തിന്നും സമയം ആവശ്യമാണെന്നാണ്. അതിന്നുള്ള മറുപടിയായി കമ്മീഷൻ ചോദിച്ചത്, ഈ വാക്കിന്റെ നിർവചനത്തിന്ന് 1400 വർഷങ്ങൾ പോരേ എന്നായിരുന്നു.

ഇനി അന്വേഷണക്കമ്മീഷന്റെ റിപ്പോർട്ട് എന്താണെന്നു നോക്കാം. "ഒരാൾ മുസ്‌ലിമാണോ അമുസ്‌ലിമാണോ എന്ന പ്രശ്നം അടിസ്ഥാനപരമായി വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്. അതുകൊണ്ടാണ് ഞങ്ങൾ പ്രസിദ്ധരായ എല്ലാ ഉലമാക്കളോടും മുസ്‌ലിമിന്റെ നിർവ്വചനം എന്താണെന്ന് ചോദിച്ചത്. അഹ്മദികളെ വിവിധ വിഭാഗങ്ങളിൽ പെട്ട ഉലമാക്കൾ കാഫിർ എന്നും അമുസ്‌ലിം എന്നും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറന്തള്ളപ്പെട്ടവർ എന്നും കരുതുമ്പോൾ അവരുടെ ബുദ്ധിയിൽ പ്രസ്തുത തീരുമാനത്തിന്ന് വ്യക്തമായ കാരണങ്ങൾ ഉണ്ടായിരിക്കണമല്ലൊ. മാത്രമല്ല, മുസ്‌ലിം എന്ന പദത്തിന്റെ നിർവചനവും അവർ അറിഞ്ഞിരിക്കേണമല്ലോ. എന്നാൽ, ഇതു സംബന്ധിച്ച് ഞങ്ങളുടെ അന്വേഷണഫലം ഒട്ടും തൃപ്തികരമല്ല. ഏറ്റവും സാധാരണവും ലഘുവും ആയ ഈ വിഷയത്തിൽത്തന്നെ ഇത്രയധികം ആശയക്കുഴപ്പങ്ങളും അഭിപ്രായവ്യത്യാസങ്ങളും കാണപ്പെടുമ്പോൾ ഇതിനേക്കാൾ ഗൗരവമേറിയ പ്രശ്നങ്ങളെക്കുറിച്ചുള്ള ഇവരുടെ അഭിപ്രായഭിന്നതകൾ എത്രമാത്രം ദുരൂഹതകൾ നിറഞ്ഞതായിരിക്കും എന്നൂഹിക്കുവാനേയുള്ളൂ (അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് പേജ് 231-232)

റിപ്പോർട്ടു വീണ്ടും പറയുന്നു:

ഇസ്‌ലാം മതവുമായി ബന്ധപ്പെട്ട, രണ്ടുപണ്ഢിതന്മാർ പോലും അടിസ്ഥാനപരമായ ഈ വിഷയത്തിൽ ഏകാഭിപ്രായക്കാരല്ല. ഓരോ ആലിമും ചെയ്തതുപോലെ ഞങ്ങളും സ്വന്തമായി മുസ്‌ലിം എന്ന വാക്കിന് നിർവചനം നല്കുകയാണെങ്കിൽ ആ നിർവചനം ഈ ഉലമാക്കൾ നൽകിയ നിർവചനത്തിന്നെതിരാവുകയാണെങ്കിൽ ഈ പണ്ഡിതന്മാരെല്ലാം ഞങ്ങളെയും ഇസ്‌ലാമികവൃത്തത്തിൽ നിന്ന് പുറന്തള്ളപ്പെട്ടവരായി പ്രഖ്യാപിക്കുമായിരുന്നു. അതേപ്രകാരം ഞങ്ങൾ പ്രസ്തുത ഉലമാക്കളിൽ ഏതെങ്കിലും ഒരാളുടെ അഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ ഇതര ഉലമാക്കൾ ഞങ്ങളെ കാഫിറാക്കിത്തള്ളുമായിരുന്നു. (പേജ് 235-236)

അതുകൊണ്ട് അഹ്മദികളെ അമുസ്‌ലിമായിക്കരുതി, അവരെ ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറന്തള്ളപ്പെട്ടവരായി പ്രഖ്യാപിക്കുന്ന ഉലമാക്കളോടും അവരുടെ സിൽബന്ധികളോടും ഞങ്ങൾക്ക് പറയുവാനുള്ളത്, ആദ്യം ഇസ്‌ലാം, മുസ്‌ലിം എന്നീ വാക്കുകൾക്കുള്ള നിർവചനമെന്താണെന്നു പഠിച്ചു വരിക എന്നാണ്.

ഇനി മുസ്‌ലിം എന്ന വാക്കിന് ഇസ്‌ലാം മതസ്ഥാപകർ ഹദ്റത്ത് റസൂൽ കരിം (സ) നൽകുന്ന നിർവചനമെന്താണെന്നു നോക്കാം. മദീനയിൽ കാനേഷുമാരി എടുക്കപ്പെട്ട സന്ദർഭത്തിൽ ഹദ്റത്ത് നബി തിരുമേനി (സ.അ.) നിർദ്ദേശിച്ചിരുന്നത് ജനങ്ങളിൽ നിന്ന് ആരാണ് തന്റെ വായ് കൊണ്ടു താൻ ഒരു മുസ്‌ലിം ആണെന്നു പറയുന്നത്, അയാളുടെ പേര് തനിക്ക് വേണ്ടി എഴുതുക എന്നാണ്. ഇവിടെ ഫക്തുബൂലി, എനിക്കുവേണ്ടി എഴുതുക എന്ന വാക്ക് വളരെ പ്രിയങ്കരമായ ഒന്നാണ്. അതായത് മറ്റാർക്കും ഈ നിർവചനം സ്വീകാര്യമാകുന്നില്ലെങ്കിലും എനിക്കത് സ്വീകാര്യമാണ്. ഒരു മുസ്‌ലിമിന്നുവേണ്ടി താനിഷ്ടപ്പെടുന്ന നിർവചനമാണിത്.

മറ്റൊരു നിർവചനം സഹീഹ് ബുഖാരി കിതാബുസ്സ്വലാത്തിൽ ഇപ്രകാരം കാണപ്പെടുന്നു:

*'മൻ സ്വല്ല സ്വലാത്തനാ വസ്തഖ്ബല ഖിബിലത്തനാ വ അകല ദബീഹത്തനാ ഫദാലിക്കൽ മുസ്‌ലിം അല്ലദീ അലൈഹി ദിമ്മത്തുല്ലാഹി വ റസൂലിഹി'*

ഏതൊരാൾ ഞങ്ങളെപ്പോലെ നിസ്കരിക്കുകയും ഞങ്ങളുടെ ഖിബ്‌ലയെ നോക്കി നിസ്കരിക്കുകയും ഞങ്ങൾ തിന്നുന്നത് ഭക്ഷിക്കുകയും ചെയ്യുന്നുവോ അയാൾ മുസ്‌ലിമാണ്. അയാളുടെ സംരക്ഷണച്ചുമതല അല്ലാഹുവിന്റേതും അവന്റെ റസൂലിന്റേതുമാണ്.

ഹദ്റത്ത് റസൂൽ കരിം(സ)യുടെ പ്രിയങ്കരനായ സ്വഹാബി ഹദ്റത്ത് ഉസാമ(റ)യുമായി ബന്ധപ്പെട്ട സംഭവം സുപ്രസിദ്ധമാണ്.

ഒരു യുദ്ധാവസരത്തിൽ ഹദ്റത്ത് റസൂൽ തിരുമേനി (സ)യുടെ പ്രിയങ്കരനായ ഒരു സഹാബി ഹദ്റത്ത് ഉസാമാബിൻ ഹാരിസിനെ വധിക്കുവാൻ തക്കം പാർത്തുകൊണ്ടിരുന്ന ഒരു ശത്രുവിനെ അദ്ദേഹം പിടിച്ചു കീഴ്പ്പെടുത്തി വധിക്കുവാൻ തുനിഞ്ഞപ്പോൾ അവൻ പരിശുദ്ധ കലിമ ഉച്ചരിക്കുകയുണ്ടായി. തന്റെ വാളിൽ നിന്ന് രക്ഷപ്പെടുവാനാണ് ഇവൻ കലിമ ഉച്ചരിച്ചതെന്നു കരുതിയ ഹദ്റത്ത് ഉസാമാ (റ) അവനെ തന്റെ വാളിന്നിരയാക്കി വധിച്ചുകളഞ്ഞു. താൻ ചെയ്ത ഈ

കൃത്യം വളരെ സന്തോഷത്തോടുകൂടി അദ്ദേഹം ഹദ്റത്ത് റസൂൽ തിരുമേനി(സ)യെ അറിയിച്ചപ്പോൾ തിരുനബി(സ) വളരെ ദേഷ്യപ്പെട്ടു. ഹദ്റത്ത് തിരുമേനി (സ) ഹദ്റത്ത് ഉസാമയോടു ആവർത്തിച്ചാവർത്തിച്ച് 'നീ അവന്റെ ഹൃദയം പിളർന്ന് നോക്കിയിരുന്നോ' എന്ന് ക്രോധത്തോടെ ഉരുവിട്ടുകൊണ്ടിരുന്നു.

അതേപ്രകാരം കോടിക്കണക്കിന് അഹ്മദികൾ തങ്ങൾ മുസ്ലിംകളാണെന്ന് ആണയിട്ടു പറഞ്ഞിട്ടും മുസ്ലിംകളാണെന്ന് തങ്ങളുടെ ജീവിതചര്യകൾ കൊണ്ടു തെളിയിച്ചിട്ടും നിങ്ങൾ മുസ്ലിംകളായ കാഫിറുകളാണെന്ന് മുറയിട്ടുകൊണ്ടിരിക്കുന്ന മുല്ലാക്കളോടും അവരുടെ സിൽബന്ധികളോടും ഞങ്ങൾ അന്ത്യനാളിൽ മഹ്ശറയിൽ വെച്ചു, നിങ്ങൾ ഞങ്ങളുടെ ഹൃദയങ്ങൾ പിളർന്നുനോക്കിയിരുന്നുവോ എന്നു ചോദിക്കുമ്പോൾ അവർക്കെന്തു മറുപടിയാണു പറയുവാനുണ്ടാവുക?

ഞങ്ങൾക്ക് അവരോടു ചോദിക്കുവാനുള്ളത് കുഫ്ർ എന്ന വാക്കിന്റെ അർത്ഥം നിരാകരിക്കുക, നിഷേധിക്കുക എന്നാണ്. അഹ്മദികളായ ഞങ്ങൾ ആരെയാണ് നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്യുന്നത്? ആറ് ഈമാൻ കാര്യങ്ങളിൽ വിശ്വസിക്കുകയും അഞ്ച് ഇസ്ലാം കാര്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന ഞങ്ങൾ എങ്ങനെയാണ് നിഷേധികളായിത്തീരുന്നത്? ഞങ്ങൾ ഹദ്റത്ത് റസൂൽ തിരുമേനി (സ)യുടെ പ്രവചനങ്ങൾക്കനുസരിച്ച് അവതീർണ്ണരായ ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹിനെ വിശ്വസിക്കുകയാണു ചെയ്തിരിക്കുന്നത്. അതെങ്ങനെ കുഫ്റായിത്തീരും? നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്തത് നിങ്ങളല്ലേ?

ഞങ്ങൾ ഹദ്റത്ത് അഹ്മദ് (അ)നെ വാഗ്ദത്ത മഹ്ദീ മസീഹായി വിശ്വസിച്ചാദരിക്കുന്നവരാണ്. അദ്ദേഹം ഇസ്ലാമിൽ നിന്ന് വിഭിന്നമായ പുതിയൊരു വിശ്വാസപ്രമാണമോ ജീവിതചര്യയോ നമ്മുടെ മുമ്പാകെ വയ്ക്കുന്നില്ല. അദ്ദേഹം അരുൾ ചെയ്യുന്നു:

"അല്ലാഹു ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ആത്മീയാനുഗ്രഹങ്ങളുടെ പരിപൂർണ്ണത സ്ഥാപിക്കുന്നതിന്നായി എനിക്കീസ്ഥാനം തന്നനുഗ്രഹിച്ചു. അതായത്, ആ പുണ്യാത്മാവിന്റെ ഔദാര്യമാകുന്ന അനുഗ്രഹം എന്നെ നുബുവ്വത്തിന്റെ സ്ഥാനത്തെത്തിച്ചു. അതുകൊണ്ടു ഞാൻ നബിയെന്നു മാത്രമല്ല, ഒരു വശത്ത് നബിയെന്നും ഒരു വശത്ത് ഉമ്മത്തിയെന്നും പറയപ്പെട്ടു. എന്റെ നുബുവ്വത്ത് ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടെ പ്രതിച്ഛായയാണ്. (പുതിയ ശരീഅത്തോടുകൂടിയ പ്രവാചകത്വമല്ല. പരി). അതുകൊണ്ടാണ് ഹദീസിലും എനിക്കുണ്ടായ ദിവ്യവെളിപാടിലും എന്റെ നാമം നബിയെന്ന് വെച്ചതോടൊപ്പം എന്റെ നാമം ഉമ്മത്തിയെന്നും വെക്കുകയുണ്ടായത്. ഓരോ പരിപൂർണ്ണതയും എനിക്കു റസൂൽ തിരുമേനി(സ)യുടെ അനുധാവനത്തിലും ആ പുണ്യാത്മാവ് മുഖേനയുമാണ് ലഭ്യമായതെന്നറിയുന്നതിന്നാണിത്. (ഹഖീഖത്തുൽ വഹ്യ് അടിക്കുറിപ്പ് ഭാ : 154)

ഇനി മതത്യാഗി വധാർഹനാണോ? അവന്ന് ഇസ്ലാം എന്താണ് ശിക്ഷ വിധിച്ചിരിക്കുന്നത്? അങ്ങനെ വധശിക്ഷ വിധിക്കുന്നുവെങ്കിൽ ആ ശിക്ഷ നടപ്പാക്കാനുള്ള അധികാരം ആർക്കാണുള്ളത്? എന്നീ കാര്യങ്ങൾ ഇവിടെ വിശകലനം ചെയ്യാം.

ഇർതിദാദ് അഥവാ മതത്യാഗം എന്ന വാക്കിന്റെ അർത്ഥവും നിർവചനവും എന്താണെന്നു ആദ്യമായി നോക്കാം.

ഹദ്റത്ത് ഇമാം റാഗിബ് തന്റെ മുഫ്റദാത്ത് എന്ന ഗ്രന്ഥത്തിൽ പറയുന്നു: ഇർതിദാദു എന്ന പദം കുഫ്റിലേക്ക് തിരിച്ചു ചെല്ലുന്നതിന്നായി മാത്രം പ്രയുക്തമാണ്. അങ്ങനെ കുഫ്റിലേക്ക് തിരിച്ചു ചെല്ലുന്നവർക്ക് വധശിക്ഷയാണെന്ന് ഖുർആനിലെവിടെയും വിധിക്കുന്നില്ല. അവർക്ക് ശിക്ഷ നൽകുവാനുള്ള അധികാരം അല്ലാഹുവിന്നു മാത്രമാണ്. അതിന്നുള്ള അധികാരം ഏതെങ്കിലും ഒരു ജമാഅത്തിന്നോ സംഘടനക്കോ ഭരണകൂടത്തിനോ അല്ലാഹു ഏല്പിച്ചുകൊടുത്തിട്ടില്ല. തദ്വിഷയകമായി ചില ഖുർആൻ വചനങ്ങൾ ചുവടെ ചേർക്കുന്നു:

"വിശ്വസിച്ചവരേ, നിങ്ങളിൽ നിന്നു ആരെങ്കിലും തന്റെ മതം വിട്ടു പുറത്തുപോകുന്നതായാൽ അല്ലാഹു മറ്റൊരു ജനതയെ പകരം കൊണ്ടുവരുന്നതാണ്. അവൻ അവരെ സ്നേഹിക്കും അവർ അവനേയും സ്നേഹിക്കും. അവർ സത്യവിശ്വാസികളുടെ നേരെ കാരുണ്യമുള്ളവരും അവിശ്വാസികൾക്കെതിരിൽ ദൃഢചിത്തരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യും. ഒരാക്ഷേപകന്റെയും ആക്ഷേപത്തെ അവർ ഭയപ്പെടുകയില്ല. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. താൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നൽകുന്നു. അല്ലാഹു ഔദാര്യത്തിൽ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനും ആകുന്നു.' (5:55) (തുടരും)

മുഹമ്മദ് ഇസ്മായിൽ എച്ച്.എ.

ലേഖനം

# ചരിത്രഗതി മാറ്റുന്ന ലോകനായകൻ

**യുഗപ്രഭാവനായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വാഗ്ദത്ത മസീഹി(അ)ന്റെ ഒരു പ്രവചന സാക്ഷാത്ക്കാരമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ ഭൂമിയുടെ കോണുകളിലേക്കെത്തിച്ച ചരിത്രനായകനായിരുന്നു അദ്ദേഹം.**

"അദൃശ്യകാര്യങ്ങൾ അറിയുന്നവൻ! തന്റെ ദൂതനല്ലാതെ മറ്റാർക്കും അവന്റെ രഹസ്യം അവൻ വെളിവാക്കുന്നില്ല."

വിശുദ്ധ ഖുർആനിലെ എഴുപത്തിരണ്ടാമത്തെ അധ്യായം ഇരുപത്തിയേഴാം സൂക്തത്തിൽ അല്ലാഹു വ്യക്തമാക്കിയ ഒരു തത്ത്വമാണിത്. ഇതാവട്ടെ, അല്ലാഹുവിന്റെ പ്രചലിതമായൊരു നിയമവുമാണ്, ഇതിനുള്ള ഒന്നിലധികം തെളിവുകൾ വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. അത്യന്തം വ്യാകീർണവും സങ്കീർണവുമായ കാലഘട്ടങ്ങളിലാണ് ധർമസംസ്ഥാപനത്തിന്നായി ഭൂമിയിൽ പ്രബോധകൻമാരെ അല്ലാഹു നിയോഗിക്കുന്നത്. അവരുടെ സത്യത്തിനും ദൗത്യത്തിനുമുള്ള തെളിവെന്നോണം നിരവധി അദൃശ്യകാര്യങ്ങൾ അല്ലാഹു അവർക്കു അനാവരണം ചെയ്തു കൊടുക്കുന്നു; അവ കൃത്യമായിത്തന്നെ പുലർന്നുകൊണ്ട് അവർക്ക് സാക്ഷ്യമായിത്തീരുകയും ചെയ്യുന്നു.

എല്ലാ പ്രവാചകന്മാരും തങ്ങളുടെ കാലത്തും പിന്നീടും നടന്നേക്കാനിടയുള്ള കാര്യങ്ങളെക്കുറിച്ച് ദീർഘദർശനം നടത്തീട്ടുണ്ട്. ഇവയെ പ്രവചനമെന്നു പറയുന്നു. തങ്ങൾക്ക് അല്ലാഹു അറിയിച്ചുകൊടുത്ത അദൃശ്യകാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പ്രവചനങ്ങൾ ജനങ്ങളുടെ മുൻപിൽ അവർ അവതരിപ്പിച്ചത്. ആത്മാർത്ഥവും സൂക്ഷ്മവുമായ പരിശോധന നടത്തുന്നപക്ഷം ഈ പ്രവചനങ്ങളെല്ലാം അത്ഭുതകരമായ കൃത്യതയോടെ പുലർന്നതായി കാണാൻ കഴിയും.

പ്രവാചക പ്രഭുവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) നടത്തിയ അനേകം പ്രവചനങ്ങളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഒരു സമുദ്ധാരകൻ പ്രത്യക്ഷപ്പെടുമെന്നത്. ഇമാം മഹ്ദിയായി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആഗതനായതോടുകൂടി പ്രസ്തുത പ്രവചനം അക്ഷരാർഥങ്ങളിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്തു. ഇമാം മഹ്ദി പ്രത്യക്ഷപ്പെടുമെന്ന പ്രവചനം മാത്രമല്ല, നബി തിരുമേനി(സ) വെളിപ്പെടുത്തിയത്. ഇമാം മഹ്ദിയുടെ കാലഘട്ടത്തെക്കുറിച്ചും ഇമാം മഹ്ദിയുടെ സ്വഭാവത്തെക്കുറിച്ചുപോലും പ്രവചനത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. 'രണ്ടു മഞ്ഞപ്പുതപ്പുകൾ' എന്ന പ്രവചനാംശം പോലും സന്തതസഹചാരിയായി മാറിയ രണ്ടു രോഗങ്ങളിലൂടെ എത്ര വിസ്മയകരമായി പുലർന്നുവെന്ന് നാം കണ്ടു കഴിഞ്ഞതാണ്.

ഇതെല്ലാം പ്രവാചകന്മാരുടെ വ്യക്തിപരമായ കഴിവോ അമാനുഷികമായ പ്രതിഭയോ അല്ല. 'ഞാൻ മനുഷ്യൻ മാത്രമാണ്' എന്ന് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ നബി(സ) തിരുമേനി പ്രവാചകന്മാർക്ക് അമാനുഷികമായ കഴിവുകളൊന്നുമില്ലായെന്നു വ്യക്തമാക്കീട്ടുണ്ട്. അല്ലാഹു തന്റെ ഒരു പ്രത്യേകനിയമത്തിലൂടെ വരും കാല സംഭവങ്ങളെക്കുറിച്ചുള്ള രൂപം തന്റെ വരിഷ്ഠദാസർക്ക് നല്കുകയാണ് ചെയ്തിട്ടുള്ളത്. 'അല്ലാഹു അറിയിച്ചതല്ലാതെ' തങ്ങളുടെ കാലത്തെ ജനങ്ങളെ പ്രവാചകന്മാർ ഒന്നുംതന്നെ അറിയിക്കുന്നുമില്ല. അവന്റെ രഹസ്യം അവൻ

തന്റെ ദൂതന്മാർക്കു മാത്രമായി വെളിപ്പെടുത്തിക്കൊടുക്കുന്നു. ഈ സനാതനനിയമപ്രകാരം നടത്തിയ ഒരു പ്രവചനമാണ് ഇമാം മഹ്ദിയുടേത്. അദ്ദേഹം അല്ലാഹുവിൽ നിന്നുള്ള സത്യാത്മാവാണെ ന്നതിന്റെ ഏറ്റവും വലിയ സാക്ഷ്യം ഈ പ്രവചനം തന്നെയാണ്. ഈ പ്രവചനത്തിന്റെ സജീവാക്ഷരങ്ങളിലൂടെ ഇതിന്റെ ആത്മാവ് കണ്ടെത്താൻ ശ്രമിക്കുന്ന ആർക്കും ഈ പ്രവചനത്തിലൂടെ ഖാദിയാൻ എന്ന ഗ്രാമവും അവിടെ ആഗതരായ ഹ: മിർസാ ഗുലാം അഹ്മദിന്റെ (അ) ശാന്തസ്വരൂപവും ദർശിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

## ഇമാം മഹ്ദിയുടെ പ്രവചനം

1886 ജനുവരി ആദ്യം. ദൈവികമായ പ്രചോദനത്തിന്റെ അടിസ്ഥാനത്തിൽ ഇമാം മഹ്ദി ഹ: അഹ്മദ് (അ) പഞ്ചാബിലെ ഹോ ശിയാർപൂർ എന്ന സ്ഥലത്തേയ്ക്ക് പര്യടനം നടത്തുകയുണ്ടായി. അവിടെ ഒഴിഞ്ഞ ഒരു ഭവനത്തിൽ ശാന്തമായ അന്തരീക്ഷത്തിൽ അദ്ദേഹം നാൽപത് ദിവസം ധ്യാനനിരതനായി കഴിച്ചുകൂട്ടി. സ്വന്തമാളുകളാലും അന്യരായ ആളുകളാലും അളവില്ലാത്ത വിധം ഇസ്‌ലാം മലിനീകരിക്കപ്പെട്ട ഒരു കാലഘട്ടമായിരുന്നു അതു. ഈ ദുഃസ്ഥിതിയിൽ മനംനൊന്ത്, ഇതിനൊരു പരിഹാരം ഉണ്ടാകാൻ വേണ്ടി സർവലോകസ്രഷ്ടാവും രക്ഷകനുമായ അല്ലാഹുവിന്റെ മുമ്പിൽ തന്നെത്തന്നെ പൂർണാർപണം ചെയ്യുകയായിരുന്നു ആ പുണ്യാത്മാവ്. ഇസ്‌ലാമിന്റെ അഭ്യുത്ഥാനം മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യസാധ്യത്തിന്നായി പേർത്തും പേർത്തും അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.

പ്രാർത്ഥനയ്ക്ക് വിളികേൾക്കുന്നവനാണ് അല്ലാഹുവെന്നതു സുവിദിതമാണ്. ഇമാം മഹ്ദി ആയ ഹദ്റത്ത് അഹ്മദ് (അ) പ്രാർത്ഥിച്ചത് സ്വന്തം കാര്യത്തിന്നായിരുന്നില്ല. ഭൂമിയിലെ സുഖത്തിനോ തന്റെ ജീവിതത്തിലെ സൗകര്യങ്ങൾക്കോ തന്റെ ബന്ധുമിത്രാദികളുടെ ഐശ്വര്യങ്ങൾക്കോ വേണ്ടിയുമായിരുന്നില്ല അദ്ദേഹം തന്റെ സ്രഷ്ടാവിന്റെ വാതിൽ മുട്ടി വിളിച്ചത്. ഏകനും കാരുണികനും സർവ്വശക്തനുമായ അല്ലാഹു അപഹസിക്കപ്പെടുന്ന ഒരു ശാപദേശമായി ഭൂമി മാറിയിരിക്കുന്നു. ഇസ്‌ലാം അതിന്റെ എല്ലാ നൈസർഗികഗുണങ്ങളിൽ നിന്നും ബഹുദൂരം അകന്നിരിക്കുന്നു. അനേകകക്ഷികളായി തന്റെ അനുയായികൾ പിരിയുമെന്നുള്ള നബിതിരുമേനി(സ)യുടെ പ്രവചനവും ഇവിടെ അക്ഷരാർത്ഥത്തിൽ പ്രാവർത്തികമായിരിക്കുന്നു. അവരിൽ വിശുദ്ധ ഖുർആന്റെ ലിപി മാത്രം ബാക്കിയായിരിക്കുന്നു. ഈ ദുരവസ്ഥയ്ക്കെതിരിൽ ഇസ്‌ലാമിനെ സംരക്ഷിക്കാനുള്ള പരിഹാര മാർഗങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടിയായിരുന്നു അദ്ദേഹം ദിനരാത്രങ്ങളിലൂടെ കേണപേക്ഷിച്ചത്.

നിറഞ്ഞ നാൽപത് ദിവസങ്ങൾക്കുശേഷം അല്ലാഹുവിൽ നിന്ന് നിരവധി സുവിശേഷങ്ങൾ ആ ഭക്തദാസന്നു ലഭിക്കുകയുണ്ടായി. അതിൽ പ്രധാനമായ ഒരു പ്രവചനമാണ് ഇവിടെ സ്പർശിക്കുന്നത്. ഇസ്‌ലാമിന്റെ പുനരുദ്ധാരണാർത്ഥം അഹോരാത്രം സഹർഷം പ്രവർത്തിക്കുന്ന ഒരു വിശിഷ്ട പുത്രൻ തനിയ്ക്കു ജാതനാകും എന്നായിരുന്നു ആ പ്രവചനസുവിശേഷം.

## പ്രവചന വിജ്ഞാപനം

1886 ഫെബ്രവരി 20-നു ഇമാം മഹ്ദി ഹദ്റത്ത് അഹ്മദ് (അ) ഒരു വിജ്ഞാപനം വഴി ഈ പ്രവചനസുവിശേഷം തന്റെ അനുയായികളേയും ലോകത്തെതന്നെയും അറിയിക്കുകയുണ്ടായി. തന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തനിക്കു ലഭിച്ച 'അനുഗ്രഹത്തിന്റെ അടയാള'മാ യാണ് ഈ വിജ്ഞാപനം അദ്ദേഹം പ്രസിദ്ധീകരിച്ചത്. ദീർഘനാളത്തെ പ്രാർത്ഥനയുടെ ഫലമായി "വിജയത്തിന്റെ താക്കോൽ" തനിയ്ക്കു ലഭിച്ചതായി ഈ വിജ്ഞാപനത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു. ഈ അടയാളം ശ്രദ്ധിക്കുകയും ഇവയെ സൂക്ഷ്മമായി പിൻപറ്റുകയും ചെയ്യുന്നവർക്ക് ആധ്യാത്മികമായ പുതുജീവൻ ലഭിക്കുമെന്നും സർവശക്തനായ അല്ലാഹുവിന്റെ ഔന്നത്യം വെളിപ്പെടുത്തപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. സത്യം അതിന്റെ എല്ലാ അനുഗ്രഹങ്ങളോടുംകൂടി ശോഭായമാനമായ രീതിയിൽ ജനങ്ങൾക്കു ബോധ്യപ്പെടുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ അടയാളം.

പ്രവചനത്തിലെ പ്രസക്ത ഭാഗം 'സുമുഖനും പരിശുദ്ധനുമായ ഒരു പുത്രൻ' ആ പുണ്യാത്മാവിന് ലഭിക്കുമെന്നതാണ്. ആ പുത്രൻ തന്റെ സ്വന്തം ''ബീജത്തിൽ നിന്നും" സ്വന്തം സന്തതിയിൽനിന്നുമുള്ളവൻതന്നെയായിരിക്കും എന്നാണ് വ്യക്തമാക്കപ്പെട്ടത്. 'പരിശുദ്ധനായ ഒരു പുത്രൻ' എന്ന വിശേഷണത്തിലൂടെ ആ പുത്രന്റെ മഹത്ത്വം അദ്ദേഹം വിളംബരപ്പെടുത്തുകയും ചെയ്തു. 'എല്ലാ മാലിന്യങ്ങളിൽനിന്ന് ഈ പുത്രൻ അതീതനായിരിക്കുമെന്നും പരിശുദ്ധാത്മാവ് തന്നെ ഇവന് നൽകപ്പെട്ടിരിക്കുന്നുവെന്നും ഇവൻ അല്ലാഹുവിന്റെ പ്രകാശമായി വർത്തിക്കുമെന്നും

ഈ വിജ്ഞാപനത്തിൽ പ്രകീർത്തിക്കപ്പെട്ടിരുന്നു. ഈ പുത്രനെക്കുറിച്ച് പ്രവചനത്തിൽ വിശദീകരിക്കുന്ന ഒരു ഭാഗം നമുക്കിങ്ങനെ വായിക്കാം.

".... ദൈവിക സന്നിധിയിൽ നിന്ന് വരുന്നവൻ അനുഗൃഹീതൻ. എന്തുകൊണ്ടെന്നാൽ അവനോടൊപ്പം അനുഗ്രഹമുണ്ടായിരിക്കും. പ്രതാപവും മഹത്ത്വവും ഐശ്വര്യവുമുള്ളവനായിരിക്കുന്നവൻ. തന്റെ മസീഹി ഗുണവും സത്യത്തിന്റെ ആത്മാവിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗം അവൻ സുഖപ്പെടുത്തും. അവൻ അല്ലാഹുവിന്റെ വചനമാകുന്നു. അല്ലാഹുവിന്റെ അഭിമാനമാകുന്നു അവൻ. അനുഗ്രഹത്തിന്റേയും മഹത്ത്വത്തിന്റേയും വചനത്താൽ അവൻ അയയ്ക്കപ്പെട്ടിരിക്കുന്നു. അവൻ ധിഷണാശാലിയും കാര്യജ്ഞനും സഹനശീലനുമായിരിക്കും. ലൗകികവും ആത്മീയവുമായ വിദ്യകളാൽ അവൻ സമ്പന്നനായിരിക്കും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും." "തിങ്കളാഴ്ച അനുഗ്രഹപൂർണ്ണമായ തിങ്കളാഴ്ച"

"അവൻ വാൽസല്യപുത്രനും മഹാഭാഗ്യവാനുമാണ്. അല്ലാഹു ആകാശത്ത് നിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആഗമനം എത്ര യും അനുഗൃഹീതവും അല്ലാഹുവിന്റെ പ്രതാപം വെളിപ്പെടുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ തന്റെ അഭീഷ്ടമാകുന്ന പരിമളം പൂശിയിരിക്കുന്നുവോ ആ പ്രഭാശാലിയായിരിക്കും അവൻ. ദൈവത്തിന്റെ നിഴൽ സദാ അവന്റെ ശിരസ്സിനു മീതെ ഉണ്ടായിരിക്കും. ബന്ധനസ്ഥരുടെ മോചനത്തിന് അവൻ കാരണമാകുകയും ചെയ്യും. അവന്റെ കീർത്തി ഭൂമിയുടെ കോണുകളിലോളം വ്യാപിക്കും. സമുദായങ്ങൾ അവനിൽ നിന്ന് അനുഗ്രഹം തേടുകയും ചെയ്യും...." (വിജ്ഞാപനം, 1886 ഫെ. 20)

ദിനങ്ങൾ പിന്നിട്ടു. ശത്രുക്കളും മിത്രങ്ങളും ആകാംക്ഷയോടെ പ്രവചനത്തിന്റെ പുലർച്ച കേൾക്കാൻ കാതോർത്തുനിന്നു. സർവശക്തനായ അല്ലാഹുവിന്റെ വാക്കുകൾക്ക് മാറ്റം വന്നുകൂടാ. പുത്രനുണ്ടാകുക തന്നെ ചെയ്യും. ഹദ്റത്ത് അഹ്മദ് (അ) ഇടയ് ക്കിടെ ജനങ്ങളെ ഉണർത്തിക്കൊണ്ടിരുന്നു. 1887 അവസാനിച്ചു. 1888 തുടങ്ങുകയും ചെയ്തു. ശത്രുക്കൾ മുരടനക്കാൻ തുടങ്ങി. അവിടെയും ഇവിടേയും നിന്ന് ശബ്ദങ്ങൾ ഉയർന്നു. പക്ഷേ, അല്ലാഹുവിന്റെ വരിഷ്ഠദാസനും സഹചാരികളും ദൃഢവിശ്വാസത്തോടെ മുന്നോട്ടു പോയിക്കൊണ്ടിരുന്നു. 1888 മെയ് ആയതോടെ പ്രവചന പുലർച്ച ദൃശ്യമാകാൻ തുടങ്ങി.

1889 ജനുവരി 12. ലോകം മുഴുവൻ കീർത്തി പ്രാപിക്കുമെന്ന് പ്രവചനത്തിൽ സുവിശേഷം അറിയിക്കപ്പെട്ട ആ വലിയ മനുഷ്യൻ ഭൂമിയിൽ പിറന്നുവീണു. ആ വിവരം അദ്ദേഹം വിജ്ഞാപനത്തിലൂടെ ജനങ്ങളെ അറിയിച്ചു. കുട്ടിയ്ക്ക് 9 വയസ്സായപ്പോൾ തനിയ്ക്കു അല്ലാഹു സുവിശേഷം നല്കിയ ആ കുട്ടി ഇവൻ തന്നെയെന്ന് 'സിറാജെ മുനീർ' എന്ന ലഘുലേഖയിലൂടെ ഹ: ഇമാം മഹ്ദി(അ) വ്യക്തമാക്കി. ആ കുട്ടിയാണ് പിന്നീട് ലോകം മുഴുവൻ കീർത്തി പ്രാപിച്ച ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ). 1914ൽ അതായതു 25-ാമത്തെ വയസ്സിൽ അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയായി. 51 വർഷക്കാലം അദ്ദേഹത്തിന്റെ ഖിലാഫത്ത് നീണ്ടുനിന്നു. 1944ൽ അല്ലാഹുവിൽ നിന്നുള്ള ദിവ്യബോധനപ്രകാരം താൻ വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനാണെന്ന് അദ്ദേഹം വിളംബരം ചെയ്തു.

അഹ്മദിയ്യാ ജമാഅത്തിനു ദൂരവ്യാപകമായ പ്രസിദ്ധി ലഭിക്കുന്നതും വ്യവസ്ഥാപിതമായ നിലയിൽ അതു മുന്നോട്ടുപോകാൻ തുടങ്ങിയതും അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്തായിരുന്നു.

അദ്ദേഹം മുഖേന ഇസ്ലാമിൽ വരുകയും തൗഹീദിൽ അടിയുറച്ചു നിൽക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടും മറ്റെന്തിനെക്കാളും സ്നേഹമുള്ളവരായിത്തീരുകയും ചെയ്ത ലക്ഷക്കണക്കിനാളുകൾ ആ പ്രവചനം അദ്ദേഹത്തിൽ പുലർന്നു എന്നതിന് സാക്ഷിയാണ്. 'ഭൂമിയുടെ കോണുകളോളം അവൻ കീർത്തി പ്രാപിക്കും' എന്ന പ്രവചനം വളരെ സ്പഷ്ടമായ നിലയിൽ പുലർന്നു. അനവധി രാജ്യങ്ങളിൽ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം അദ്ദേഹത്തിന്റെ ഖിലാഫത്തുകാലത്ത് എത്തുകയുണ്ടായി. കൂടാതെ എവിടെല്ലാം സന്ദേശം എത്തിയിരുന്നുവോ അവിടെല്ലാം സുശക്തമായ നിലയിൽ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. ഇംഗ്ലണ്ട്, സ്പെയിൻ, ഇറ്റലി, ജർമനി, അൽബാനിയ, യുഗോസ്ലാവിയ, പോളണ്ട്, ചെക്കോസ്ലാവാക്യ, വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, സിറാല്യൂൺ, ഗോൾഡ് കോസ്റ്റ് (ഗാന), നൈജീരിയ, മിസ്ർ, കെനിയ, ഉഗാണ്ട, ടാങ്കനിക്ക (ടാൻസാനിയ), സിലോൺ, മൊറീഷ്യസ്, പലസ്തീൻ, ശാം, റഷ്യ, ചൈന, ജപ്പാൻ, സുമാട്ര, ജാവ, മലയ, ബോർണിയോ, ഇറാൻ, കാബുൾ, എന്നീ

*(ശേഷം 27 - ൽ)*

**ലേഖനം**

**ഡോ. അഹ്മദ് കലീം**
**ലാഹോർ, പാകിസ്താൻ**

# ഖുർആനും ദാരിദ്ര്യനിർമ്മാർജനവും

**പലിശയുടെ അടിസ്ഥാനത്തിലുള്ള ബാങ്കിങ്ങ് ഇല്ലാതാവണം. കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന ചെറുകിട സംരംഭങ്ങളിൽ വായ്പ ലഭ്യമാക്കിയാൽ പാവങ്ങളുടെ പട്ടിണി മാറിക്കിട്ടും**

മനുഷ്യന്റെ ഭൗതികവും സാമ്പത്തികവുമായ ആവശ്യങ്ങൾ മാത്രമല്ല, സാമൂഹികവും, ശാരീരികവും എന്തിനധികം ആത്മീയവുമായ ആവശ്യങ്ങൾ പോലും നിറവേറ്റുന്നതിന്നാവശ്യമായ ഘടകങ്ങളുടെ ദൗർലഭ്യമാണ് ദാരിദ്ര്യം എന്നാണ് പൊതുവെ നിർവ്വചിക്കപ്പെടുന്നത്. ദാരിദ്ര്യം എന്ന പ്രശ്നം തെക്കൻ ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമായ പാകിസ്താനെ സംബന്ധിച്ചേടത്തോളം വളരെ ഗൗരവമേറിയ പ്രശ്നമാണ്. പാകിസ്താന്റെ ജനസംഖ്യ 16 കോടിയാണ്. സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് പാകിസ്താൻ ജനസംഖ്യയുടെ 25 ശതമാനം (ഏകദേശം 3 കോടി 80 ലക്ഷം) കടുത്ത പട്ടിണിക്കാരാണ് എന്നാണ്. വരുമാനവിതരണത്തിൽ പാകിസ്താനിലെ ജനങ്ങൾക്കിടയിൽ വളരെയധികം അന്തരമുണ്ട്. 1999ലെ കണക്ക് പ്രകാരം പാകിസ്താനിലെ ആഭ്യന്തര വരുമാനത്തിന്റെ 49.7 ശതമാനവും 20 ശതമാനം വരുന്ന സമ്പന്നരുടെ പിടിയിലാണ്. അടിത്തട്ടിലെ 20 ശതമാനം ദരിദ്രർക്ക് പാകിസ്താന്റെ മൊത്തം വരുമാനത്തിന്റെ 6.2 ശതമാനം മാത്രമാണ് ലഭിക്കുന്നത്. (പാകിസ്താൻ സാമ്പത്തിക വളർച്ച 2005 – 2006)

ഒരു രാജ്യത്തെ ദാരിദ്ര്യനിർമ്മാർജനത്തിന് ആ ഭരണകൂടം അന്തർദേശീയ രംഗത്തെ സാമ്പത്തിക സഹായം നൽകുന്ന വിദേശ ഏജൻസികളുടെ ഉപദേശം തേടാറുണ്ട്. അവരാകട്ടെ, ദാരിദ്ര്യനിർമ്മാർജ്ജനത്തിനു പലിശയുടെ അടിസ്ഥാനത്തിലുള്ള ലോണുകൾ ലഭ്യമാക്കാനാണ് ശിപാർശ ചെയ്യാറ്. ഉദാഹരണത്തിന് പാകിസ്താനിലെ ഇടക്കാല ദാരിദ്ര്യലഘൂകരണ റിപ്പോർട്ട് ഇപ്രകാരമാണ്.

....ദരിദ്രവിഭാഗത്തിന്റെ സാമ്പത്തിക ശാക്തീകരണത്തിനും അവരുടെ വരുമാനവർദ്ധനവിന്നുള്ള അവസരങ്ങൾക്കും വേണ്ടി... മൈക്രോ ക്രെഡിറ്റ്* പദ്ധതിയാണ് ഏറ്റവും ഉചിതമെന്ന് അന്തർദേശീയ രംഗത്തെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. ഇതാണ് ദരിദ്രന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാനപ്പെട്ട ഒരു പദ്ധതി (പാകിസ്താൻ ഇടക്കാല ദാരിദ്ര്യ ലഘൂകരണ റിപ്പോർട്ട് – നവം. 2001. പേ. 38).

അതുപോലെ ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ പാകിസ്താനിലെ മൈക്രോ ഫൈനാൻസ് സെക്ടറിനെപ്പറ്റിയുള്ള വിലയിരുത്തൽ (2000 നവം.) ഇപ്രകാരമാണ്:

'മൈക്രോ ഫൈനാൻസിന്റെ ദാരിദ്ര്യ ലഘൂകരണശേഷി നയപരമായ തലത്തിൽ വികസിത സമൂഹങ്ങളിൽ വ്യാപകമായി അംഗീകരിക്കപ്പെട്ടതാണ്.' ഈ ലേഖനം ഈ വിഷയത്തിൽ വിശുദ്ധ ഖുർആനിൽ നിന്നുമാണ് മാർഗ്ഗദർശനം തേടുന്നത്. ഖുർആൻ പറയുന്നു:

*'ഇത് പരിപൂർണ്ണ ഗ്രന്ഥമാകുന്നു. ഇതിൽ യാതൊരു സംശയവു*

*** മൈക്രോ ക്രെഡിറ്റ് –** പാവപ്പെട്ടവർക്ക് ജീവിതം കരുപ്പിടിപ്പിക്കാനുള്ള തൊഴിലിനുവേണ്ടിയുള്ള ചെറിയ തോതിലുള്ള കടങ്ങൾക്കാണ് മൈക്രോ ക്രെഡിറ്റ് എന്ന് പറയുന്നത്. ഇത്തരം ഇടപാടുകൾ നടത്തുന്ന ധനകാര്യസ്ഥാപനങ്ങളെ മൈക്രോ ഫൈനാൻസിങ്ങ് സ്ഥാപനങ്ങൾ എന്നും പറയുന്നു. ദരിദ്രരാജ്യങ്ങളിൽ ഈ സമ്പ്രദായം വ്യാപകമായ അംഗീകാരം നേടി വരുന്നു. (എഡി:)

*മില്ല.'* (2:3)

ഖുർആൻ അതിന്റെ ദാരിദ്ര്യ നിർമ്മാർജന പദ്ധതി അവതരിപ്പിക്കുന്നു.

## ഏകദൈവത്തിന്റെ പരമാധികാരം

*ഭൂമിയിലുള്ളതൊക്കെയും നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചവനാണവൻ* (2:30)

പ്രകൃതി വിഭവങ്ങളുടെ ഉടമസ്ഥാവകാശം ഏതെങ്കിലും ഒരു വ്യക്തിക്കോ അല്ലെങ്കിൽ ഏതെങ്കിലും ഒരു സംഘത്തിന്നോ ആണെന്ന കാഴ്ചപ്പാട് ഖുർആൻ അംഗീകരിക്കുന്നില്ല. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ചിലർക്ക് മറ്റുള്ളവരെക്കാൾ അധികം സമ്പത്ത്? ഖുർആൻ അത് സംബന്ധിച്ച് വിവരിക്കുന്നു: അത് അല്ലാഹുവിന്റെ ഇച്ഛയും അനുഗ്രഹവും ഒരു പരീക്ഷണവുമാണ്. സമ്പന്നരോടുള്ള അല്ലാഹുവിന്റെ കല്പന തങ്ങളുടെ സമ്പത്ത് സമദർശനത്തോടും നീതിപൂർവ്വവുമായിക്കൊണ്ട് ചെലവഴിക്കുകയും ദരിദ്രജനവിഭാഗങ്ങൾക്ക് അവരുടെ അവകാശം നൽകുകയും ചെയ്യണമെന്നാണ്. അല്ലാഹു പറയുന്നു:

*നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ അല്ലാഹു ജീവിതവിഭവങ്ങളിൽ അനുഗ്രഹിച്ചിരിക്കുന്നു. എന്നാൽ വിഭവം നൽകി അനുഗ്രഹിക്കപ്പെട്ടവർ തങ്ങളുടെ അടിമകൾക്ക് അവരെല്ലാം തുല്യമാകുമാറ് വിട്ടുകൊടുക്കുന്നവരല്ല. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ നിരാകരിക്കുകയാണോ?* (16:72)

## സാഹോദര്യസങ്കല്പം

സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ പരിഹരിക്കാൻ സാഹോദര്യത്തിന്റെ ആശയമാണ് ഖുർആൻ മുന്നോട്ട് വെ ക്കുന്നത്.

*സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക, നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.* (49:11)

സാഹോദര്യസങ്കല്പം താഴെ പറയുന്ന വചനങ്ങളിൽ വീണ്ടും ഇപ്രകാരം നിർവ്വചിക്കപ്പെട്ടിരിക്കുന്നു:

*'അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിൽ നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്.* (5:3)

## കുടുംബത്തെ ശക്തിപ്പെടുത്തൽ

സ്ത്രീ ശാക്തീകരണം എന്ന ഇക്കാലത്തെ സങ്കല്പത്തിന് വിരുദ്ധമായി ഖുർആൻ കുടുംബശാക്തീകരണമാണ് മുന്നോട്ടുവെക്കുന്നത്. ഖുർആൻ പറയുന്നു:

*നാം സർവ്വ വസ്തുക്കളിൽ നിന്നും ഇണകളെ സൃഷ്ടിച്ചിരിക്കുന്നു* (51:50)

സ്ത്രീക്കും പുരുഷനും പ്രവൃത്തിയിലും സാമ്പത്തിക ഇടപാടിലും തുല്യപദവിയാണുള്ളതെന്ന് ഖുർആൻ പറയുന്നു.

*ഏതൊന്നുകൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്. പുരുഷന്മാർ സമ്പാദിച്ചതിൽ നിന്ന് ഒരംശം അവർക്കുണ്ട്. സ്ത്രീ കൾ സമ്പാദിച്ചതിൽ നിന്ന് ഒരംശം അവർക്കുമുണ്ട്. നിങ്ങൾ അല്ലാഹുവിനോട് (തന്നെ) അവന്റെ അനുഗ്രഹത്തിൽ നിന്ന് ചോദിച്ചുവാങ്ങുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും നല്ല പോലെ അറിയുന്നവനാകുന്നു* (4:33)

## ഭരണനിർവ്വഹണത്തിനുള്ള യോഗ്യതകൾ

നീതിയും വിശ്വസ്തതയുമാണ് ഭരണനിർവ്വഹണത്തിനുള്ള രണ്ട് പ്രധാന ഉപാധികളായി ഖുർആൻ വിവരിക്കുന്നത്. ഏതൊരു ഉദ്യോഗത്തിന്നും യോഗ്യത അനുസരിച്ച് ആളെ തിരഞ്ഞെടുക്കണമെന്ന് ഖുർആൻ കല്പിക്കുന്നു.

*നിശ്ചയമായും അല്ലാഹു അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കല്പിക്കേണം* (4:59).

ഭരണം നടത്തുന്നവർ അവ നിർവ്വഹിക്കുമ്പോൾ പ്രധാന കാര്യങ്ങളിൽ മറ്റുള്ളവരോട് അഭിപ്രായങ്ങൾ ആരായണമെന്ന് നിഷ്ക്കർഷിക്കുന്നു.

*തങ്ങളുടെ നാഥന്റെ വിളിക്ക് ഉത്തരം നൽകുകയും നിസ്കാരം നിലനിറുത്തുകയും തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരും* (42:39)

## പണം ചെലവഴിക്കാൻ പ്രോത്സാഹനം

അദ്ധ്യായം 53 വചനം 40ൽ ഖുർആൻ മുസ്‌ലിംകളോട് കഠിനമായി അധ്വാനിക്കാനും അവരുടെ ദൈനംദിനാവശ്യങ്ങൾ നിർവ്വഹിക്കാനും ആവശ്യപ്പെടുന്നു. സ്വർണ്ണത്തിന്റേയും വെള്ളിയുടേയും രൂപ

ത്തിൽ ധനം കുന്നുകൂട്ടി വെക്കുന്നത് ഖുർആൻ നിരോധിക്കുന്നു.

*വിശ്വസിച്ചവരേ, മതപണ്ഡിതന്മാരിൽ നിന്നും പുരോഹിതന്മാരിൽ നിന്നും അധികമാളുകളും മനുഷ്യരുടെ ധനം അന്യായമായി കരസ്ഥമാക്കി ഭക്ഷിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നു. സ്വർണ്ണവും വെള്ളിയും സംഭരിച്ചുവെക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത് ചെലവാക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന് മുന്നറിയിപ്പ് നൽകുക* (9:34).

കൂടുതൽ ആളുകൾക്ക് ജോലിയുണ്ടാക്കുന്ന മേഖലയിൽ ധനനിക്ഷേപം നടത്താൻ ഖുർആൻ പറയുന്നു.

*നിങ്ങളേതെങ്കിലുമൊരു വസ്തു (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) ചെലവഴിക്കുന്നതായാൽ അവനതിന് പകരം തരുന്നതാണ്. അവൻ അന്നദാതാക്കളിൽ അത്യുത്തമനാണ്* (34:40)

*പണം ചെലവഴിക്കുന്നതിനുള്ള നിബന്ധനകളും നിർദേശങ്ങളും കൂടി ഖുർആൻ നൽകുന്നു.* (17:27–30).

## പലിശ നിരോധനം

പലിശ നിരോധിക്കുകയും വ്യാപാരത്തിന്റെയും ദാനത്തിന്റേയും ആശയം ഖുർആൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു (2:275–276). ഈ അദ്ധ്യാപനത്തിന്റെ പിന്നിലെ യുക്തി ക്രിയാത്മകമായ സാമ്പത്തിക പ്രവർത്തനത്തിന്റെ പ്രോത്സാഹനവും പലിശയുടെ അടിസ്ഥാനത്തിലുള്ള സമ്പാദ്യത്തിന്റെ നിരോധനവുമാണ്. പലിശക്ക് പണം കടം നൽകുന്നവരോടു ഖുർആന്റെ കല്പന പലിശയിനത്തിൽ കിട്ടാനുള്ളത് ഉപേക്ഷിക്കുക എന്നതാണ്. അല്ലാത്തപക്ഷം അത് ദൈവത്തിനോടുള്ള ഒരു യുദ്ധമായിരിക്കും. (2:280–281)

പലിശയിനത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് പകരം ന്യായയുക്തമായ രീതിയിൽ വ്യാപാരത്തിൽ ഏർപ്പെടാനാണ് ദൈവം നിർദ്ദേശിക്കുന്നത്.

*അല്ലാഹു വ്യാപാരം നിയമവിധേയമാക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു.* (2:276)

ഒരിക്കൽ റസൂൽ തിരുമേനിയോട് ഏറ്റവും നല്ല വരുമാനരൂപം ഏതാണെന്ന് ചോദിക്കുകയുണ്ടായി. അവിടന്ന് പ്രതിവചിച്ചത്: *'ഒരു മനുഷ്യന്റെ അധ്വാനവും എല്ലാ ന്യായയുക്തമായ കച്ചവടവും' എന്നായിരുന്നു. ഖുർആൻ പറയുന്നു:*

*'അല്ലാഹു പലിശ നിരോധിക്കുകയും ദാനധർമ്മങ്ങൾ പോഷിപ്പിക്കുകയും ചെയ്യുന്നു. കടുത്ത അവിശ്വാസിയും കൊടുംപാപിയുമായ ഒരുവനേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'* (2:277)

ദാനധർമ്മങ്ങൾ സമൂഹത്തിൽ അസമത്വങ്ങൾ ഇല്ലാതാക്കുന്നു. ധനം പണക്കാരിൽനിന്ന് പാവങ്ങളിലേക്ക് ചെന്നെത്തുന്നു. പാവപ്പെട്ടവർ തങ്ങളുടെ പരിമിതമായ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമാണ് പണക്കാരനോട് കടം ചോദിക്കുന്നത്. പാവങ്ങൾക്ക് കടം നൽകുന്നതിനേക്കാൾ ഗുണകരം ദാനം ചെയ്യലാണ്. ഇത് സാമ്പത്തിക പ്രക്രിയകൾ വർദ്ധിപ്പിക്കുകയും ചെയ്യും.

വായ്പ വാങ്ങുന്നയാളിന്റെ സാമ്പത്തികസ്ഥിതിയോ വായ്പ വാങ്ങുന്നതിന്റെ ഉദ്ദേശ്യത്തെപ്പറ്റിയോ ചിന്തിക്കാതെ, പലിശക്ക് പകരമുള്ള ഒരേയൊരു പരിഹാരമാർഗ്ഗമാണ് വ്യാപാരം എന്ന നിർദ്ദേശം ഇസ്‌ലാമിക പണ്ഡിതന്മാരിൽ ആശയക്കുഴപ്പമുണ്ടാക്കുന്നു. വായ്പകളെ പൊതുവേ രണ്ടായി തിരിക്കാം. ഉപഭോഗത്തിനുള്ള വായ്പകൾ, ഉല്പാദനത്തിന്നുള്ള വായ്പകൾ എന്നിവയാണവ. ആളുകൾ ഇവ രണ്ടിനുമായാണ് കടം വാങ്ങുക. വ്യാപാരത്തിന്റെ ഇസ്‌ലാമിക സങ്കല്പം (2:276) ഉൽപാദനത്തിനു വേണ്ടി വാങ്ങുന്ന വായ്പകൾക്ക് മാത്രമാണ് ബാധകം. ഒരു പാവപ്പെട്ടവൻ തന്റെ സാമ്പത്തികാവശ്യങ്ങൾക്ക് വേണ്ടി വായ്പയെടുക്കുമ്പോൾ ആ വായ്പ കൊണ്ട് അയാൾ ലാഭമുണ്ടാക്കുന്ന പ്രവർത്തിയൊന്നും ചെയ്യുന്നില്ല. അപ്പോൾ എങ്ങനെ ലാഭം പങ്ക് വെക്കാൻ സാധിക്കും? ഖുർആൻ ഈ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കുന്നു. അത് പലിശരഹിത വായ്പയാണ്. ഇതിന്നാണ് ഖർദയെ ഹസ്ന എന്ന് പറയുന്നത്.

*'നിങ്ങൾ അല്ലാഹുവിന് നല്ല നിലയിൽ കടം കൊടുക്കുന്നതായാൽ അവൻ നിങ്ങൾക്ക് ഇരട്ടിയായി മടക്കിത്തരും. അവൻ നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യും. അല്ലാഹു തന്റെ ദാസന്മാരുടെ (സൽക്കർമ്മങ്ങൾ) വളരെയധികം വിലയിരുത്തുന്നവനും സഹനശീലനുമാകുന്നു.* (65:18)

## ദാനവും ജീവകാരുണ്യ പ്രവർത്തനവും

നിരവധി വചനങ്ങളിലൂടെ ഖുർആൻ അതിന്റെ അനുയായികളെ ദാനം നൽകാൻ പ്രേരിപ്പിക്കുന്നു.

പാവങ്ങളുടെ ക്ഷേമത്തിന് ഉദാരമായി ദാനം ചെയ്യാൻ ഈ വചനങ്ങളിൽ (2:265, 2:266, 2:272) ഉദ്ബോധിപ്പിക്കുന്നു. ഇങ്ങനെ ദാനം ചെയ്യുമ്പോൾ ദരിദ്രവിഭാഗത്തിനു നേരെ കുത്തുവാക്കുകൾ പ്രയോഗിക്കരുതെന്ന് ഖുർആൻ പ്രത്യേകം നിഷ്

ക്കർഷിക്കുന്നു (2:263). ആരാണ് ദാനം സ്വീകരിക്കാൻ അർഹൻ എന്ന് വിശുദ്ധ ഖുർആൻ നിർവ്വചിച്ചിട്ടുണ്ട്.

*'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെകൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാ ഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.* (4:37)

പണമായോ സാധനമായോ ദാനം നൽകുന്നത് ഖുർആൻ നിരോധിക്കുന്നില്ല. പാവപ്പെട്ടവരുടെ ജീവിതം ക്ഷേമകരമാക്കാനുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. (61:11 -12). പാവപ്പെട്ട ജനങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ വിജ്ഞാനം പങ്ക് വെക്കൂ കയും അത് കൈമാറുകയും ചെയ്യണമെന്ന ആശയം പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തും. ഖുർആൻ പറയുന്നു.

*നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ പദവിയിൽ നിങ്ങളെ നമ്മുടെയടുക്കലേക്ക് അടുപ്പിക്കുന്നില്ല. എന്നാൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവൻ (മാത്രമാണ് നമ്മുടെ സാമീപ്യം പ്രാപിക്കുന്നവൻ). അങ്ങനെയുള്ളവർക്ക് അവർ പ്രവർത്തിച്ചതിന്റെ ഫലമായി ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. അവർ ഉന്നതമണിമന്ദിരത്തിൽ സമാധാനചിത്തരായി വസിക്കുന്നതുമാകുന്നു.* (31:32)

## അനന്തരാവകാശ സ്വത്തിന്റെ വിതരണം

അനന്തരാവകാശ സ്വത്ത് ബന്ധുക്കൾക്കിടയിൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഖുർആൻ വ്യക്തമായ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്. അതിനുപിന്നിലെ യുക്തിശാസ്ത്രം ഒരു ചെറിയ സംഘത്തിന്റെ കൈകളിൽ സമ്പത്ത് കുന്നുകൂടുന്നത് തടയുക എന്നു തന്നെയാണ്. തങ്ങളുടെ പൂർവ്വികരുടെ സ്വത്തിനെ പൂർണ്ണമായും ആശ്രയിക്കാതെ അധ്വാനിച്ച് ജീവിക്കാൻ വേണ്ടിയാണ് ഖുർആന്റെ ഈ സംവിധാനം.

*മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോയ ധനത്തിൽ നിന്നു പുരുഷന്മാർക്ക് ഒരു ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോയ ധനത്തിൽ നിന്ന് സ്ത്രീകൾക്കും ഒരു ഓഹരിയുണ്ട്.* (4:8)

## ശിപാർശകൾ

ഖുർആൻ വ്യക്തമായും പ്രഖ്യാപിക്കുന്നു.

*ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.* (15:12)

ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വിദേശങ്ങളെ ആശ്രയിക്കാതെ പ്രാദേശികതലത്തിൽ ധനം സ്വരൂപിക്കാനാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്. ഇതിൽ സ്വാശ്രയത്വം പ്രാപിക്കുക. ദരിദ്രരാജ്യങ്ങളിൽ പാവപ്പെട്ടവർക്ക് വായ്പ ലഭ്യമാക്കാനുള്ള അതുമായി ബന്ധപ്പെട്ട സേവനരംഗങ്ങളും വളരെയധികം ആവശ്യമുണ്ട്.

വിദേശസഹായം സ്വീകരിക്കാതെ ദാരിദ്ര്യം എങ്ങനെ നിർമ്മാർജ്ജനം ചെയ്യാം എന്നതാണ് ഇന്ന് പാകിസ്താൻ അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നം. ഖുർആനിൽ അല്ലാഹു പറയുന്നു.

*ഒരാത്മാവിനും അതിന്റെ കഴിവിൽപ്പെട്ടതിനല്ലാതെ നാം ഒരു ഉത്തരവാദിത്വ(ഭാര)വും നിർബന്ധിച്ചേൽപ്പിക്കുന്നതല്ല. നമ്മുടെ അടുക്കൽ സത്യം പറയുന്ന ഒരു റിക്കാർഡുണ്ട്. അവരോട് അനീതി കാണിക്കപ്പെടുകയുമില്ല.* (23:63)

2000ൽ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് നടത്തിയ ഒരു സർവ്വേയിൽ പാകിസ്താനിൽ 63 ലക്ഷം പാവപ്പെട്ടവർ സാമ്പത്തിക സേവനം അർഹിക്കുന്നുണ്ട്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡവലപ്മെൻറ് പാകിസ്താനിലെ മൈക്രോഫൈനാൻസ് സർവ്വീസിനെ സംബന്ധിച്ച് നടത്തിയ സർവ്വേയിൽ ഒരു കോടി ജനങ്ങൾ മൈക്രോ ഫൈനാൻസിങ്ങിന് അർഹരായവരാണ്. വായ്പയുടെ ഏകദേശം പരിധി 12,000 രൂപയാണ്. (200 അമേരിക്കൻ ഡോളർ). പാകിസ്താനിൽ മൊത്തം മൈക്രോ ഫൈനാൻസിങ്ങിന് ആവശ്യമായ തുക 120 ദശലക്ഷം രൂപയാണ് (2 ദശലക്ഷം ഡോളർ).

1998ൽ പാകിസ്താനിൽ 70 ദശലക്ഷം രൂപ ദാനധർമ്മങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. വിദേശത്ത് നിന്ന് ലഭിച്ച സഹായങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല. പാകിസ്താനിൽ 150 കോടി രൂപ അമേരിക്കയിൽ നിന്ന് മാത്രമായി ധനസഹായം ലഭിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് പാകിസ്താനിൽ നിന്ന് തന്നെ ധനം സമാഹരിച്ച് അവരുടെ പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്നാണ്.

പാകിസ്താൻ ജനതയും ഭരണ

*(ശേഷം 31 - ൽ)*

ലേഖനം

സിഫത്ത് കബീർ എസ്.കെ.,
കോഴിക്കോട്

# മനുഷ്യോൽപ്പത്തി ശാസ്ത്രത്തിലും വേദത്തിലും

## സെന്റർ ഫോർ സൈൻസ് ആന്റ് സയിൻസ് റിസർച്ച് (Centre for Signs and Science Research) നടത്തിയ ഉപന്യാസമത്സരത്തിൽ കോളേജ് വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ പ്രബന്ധം

ജീവൻ എങ്ങനെ ഉത്ഭവിച്ചു എന്ന പ്രശ്നത്തിന് തികച്ചും പൂർണ്ണമായ ഒരു വിശദീകരണം നൽകുവാൻ ഇന്നുവരെ ഒരു ജീവശാസ്ത്രജ്ഞനും കഴിഞ്ഞിട്ടില്ല. ജീവൻ എന്താണ് എന്നു നിർവചിക്കാൻ ആർക്കും കഴിയുകയില്ല എന്നു പറയുവാനേ ശാസ്ത്രത്തിന് ഇതുവരെ സാധിച്ചിട്ടുള്ളൂ. യുഗയുഗങ്ങളായി തത്ത്വശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ചും അസ്തിത്വത്തെ സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാലത്ത് അവരുടെ ശ്രദ്ധ പ്രത്യേകമായും ജീവന്റെ ഉത്ഭവത്തിനുനേരെ തിരിഞ്ഞിരിക്കുകയാണ്. അവർ അഭിമുഖീകരിക്കുന്ന പ്രശ്നം ആര് ആരുടെ മുമ്പേ എന്നതാണ്. കോഴി ഉൽപ്പാദിച്ച മുട്ട, അല്ലെങ്കിൽ മുട്ട വിരിഞ്ഞുണ്ടായ കോഴി ഏതാണ് മുൻഗാമി? അവർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ജൈവവസ്തുക്കളുടെ സൃഷ്ടിയാണ്. ജൈവവസ്തു ജീവന്റെ ഒരു ഉൽപന്നമാണ്. ജീവനാകട്ടെ ജൈവവസ്തുവിന്റെ ഉൽപന്നവുമാണ്. സൃഷ്ടിപ്പിനുമുമ്പേ എങ്ങനെയാണ് അജൈവവസ്തുക്കൾ ജൈവവസ്തുക്കളായി മാറിയത്?

ഗവേഷകന്മാർ അഭിമുഖീകരിച്ച ഈ പ്രശ്നം വ്യക്തമായും വൈരുദ്ധ്യസ്വഭാവമുള്ളതാണ്. ഓരോ പ്രശ്നം പരിഹരിക്കപ്പെടുമ്പോഴും കൂടുതൽ വിഷമകരമായ മറ്റു പ്രശ്നങ്ങൾക്ക് അത് ജന്മം നൽകുന്നു. ഓരോ ചോദ്യങ്ങൾക്കും ഉത്തരം നൽകപ്പെടുമ്പോഴും അത് ഉത്തരമില്ലാത്ത മറ്റനേകം ചോദ്യങ്ങളുടെ ഒരു ശൃംഖലയിലേക്ക് നയിക്കുന്നു. നമ്മുടെ അതിപുരാതന ഭൂതകാലത്തേക്ക് വെളിപാടുകളുടെ ചിറകിലേറിയ ഈ യാത്ര ശാസ്ത്രീയ തെളിവുകളുടെ പിന്തുണയുള്ളതാണ്. ഇതു കെട്ടുകഥയല്ല. ഇത് അതുല്യവും നിസ്തുല്യവുമായ ദൈവത്തിന്റെ അത്ഭുതങ്ങളുടേയും നിഗൂഢതകളുടേയും യഥാർത്ഥ ലോകമാണ്.

ജീവന്റെ ആവിർഭാവത്തിന് മൂന്നരമില്യൻ വർഷങ്ങൾക്കു മുമ്പേ ഭൗമാന്തരീക്ഷത്തിന്റേയും ഭൂമിയുടെ പരിസ്ഥിതിയുടേയും അവസ്ഥ ശാസ്ത്രീയ ഗവേഷണത്തിന്റെ സഹായത്തോടെ നമുക്കൊന്നു പരിശോധിക്കാം. അന്നത്തെ അന്തരീക്ഷം ഓക്സിജൻ ഇല്ലാത്തതായിരുന്നു. ഉപാപചയ (Metabolism) പ്രവർത്തനത്തെ ആശ്രയിച്ചു കഴിയുന്ന ഒരു ജീവിരൂപത്തിനും സ്വതന്ത്രമായ ഓക്സിജനില്ലാത്ത ആ അന്തരീക്ഷത്തിൽ നിലനിൽക്കാൻ സാധ്യമല്ല. അജൈവ രാസപദാർത്ഥങ്ങളിൽ നിന്ന് ജൈവപദാർത്ഥങ്ങൾ സംശ്ലേഷിച്ച് രൂപം കൊള്ളാൻ ഓക്സിജൻ ഇല്ലാത്ത അവസ്ഥ ആവശ്യമാണ്. ഭൂമിയുടെ ആദ്യത്തെ മൂന്നര മില്ല്യൻ വർഷങ്ങൾ ഓക്സിജനില്ലാത്ത അന്തരീക്ഷത്തിൽ അജൈവ വസ്തുക്കളിൽ നിന്ന് ജൈവവസ്തുക്കൾ ആവിർഭവിച്ചിട്ടുണ്ടാവും. ഭൗമാന്തരീക്ഷത്തിലെ സ്ട്രാറ്റോസ്ഫിയറിൽ രക്ഷാകവചമായ ഓസോൺ പാളി അക്കാലത്ത് രൂപപ്പെട്ടിരുന്നില്ല. ജൈവരാസവസ്തുക്കളുടെ സുശക്തമായ രൂപങ്ങൾ ഉണ്ടാവാനുള്ള രാസവസ്തുക്കൾ ഓക്സിജനില്ലാത്ത അന്തരീക്ഷത്തിലാണ് രൂപം കൊണ്ടിട്ടുള്ളത്. ഇങ്ങനെയുള്ള റേഡി

ചാൾസ് ഡാർവിൻ എന്ന ശാസ്ത്രജ്ഞനാണ് പരിണാമ സിദ്ധാന്തം ആവിഷ്കരിച്ചത്. അതനുസരിച്ച് ജീവൻ ആദ്യമായി ജലത്തിൽ നിന്ന് ഏകകോശ ജീവിയായി പ്രത്യക്ഷപ്പെടുകയും കാലക്രമേണ അവ ബഹുകോശ ജീവികളായും അവയിൽ നിന്ന് പരിണമിച്ച് വെള്ളത്തിലും കരയിലും ജീവിക്കാൻ കഴിയുന്ന തവളകളെപ്പോലുള്ള ജീവികളും ഉരഗങ്ങളും നാൽക്കാലി കജന്തുക്കളും പറവകളും കുരങ്ങുകളും ഇരുകാലിൽ നടക്കുന്ന ആൾക്കുരങ്ങ്, ചിമ്പാൻസി മുതലായവയും അവയിൽ നിന്ന് ഒടുവിൽ മനുഷ്യനും ഉണ്ടായി എന്ന താണ് സിദ്ധാന്തം. ഇപ്രകാരം ഏകകോശജീവി പരിണമിച്ച് ആദ്യത്തെ മനുഷ്യൻ ഉണ്ടാകുവാൻ അനവധി സഹസ്രാബ്ദങ്ങൾ വേണ്ടിവന്നതായും അഭിപ്രായപ്പെടുന്നു. എന്നാൽ ഈ സിദ്ധാന്തത്തിന് തർക്കമറ്റ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല.

ശാസ്ത്രത്തിൽ മനുഷ്യോൽപത്തിയെക്കുറിച്ച് വളരെ വിശദമായി ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇതേ വിഷയത്തെക്കുറിച്ച് പല വിശുദ്ധ വേദഗ്രന്ഥങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. ഈ വാക്യങ്ങളിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം.

ഹിന്ദുമതവേദങ്ങളിൽ മനുഷ്യോൽപ്പത്തിയെപ്പറ്റി വിവരിക്കുന്നതിങ്ങനെ: ദ്രവ്യവും ആത്മാവും തമ്മിൽ മിശ്രണം ചെയ്ത് അനന്തകോടി ജീവരാശികൾക്ക് ജന്മം നൽകുന്ന ഒരു പരീക്ഷണശാലയാണ് ഭൂമി മാതാവ്. അപ്രകാരം ദൈവത്തിന്റെ സൃഷ്ടിഗുണം ഒരു അപ്പോത്തിക്കിരിയുടെ അഥവാ ഔഷധങ്ങൾ മിശ്ര ണം ചെയ്യുന്ന ഔഷധക്കൂട്ടുകാരന്റേത് പോലെയാണെന്ന് അവർ വിശ്വസിക്കുന്നു. ആത്മാവും പദാർ ത്ഥവും കൂടിച്ചേരുമ്പോൾ ഭൂമിയിൽ ജീവിതവുമായി ബന്ധപ്പെട്ട അസ്തിത്വത്തിന്റെ താഴ്ന്നശ്രേണി രൂപം കൊള്ളുന്നു. ഹിന്ദു തത്ത്വശാസ്ത്രമനുസരിച്ച് പരമോന്നത ദൈവമായ ബ്രഹ്മാവിനു മാത്രമാണ് ആത്മാവിനേയും ദ്രവ്യത്തേയും മിശ്രണം ചെയ്ത് ജീവനെ ഉദ്പാദിപ്പിക്കാനുള്ള ശക്തിയുള്ളത്. ഭൂമിയിൽ ജീവന്റെ പ്രഥമാങ്കുരണമുണ്ടായത് ആധുനിക ശാസ്ത്രജ്ഞന്മാർ പറയുന്നത് പോലെയല്ലെന്ന് അവർ വിശ്വസിക്കുന്നു. ഒരു ലക്ഷം കോടി വർഷങ്ങൾക്ക് മുമ്പേ സമുദ്രജലത്തിലെ പ്രാഥമിക ജൈവദ്രവത്തിലോ പാറയുടെ ഉപരിതലത്തിലോ പ്രാക്തനമായ ജൈവരൂപം അഥവാ ബയോയൂണിറ്റുകൾ ആവിർഭവിച്ചതോടെയല്ല ജീവൻ ഭൂമിയിൽ ആരംഭിച്ചത് എന്ന് അവർ വിശ്വസിക്കുന്നു. ലോകസൃഷ്ടിയുടെ ആരംഭവേളയിൽ ബ്രഹ്മാവ് ബ്രഹ്മാണ്ഡത്തിന്റെ

യേഷനുകൾ ഭൂമിയിലും സമുദ്രോപരിതലത്തിലും പതിക്കാനുള്ള സാഹചര്യമൊരുക്കിയിരിക്കണം. തീക്ഷ്ണമായ ഈ കോസ്മിക് രശ്മികളുടെ ശരവർഷം ജൈവപൂർവ്വരൂപങ്ങളുടെ സൃഷ്ടിപ്പിന് സഹായകരമായിട്ടുണ്ടാവും. പ്രാഥമിക ജൈവവസ്തുക്കൾ ഭൂമിയിൽ തന്നെ സൃഷ്ടിക്കപ്പെടണമെന്നില്ല എന്ന് ചില ശാസ്ത്രജ്ഞന്മാർ കൂടുതൽ കടന്ന ചില നിർദ്ദേശങ്ങളുമായി മുന്നോട്ടു വന്നു. അവരുടെ ഈ വാദത്തിന് ഉപോൽബലകമായി ഉൽക്കാദ്രവ്യത്തെക്കുറിച്ചുള്ള പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

സമുദ്രജലത്തിലെ മീഥേൻ മറ്റനേകം കാർബണിക് (Organic) പദാർത്ഥങ്ങളുമായി യോജിച്ച് സങ്കീർണ്ണമായ കാർബൺ സംയുക്തങ്ങളും (Organic compounds) അതിൽ നിന്ന് അകാർബണിക പദാർത്ഥങ്ങളും അകാർബണിക ലഘുതന്മാത്രകളിൽ നിന്ന് മാംസ്യങ്ങളുടേയും സൂക്ഷ്മകോശങ്ങളുടേയും അടിസ്ഥാനഘടകമായ അമിനോ ആസിഡുകളും ഉണ്ടായി. ഈ പരിവർത്തനങ്ങൾക്കെല്ലാം കാരണമായി വർത്തിച്ചത് ആകാശത്തുനിന്ന് ഉൽക്കാപതത്തിൽ നിന്നുണ്ടായ വമ്പിച്ച താപമോ സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് റേഡിയേഷനോ ഇടിമിന്നലോ ആവാമെന്നാണ് ജീവന്റെ ഉദ്ഭവത്തെപ്പറ്റിയുള്ള ശാസ്ത്രഭാഷ്യം. ഭൂമിയിൽ മനുഷ്യനടക്കമുള്ള ജീവികളെ ഉൽപാദിപ്പിച്ച് വളർത്തിയതിന് പിന്നിൽ അനന്തമായ ആകാശമാണെന്ന് വർത്തിക്കാം.

ഭൂമിയിലെ ആദ്യത്തെ സൂക്ഷ്മജീവികൾ പ്രൊകരിയോട്ട് ബാക്ടീരിയയും യുകാറിയോട്ട് ബാക്ടീരിയയും ആകുന്നു. ഈ പ്രാഥമിക സൂക്ഷ്മജീവികളും ഉടലെടുത്തത് ആകാശത്ത് നിന്നുമുണ്ടായ ഉൽക്കാപതത്താലോ ഇടിമിന്നൽ കൊണ്ടോ ഉണ്ടായ വമ്പിച്ച താപത്തിൽ നിന്നാണെന്ന് ശാസ്ത്രം പറയുന്നു. പ്രാഥമിക കണങ്ങളോ തന്മാത്രകളോ കൂടിച്ചേർന്ന് വലിയ തന്മാത്രകൾ രൂപംകൊള്ളുന്ന പ്രക്രിയയാണ് (Polymerisation). ഇതാണ് ജീവപരിണാമത്തിലെ ആദ്യഘട്ടം. ജീവന്റെ പരിണാമത്തിൽ കളിമണ്ണ് വളരെയേറെ പങ്കുവഹിച്ചിരിക്കുന്നു. നാം ഇന്നു കാണുന്ന മനുഷ്യന്റെ രൂപം മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണ് ഉപയോഗിച്ചാണെന്ന് ശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നു. ബെർണൽ, ഹൽഡെയ്ൻ ഡിക്കോഴ്സൺ, മില്ലർ, യുറേയ കേയ്ൻസ് സ്മിത്ത്, ഒപാറിൽ തുടങ്ങിയ നിരവധി പൂർവ്വഗാമികളായ ശാസ്ത്രജ്ഞന്മാരുടെ പ്രവർത്തനങ്ങൾ രംഗത്തുണ്ടായിരുന്നു.

ഭരണഘടനയായ വേദങ്ങൾ ഋഷിമാർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ ഭൂമിയിലെ മറ്റു മനുഷ്യരുടെ കർമ്മങ്ങൾക്ക് അവൻ നിയമം രചിക്കുന്നു. ആയതിനാൽ മനുഷ്യരോടുകൂടിയാണ് ഭൂമിയിൽ ജീവൻ ആരംഭിക്കുന്നത്. മറ്റു ജീവികൾ ആവിർഭവിക്കുന്നതിന് മുമ്പേ മനുഷ്യനാണ് ആദ്യം നിലവിൽ വന്നത്. ജീവികളുടെ ഉൽപത്തിയെ സംബന്ധിച്ചും കർമ്മസിദ്ധാന്തത്തെപ്പറ്റിയും ഹിന്ദു പണ്ഡിതന്മാർ ഉപദർശിച്ച സങ്കൽപം ഇതല്ലായിരിക്കാം. ഇക്കാര്യത്തെപ്പറ്റി വസ്തുനിഷ്ഠവും വ്യക്തവുമായ ഒരു പ്രസ്താവനയില്ലാത്തതിനാൽ അവരുടെ മൊത്തം വിശ്വാസത്തിനകത്തുനിന്നുകൊണ്ട് ഇതു സംബന്ധിച്ച് സാധ്യമായ ചില വ്യാഖ്യാനങ്ങൾ നടത്തുകയേ നിവർത്തിയുള്ളൂ.

ക്രിസ്ത്യാനികളുടെ വിശ്വാസമനുസരിച്ച് മനുഷ്യോൽപ്പത്തി: ദൈവം അരുൾ ചെയ്തതനുസരിച്ച് ആകാശവും ഭൂമിയും പകലും രാത്രിയും രൂപം കൊള്ളുകയും പിറ്റേദിവസം ആദമിന്റെ രൂപത്തിൽ കുഴച്ചുണ്ടാക്കിവെച്ച കളിമൺ രൂപത്തിലേക്ക് ദൈവം ഒരൊറ്റ ശ്വാസമൂതിയപ്പോൾ ആ നിമിഷം കൊണ്ട് ഈ കണ്ട അത്ഭുതങ്ങളെല്ലാം സൃഷ്ടിക്കപ്പെട്ടു എന്നാണ് നിഷ്കളങ്കനായ വേദപുസ്തക വായനക്കാരൻ വിചാരിക്കുന്നത്. ഈ വിശ്വാസം അന്ധമായ പരിണാമം പോലെ ബുദ്ധിശൂന്യമാണ്. ദൈവരഹിതമായതും ഒരു ബോധാത്മകാതീത മനസ്സ് ഇല്ലാത്തതുമായ സൃഷ്ടിപ്പിൽ വിശ്വസിക്കുന്നവരാണ് പരിണാമവാദികൾ. ബൈബിളിലെ സൃഷ്ടികഥ അക്ഷരാർത്ഥത്തിലെടുക്കുന്ന നിഷ്ക്കളങ്കരായ വിശ്വാസികളെ പരിണാമവാദികൾ പുച്ഛിക്കാറുണ്ട്. ബൈബിളിലെ സൃഷ്ടികഥ അക്ഷരാർത്ഥത്തിൽ എടുക്കുകയാണെങ്കിൽ സ്രഷ്ടാവായ ദൈവം സർവ്വശക്തനാണെന്ന നിഗമനത്തിൽ മാത്രമേ ഒരാൾക്ക് എത്തിച്ചേരാനാവൂ. കളിമണ്ണിൽ നിന്ന് മറ്റൊരു പുതിയ ആദമിനെ ഗൗരവപൂർവ്വം സൃഷ്ടിക്കുന്നതിൽ ഏർപ്പെട്ടിരുന്ന ദൈവം അതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ തന്നെ വളരെ ഉചിതമായ രീതിയിൽ മനുഷ്യനെ സൃഷ്ടിക്കുകയും പൂർണ്ണതയിലെത്തിക്കുകയും ചെയ്ത കാര്യം അൽപം ഓർത്തില്ലെന്നോ?

ജീവന്റെ സമഗ്രമായ രൂപീകരണ പ്രക്രിയയെ ഖുർആൻ (മുസ്ലിം വേദഗ്രന്ഥം) അതിവിപുലമായ ഒരു വീക്ഷണകോണിലൂടെയാണ് നോക്കിക്കാണുന്നത്. ആ വീക്ഷണകോൺ ജീവന്റെ പരിണാമവും അതിനു മുമ്പേയുള്ള തയ്യാറെടുപ്പ് ഘട്ടവും ഉൾക്കൊള്ളുന്നു. അതിലെ ചില നിരീക്ഷണങ്ങൾ സമാനതകളില്ലാത്തതാണ്. ഖുർആനിൽ പറയുന്നു: "ഇതിനുമുമ്പേ (മനുഷ്യസൃഷ്ടിപ്പിനു മുമ്പേ) ചുടുകാറ്റിന്റെ അഗ്നി (നാരിസമൂം)യിൽ നിന്ന് നാം ജിന്നിനെയും സൃഷ്ടിച്ചു. (15:28). നാരി സമൂം എന്നാൽ പുകയില്ലാത്ത ജ്വലിക്കുന്ന അഗ്നി, പുകയില്ലാത്ത ചൂടുകാറ്റ് എന്നൊക്കെയാണ്. ജിന്ന് എന്ന പദം ചില സൂക്ഷ്മ ജീവികളായ ബാക്ടീരിയകളെപ്പറ്റിയാണ് ഇവിടെ ഉപയോഗിച്ചത്. പ്രഥമ സ്ഥാനാർത്ഥി മിന്നലിന്റെ ചൂടിൽ നിന്നും കോസ്മിക് രശ്മികളിൽ നിന്നും നേരിട്ട് സൃഷ്ടിക്കപ്പെട്ട അതിസൂക്ഷ്മമായ ജൈവരൂപമാണെന്ന് കാണാം.

ജൈവവസ്തുക്കളുടെ സംശ്ലേഷണത്തിൽ കളിമൺ നിർവഹിച്ച സുപ്രധാന പങ്കിനെക്കുറിച്ച് ശാ സ്ത്രം പറയുന്നതിങ്ങനെ: Glycine അമിനോ അമ്ലത്തിന്റെ തന്മാത്രകളുടെ ജലസാന്ദ്രവും ജലരഹിതവുമായ ഇടവിട്ടുള്ള അവസ്ഥകൾ ഈ ചാക്രികമാറ്റങ്ങൾ ഊർജ്ജത്തെ ചുറ്റുപാടിൽ നിന്ന് ജൈവതന്മാത്രയിലേക്ക് മാറ്റുന്നു. ഈ വിഷയം ഖുർആൻ വ്യക്തമാക്കുന്നു: "ജലത്തിൽ നിന്ന് നാം എല്ലാ ജീവനുള്ള വസ്തുക്കളേയും സൃഷ്ടിച്ചു" (21:31) "കളിമൺ പാത്രങ്ങളുടെ കഷണം പോലെയുള്ള ഉണങ്ങിയ വരണ്ടതും മുട്ടിയാൽ മുഴങ്ങുന്നതുമായ കളിമണ്ണിൽ നിന്ന് അവൻ സൃഷ്ടിച്ച (55:15) കളിമൺപാത്രങ്ങളുടെ പൊട്ടിയ പാളികൾ പോലെയുള്ള വസ്തുക്കൾ ജീർണ്ണിച്ച് ജൈവവസ്തുക്കളായിരുന്നു. അതുപോലെ മുട്ടിയാൽ മുഴങ്ങുന്ന കളിമൺ എന്ന് ഖുർആൻ വ്യക്തമായി പ്രയോഗിച്ച ഈ വചനങ്ങൾ ശ്രദ്ധേയമാണ്.

ജീവന്റെ ഉത്ഭവത്തെ സംബന്ധിച്ച് നിഗൂഢതകൾ അനാവരണം ചെയ്യാൻ ശ്രമിക്കുന്ന പല മേഖലകളിലുള്ള ശാസ്ത്രജ്ഞന്മാരും മതപണ്ഡിതന്മാരും തമ്മിൽ ഒരുപാട് സംവാദങ്ങൾക്ക് വിധേയമായ ഒരു പ്രധാന വിഷയമാണിത്. ശാസ്ത്രം ദൈവത്തിന്റെ കരവിരുതും. വേദങ്ങൾ ദൈവത്തിന്റെ വചനവുമാണ്. സൃഷ്ടിയുടെ അതിസങ്കീർണമായ ഈ ബൃഹദ് പദ്ധതിയിൽ നിന്ന് ദൈവത്തെ ഒഴിച്ചു നിറുത്തിയാലും ഒരു സ്രഷ്ടാവിന്റെ അടയാളം അവിടെ ആവേശിച്ചുനിൽക്കുന്നതായിരിക്കും. അചേതനപ്രപഞ്ചത്തിന്റെ നിഗൂഢതയെപ്പറ്റി ഇവിടെയെങ്ങും പറയുന്നില്ല. കൊച്ചുഭൂമിയിലെ ജീവിക്കുന്ന വിസ്മയങ്ങൾ തങ്ങളെ രൂപപ്പെടുത്തുകയും അളവറ്റ സങ്കീർണ്ണതക്ക് മേൽ തങ്ങളുടെ അസ്തിത്വം പടർത്തുയർത്തുകയും ചെയ്ത ഒരു വിദഗ്ധ ഹസ്തത്തിന്റെ സാന്നിധ്യത്തിന്റെ ആവശ്യകതയെക്കുറിച്ച്

വിലാപം പൊഴിക്കുന്നു. ദൈവത്തെ നിഷേധിച്ചാൽ ജീവന്റെ ഈ വിലാപങ്ങൾ ശ്രദ്ധിക്കപ്പെടാതെയും ഉത്തരം നൽകപ്പെടാതെയും പോവും. ജീവൻ സ്വയം സൃഷ്ടിക്കപ്പെട്ടതല്ലെന്നും മരണത്തിന് ജീവനെ സൃഷ്ടിക്കാൻ സാധ്യമല്ലെന്നുമുള്ള കാര്യം തീർച്ചയായും മനുഷ്യന് ഉറപ്പിക്കാവുന്നതാണ്. ■

*(13-ൽ നിന്ന് തുടർച്ച)*

ഷ്യന്റെ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ നിരാകരിക്കാത്തതുമായ ഉൾക്കാഴ്ചയും ഖുർആന്റെ മേൽ വലുതായ ആദരവ് നമുക്കുണ്ടാക്കുന്നു. ജിന്നെന്ന് പറയുന്നത് അമാനുഷികമായ ഒരു സൃഷ്ടിയായി കരുതുന്ന ഒരു വിഭാഗം ആളുകൾക്ക് ഉപദേശം നൽകാനാണ് ഞാനീ വിഷയം കുറച്ചു ദീർഘിച്ച് ചർച്ച ചെയ്തത്. അത്തരം വിശ്വാസങ്ങൾ അടിസ്ഥാനരഹിതമാണ്. ഖുർആനെ ശരിയായ രീതിയിലും, ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ നിരാകരിക്കാത്ത അവസ്ഥയിലും വ്യാഖ്യാനിക്കുക എന്നതാണ് പ്രധാനമായ കാര്യം. വാസ്തവത്തിൽ അത്തരം കണ്ടുപിടിത്തങ്ങൾ ഖുർആന്റെ ശരിയായ വ്യാഖ്യാനത്തെ പിന്തുണക്കുകയാണ് ചെയ്യുന്നത്. ഞാൻ എന്റെ വ്യാഖ്യാനം നൽകിക്കഴിഞ്ഞു. ദൈവാസ്തികൃത്തിനും തിരുനബിയുടെ സത്യത്തിനും അത് മതിയായ തെളിവാണ്.

ജിന്നെന്ന് പറയുന്നതു, സ്ത്രീകളെ വശീകരിക്കുകയോ, ചിലരുടെ കുട്ടികളെ പിടിച്ചെടുക്കുകയോ, ജിന്നിന്റെ സഹായത്താൽ സൗന്ദര്യം വർദ്ധിപ്പിച്ച്, വേറൊരാളുടെ സ്നേഹം പിടിച്ചുപറ്റാൻ സഹായിക്കുകയോ ചെയ്യുന്ന ഒരു പ്രത്യേക സൃഷ്ടിയാണെന്ന് വിശ്വസിക്കുന്നവർ, ഖുർആനിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന് പറയണം. അത്തരത്തിലുള്ള ജിന്ന് പ്രപഞ്ചത്തിന്റെ അതിരു കടന്ന് പോയിട്ടുണ്ടോ, അതിന് ശ്രമിച്ചിട്ടുണ്ടോയെന്ന് നമുക്കെങ്ങനെ അറി യാം? നമ്മുടെ പൂർവ്വീകർ അതു ചെയ്തിട്ടുണ്ടാവില്ല. അങ്ങനെ ജിന്ന് ചെയ്തിട്ടുണ്ടെങ്കിൽ നമുക്ക് അതിനെപ്പറ്റി അറിവില്ല. ഖുർആന്റെ സത്യത്തിന് അതെവിടെയാണ് തെളിവു നൽകുന്നത്? അതേസമയം എന്റെ വ്യാഖ്യാനം ഖുർആന്റെ സത്യത്തിന് വ്യക്തമായ തെളിവ് നൽകുന്നുണ്ട്.

**(The Review of Religions, Jan. 2001)**

**(വിവ: കെ.എ. അബ്ദുൽകലാം, കൊച്ചി)** ■

*(19-ൽ നിന്ന് തുടർച്ച)*

രാജ്യങ്ങളിൽ അഹ്മദിയ്യാ മിഷനുകൾ രൂപപ്പെട്ടു.

ജനഹൃദയങ്ങൾ കീഴടക്കാൻ ലോകത്ത് ആർക്കാണ് സാധിക്കുക? മഹത്തായ ത്യാഗങ്ങൾക്ക് ജനങ്ങളെ പ്രേരിപ്പിക്കാൻ ആർക്കാണ് കഴിയുക? അതിനു അല്ലാഹുവിന്റെ കൈ പിന്നിൽ പ്രവർത്തിച്ചേ തീരൂ. ലോകത്ത് വിപ്ലവം ഉണ്ടാക്കിയതവനാണ്. ജനഹൃദയങ്ങൾ ഇതിലേക്ക് വലിച്ചുകൊണ്ടുവന്നതും അവൻതന്നെ. ഇസ്ലാമിനുവേണ്ടി ജീവനും സ്വത്തുമെല്ലാം ത്യജിക്കാൻ അവൻ അവർക്കു പ്രചോദനം നൽകി.

കുട്ടികൾ ജനിക്കുക എന്നതു സാധാരണയാണ്. പക്ഷേ, അവന്റെ ഭാവിയെക്കുറിച്ച് പ്രവചിച്ചു അതു പൂർത്തിയാക്കുക മാതാപിതാക്കൾക്ക് സാധ്യമല്ല. സാധ്യമാണ്, ഒരു കൂട്ടർക്ക്. അവരാണ് ദൈവം നിയോഗിക്കുന്ന പ്രവാചകന്മാർ! ■

## ലോകം ഒരു വഴിയമ്പലം

ഇബ്നു ഉമറി(റ)ൽ നിന്നും നിവേദനം: ഒരിക്കൽ നബി തിരുമേനി (സ) എന്റെ രണ്ടു ചുമലുകൾ പിടിച്ചുകൊണ്ട് ഇങ്ങനെ അരുളി: 'നീ ഈ ലോകത്ത് ഒരു വിദേശ സഞ്ചാരിയെപ്പോലെ, അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെപ്പോലെ ജീവിച്ചുകൊള്ളുക. പ്രഭാതം ഉദയം ചെയ്യുമെന്ന് സായാഹ്നത്തിൽ നീ പ്രതീക്ഷിക്കരുത്; പ്രഭാതത്തിൽ സായാഹ്നം വരുന്നതും നീ കാത്തിരിക്കരുത്; നിന്റെ ആരോഗ്യഘട്ടത്തിൽ നിന്ന് രോഗഘട്ടത്തിലേക്ക് വേണ്ടത് നീ കരസ്ഥമാക്കിവെക്കുക. നിന്റെ ജീവിതത്തിൽ നിന്ന് മരണഘട്ടത്തിലേക്ക് വേണ്ടതും നേടിവെക്കുക' ***(ബുഖാരി)***

ലേഖനം

ഏ.ക്യു. മഹ്ദി

# ഈ നൂറ്റാണ്ടിനോട് സംവദിക്കുന്ന ഒരു വൈജ്ഞാനിക ഗ്രന്ഥം

**അറബി മലയാളരചനകളിൽ നിന്ന് പിച്ച വെച്ചു ആരംഭിച്ച കേരളത്തിലെ അഹ്മദിയ്യാ സാഹിത്യം അച്ചടി മാദ്ധ്യമത്തിലുണ്ടായ പുരോഗതിക്കൊപ്പം വികസിക്കുകയായിരുന്നു. അത്യുജ്ജ്വലമായ 'ഇസ്‌ലാം മതതത്ത്വജ്ഞാന'ത്തിന്ശേഷം 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്ന പുസ്തകത്തിൽ അഹ്മദിയ്യാ സാഹിത്യം എത്തിനിൽക്കുന്നു.**

**1925**ലാണ് മലയാളത്തിൽ അഹ്മദിയ്യത്തിന്റെ അക്ഷരരഥമുരുണ്ടു തുടങ്ങിയത്. അപ്പോഴാണ് നമ്മുടെ മുഖപത്രമായ സത്യദൂതന്റെ പിറവി. എട്ടര പതിറ്റാണ്ടിനു മുമ്പേ അന്ന് ഈ ഞാനും നിങ്ങളിലധികപേരും ജനിച്ചിട്ടു പോലുമില്ല. കേരളത്തിൽ ഇസ്‌ലാമിക സാഹിത്യത്തെ യാഥാസ്ഥിതികമായ മാപ്പിള സാഹിത്യത്തിൽ നിന്ന് മോചിപ്പിക്കാൻ സത്യദൂതൻ നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്. കുലീനത്വത്തിന്റെ എത്ര വലിയ മാധ്യമ പാരമ്പര്യമുള്ള മാസികയാണ് നമ്മുടേതെന്ന അഭിമാനബോധം ഈ വരികൾ കുറിക്കുമ്പോൾ എന്റെ മനസ്സിലുണ്ട്.

സത്യദൂതന്റെ ജനനത്തിന്റെ കാലത്തിന് തൊട്ടുമുമ്പേ നമ്മുടെ സാഹിത്യങ്ങൾ കേരളത്തിൽ പുറത്തിറങ്ങിയിട്ടുണ്ടെന്ന് ചരിത്രം പറയുന്നു. ആദ്യഗ്രന്ഥത്തിന്റെ കർത്താവ് കണ്ണൂർ സിറ്റിയിലെ മർഹും കെ.എം. ഇബ്രാഹിം കുഞ്ഞി സാഹിബായിരുന്നു.

1911ൽ, 99 വർഷങ്ങൾക്ക് മുമ്പേ അറബി മലയാളത്തിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ആദ്യ പുസ്തകത്തിന്റെ പേര് 'തുഹ്ഫത്തുൽ മലബാർ' എന്നായിരുന്നു. രണ്ടാമത്തെ പുസ്തകത്തിന്റെ രചയിതാവും ഇബ്രാഹിം കുഞ്ഞി സാഹിബ് തന്നെ, 1923-ൽ എഴുതപ്പെട്ട "മതാന്ധകാര സംഹാരി അഥവാ മതപരിഷ്കാര ഉപകാരി" എന്ന പുസ്തകമായിരുന്നു. പഴമയുടെ ഗന്ധമുള്ള ആ പേര് തന്നെ കൗതുകം ജനിപ്പിക്കുന്നതായിരുന്നു.

എന്റെ വന്ദ്യപിതാവ് മർഹും എച്ച്.എ. ഖഹാർ സാഹിബിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നാണ് പഴയകാലത്തെ ഈ സാഹിത്യനിക്ഷേപങ്ങൾ കണ്ടെത്തുന്നത്.

ഇപ്പോഴെന്റെ മുമ്പിലിരിക്കു ന്ന 1928-ലെ സത്യദൂതൻ പതിപ്പിൽ നിന്ന്, മർഹും എൻ, ഹാമിദ് സാഹിബ് ആയിരുന്നു അന്ന് പത്രാധിപർ എന്നു കാണുന്നു. ഇദ്ദേഹത്തിനു മുമ്പേ രണ്ടു പത്രാധിപന്മാർ കൂടി ഉണ്ടായിരുന്നു. മർഹും എച്ച്. ഹുസൈൻ സാഹിബും, മർഹും വി. അബ്ദുൽ ഖയ്യൂം സാഹിബും.

കണ്ണൂരിൽ നിന്നായിരുന്നു ആദ്യ കാലത്ത് സത്യദൂതൻ പ്രസിദ്ധീക രിച്ചിരുന്നത്.

എൻ. ഹാമിദ് സാഹിബും, എച്ച്. ഹുസൈൻ സാഹിബും. വി. അബ്ദുൽ ഖയ്യൂം സാഹിബും പത്രാധിപന്മാരായിരുന്ന കാലത്തും അതിനുശേഷം തന്റെ മരണകാലം വരെയും സത്യദൂതന്റെ മുഴുവൻ സാരഥിയായി എല്ലാം നിയന്ത്രിച്ചിരുന്നത്, വലിയ മൗലവി സാഹിബ് എന്നറിയപ്പെട്ടിരുന്ന മൗലനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ അവർകളായിരുന്നു.

ഒരു സുദീർഘകാലം ഈ മാന്യപദവി മർഹും എൻ. അബ്ദുർ റഹീം സാഹിബാണ് അലങ്കരിച്ചത്.

തുടർന്ന്, മർഹൂം മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബ്, മർഹൂം ബി.എം. കോയ സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് എന്നിവരും പത്രാധിപന്മാരായി സത്യദൂതനെ നയിച്ചിട്ടുണ്ട്. ഇതാ ഇപ്പോൾ ഏറ്റവുമൊടുവിൽ ജനാബ് എ.എം. മുഹമ്മദ് സലീം സാഹിബും.

സത്യദൂതന്റെ കൃത്യമായ ചരിത്രം രേഖപ്പെടുത്തലല്ല ഇവിടെ എന്റെ ഉദ്ദേശ്യലക്ഷ്യം. സാഹിത്യലോകത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ സത്യദൂതൻ വഹിച്ച നിർണ്ണായകപങ്ക് അടയാളപ്പെടുത്താനാണ് ഞാനിതെഴുതിയത്. അനുവാചകനിൽ ആത്മീയപ്രകാശത്തിന്റെ ആലക്തിക ദ്യുതി പകർന്നുകൊണ്ടൊഴുകിയ ആ സാഹിത്യസരണി ഇന്ന് നാലാം ഖലീഫ തിരുമനസ്സ് മിർസാ ത്വാഹിർ അഹ്മദ് അവർകൾ രചിച്ച വെളിപാട്, യുക്തി, ജ്ഞാനം, സത്യം എന്ന പുതിയ ഗ്രന്ഥത്തിലെത്തിനില്ക്കുന്നു.

അഹ്മദിയ്യാ സാഹിത്യങ്ങൾ ഏറേയും പിറവി കൊണ്ടത് മൗലാനാ ബി. അബ്ദുല്ലാ സാഹിബ് എച്ച്.എ. അവർകളുടെ തൂലികയിൽ നിന്നാണ്. പിന്നീട് മർഹൂം എൻ. അബ്ദുർ റഹീം സാഹിബിന്റെ സാഹിത്യസപര്യയിൽ വിലപ്പെട്ട നിരവധി നല്ല പുസ്തകങ്ങൾ ഉണ്ടായി. ഹദ്റത്ത് അഹ്മദ്(അ)ന്റെ ജീവചരിത്രം രണ്ടുഭാഗങ്ങൾ ഉൾപ്പെടെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ പട്ടികയിലുണ്ട്. അവയിലധികവും പരിഭാഷകളായിരുന്നു; ഉർദുവിൽ നിന്നും ഇംഗ്ലീഷിൽ നിന്നുമുള്ളവ.

അന്ന് പരിഭാഷയ്ക്ക് വിധേയമാക്കപ്പെട്ട മൂലഗ്രന്ഥങ്ങൾക്ക് ഒരു ലാളിത്യഭാവമുണ്ടായിരുന്നുവെന്നു തോന്നുന്നു. അനായാസം പരിഭാഷ നിർവഹിക്കത്തക്ക ഗഹനതയേ മൂലകൃതിയ്ക്കുണ്ടായിരുന്നുള്ളൂവെന്നാണ് മനസ്സിലാകുന്നത്. മലയാളത്തിൽ ചരിത്രം സൃഷ്ടിച്ച വാഗ്ദത്ത മസീഹിന്റെ പ്രൗഢഗംഭീരമായ ഇസ്ലാം മതതത്ത്വജ്ഞാനം എന്ന അപൂർവ്വകൃതി ഇതിനൊരപവാദമായുണ്ട്. ഇസ്ലാം മതതത്ത്വജ്ഞാനത്തിന്റെ പ്രസക്തി ശാശ്വതമാണെന്ന് നിസ്സംശയം പറയാം. ആത്മീയ സുരഭിലമായ അഹ്മദിയ്യാ സാഹിത്യങ്ങളുടെ സ്വീകാര്യത കാലത്തെ അതിജീവിക്കുന്നതാണ്.

കാലം മാറി. ശാസ്ത്രരംഗവും അത്യസാധാരണമാംവിധം പുരോഗതിയിലേയ്ക്കു കുതിച്ചു. ഇലക്ട്രോണിക് മാധ്യമം അക്ഷരങ്ങളെ കൈയ്യടക്കി ഒരു ഡിജിറ്റൽ വിപ്ലവം തന്നെ സൃഷ്ടിച്ചു. മതരംഗങ്ങളിലും മാറ്റങ്ങളുടെ കാറ്റുവീശാൻ തുടങ്ങി. മതസാഹിത്യങ്ങളുടെ ഭാഷയും രീതിയുമൊക്കെ മാറ്റത്തിനു വിധേയമാവുന്ന ഒരവസ്ഥയിലേയ്ക്ക് ലോകം എത്തിച്ചേരുകയും ചെയ്തു. ഇന്ന് ഇന്റർനെറ്റിലെ ഓൺലൈൻ പ്രസിദ്ധീകരണങ്ങളുടെ കാലത്ത് അഭൂതപൂർവ്വമായ വളർച്ചയാണ് ഈ രംഗത്ത് സംഭവിച്ചത്.

ഓൺലൈൻ പ്രസിദ്ധീകരണങ്ങളുടെ കാലമാണിത്. വലിയ വിജ്ഞാനകോശങ്ങൾ വരെ ഒന്നോ രണ്ടോ ഡിസ്ക്കുകളിൽ സൂക്ഷിക്കാനും എളുപ്പത്തിൽ അവ റഫർ ചെയ്യാനും നമുക്ക് കഴിയുന്നു. മലയാളത്തിലെ ഏറ്റവും വലിയ ഒരു Online - Magazin ആരംഭിക്കപ്പെട്ടു. 2009 ജൂൺ ലക്കം മുതൽ തുടർച്ചയായി ഞാന തിൽ എഴുതുന്നുണ്ട്. ഇതാണ് മാസികയുടെ വിലാസം, താൽപ്പര്യമുള്ളവർക്കു തുറന്നു നോക്കാം.

WWW. EZHUTHMAGAZIN. BLOGSPOT. COM

നമ്മുടെ മുഖപ്പത്രമായ സത്യദൂതനും ഇപ്പോൾ 'ഓൺ ലൈൻ' സംവിധാനമുണ്ട്.

ആധുനിക ഡിജിറ്റൽ യുഗം വിവരശകലങ്ങളെ നമ്മുടെ വിരൽതുമ്പിലാക്കിയിരിക്കുന്നു. കല്ലച്ചിൽ ആരംഭിച്ച മലയാളത്തിലെ അഹ്മദിയ്യാ സാഹിത്യത്തിനും ഈ ഡിജിറ്റൽ വിപ്ലവത്തിൽ നിന്ന് ഒഴിഞ്ഞുനില്ക്കാനായില്ല. പ്രബുദ്ധമായ നമ്മുടെ ഖലീഫയാണ് ഡിജിറ്റൽ സാങ്കേതികവിദ്യ ഇസ്ലാംമത പ്രചാരണത്തിന് ഉപയോഗിച്ചതെന്ന യാഥാർത്ഥ്യം ഒരു ചരിത്രസത്യമായി മാറിയിരിക്കുന്നു. ഞാനീ എഴുതുന്ന വരികളിൽ ആത്മീയകാര്യങ്ങളോ ജമാഅത്തിയായ വിഷയങ്ങളോ ഇല്ലല്ലോ എന്നു ചിലർക്കെങ്കിലും പരാതിയുണ്ടാവാം. എന്നാൽ ഒന്നു ധരിക്കുക. നമ്മുടെ ജമാഅത്തംഗങ്ങൾ പൊതുവിജ്ഞാനവിഷയത്തിൽ കൂടി ശ്രദ്ധിക്കണമെന്നെനിക്കഭിപ്രായമുണ്ട്. ഭൗതിക വിദ്യാഭ്യാസം പാടില്ല എന്ന 'മദ്രസാ മനോഭാവം' നമുക്കില്ല എന്നറിയാമല്ലോ. ആദ്യകാലത്ത്, ഒരു നൂറ്റാണ്ടിനുമുമ്പേ, ഖാദിയാനിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചപ്പോൾ വാഗ്ദത്ത മസീഹ് ഇക്കാര്യം പ്രത്യേകം ഉണർത്തിയിട്ടുമുണ്ട്.

ഇതൊക്കെ ഞാനെഴുതിയത് ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയെപ്പറ്റി പറയാനാണ്. ശാസ്ത്രസാങ്കേതികജ്ഞാനം കൊണ്ട് ഗഹനവും വിവരവിജ്ഞാനത്തിന്റെ ശീഘ്രവിനിമയം കൊണ്ട് സജീവവുമായ ഈ നൂറ്റാണ്ടിനെ ഇസ്ലാമിക പക്ഷത്തുനിന്ന് അഭിസംബോധന ചെയ്ത ഒരു സവിശേഷ പുസ്തകത്തെ സംബന്ധിച്ചാണ് ഇനി പ്രതിപാദിക്കുന്നത്.

ഈയൊരു നവീനകാലത്താണ്, നാലാം ഖലീഫ തിരുമനസ്സ് മിർസാ ത്വാഹിർ അഹ്മദ് അവർകളുടെ 'Revelation, Rationality, Knowledge & Truth' എന്ന പ്രൗഢ ഗ്രന്ഥത്തിന്റെ പിറവി. മതസാഹിത്യ രംഗത്തു അദ്ധ്യാത്മികവും ഭൗതികവുമായ വിജ്ഞാനസഞ്ചയത്തിന്റെ ലോകത്തേയ്ക്കുള്ള ഒരു വഴികാട്ടിയായാണീ ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്. ശരിക്കും ഇതൊ രു റഫറൻസ് മൂലമുള്ള പുസ്തകമാണ്. ശാസ്ത്ര വൈജ്ഞാനിക ലോകത്തെ അഭിമുഖീകരിച്ച് മതപക്ഷത്തുനിന്ന് രചിക്കപ്പെട്ട ഈ പുസ്തകം വെളിച്ചം കണ്ടപ്പോഴും മലയാളക്കരയിലെ അഹ്മദിയ്യാ സമൂഹത്തിന് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം അപ്രാപ്യമായ നിലയിലാണ് തുടർന്നത്. കാരണം ഇതു രചിക്കപ്പെട്ടത്, നമ്മിൽ ഭൂരിപക്ഷ സമൂഹത്തിനും വഴങ്ങാത്ത ഇംഗ്ലീഷ് ഭാഷയിലാണ്. കൂടാതെ അതി ഗഹനമായ വിഷയങ്ങളുമായിരുന്നു. അതുകൊണ്ടുതന്നെ ഈ പുസ്തകം കേരള ജമാഅത്തുകളിൽ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. അപ്പോഴാണ്, സുമാർ ഒരു വർഷം മുമ്പേ ഇതിന്റെ മലയാള പരിഭാഷ പുറത്തിറങ്ങിയത്. ഉജ്ജ്വലവും, ഗഹനവും, ഉദാത്തവുമായ ഈ ഗ്രന്ഥത്തിന്റെ മലയാളത്തിലേയ്ക്കുള്ള മൊഴിമാറ്റം നടത്താനുള്ള അവസരവും ഭാഗ്യവും സിദ്ധിച്ചത് **സത്യദൂതൻ പത്രാധിപർ ജനാബ് എ. എം. മുഹമ്മദ് സലീം സാഹിബിനാണ്.** അദ്ദേഹം വളരെ സ്തുത്യർഹവും മനോഹരവുമായി ആ കൃത്യം നിർവഹിച്ചതോടെ, വിജ്ഞാനപ്രദമായ ഒരു നല്ല ഗ്രന്ഥം മലയാള അഹ്മദിയ്യാ സമൂഹത്തിനു ലഭ്യമായി.

ഞാൻ ഒരുവട്ടം ഈ പുസ്തകം പൂർണ്ണമായി വായിച്ചു പൂർത്തിയാക്കിയപ്പോൾ ഒരു കാര്യം വ്യക്തമായി; ഒരിക്കലും ഇതിന്റെ വിവർത്തനം അത്ര അനായാസം, ലാഘവപൂർവ്വം നിർവഹിക്കാൻ കഴിയുന്നവിധമുള്ള ഒന്നായിരുന്നില്ല എന്ന്. സാങ്കേതികസംജ്ഞകളും, ശാസ്ത്രസംബന്ധമായ പദങ്ങളും നിറഞ്ഞ ഒരു മൂലകൃതിയിൽ നിന്നാണ് ഇത് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത്. ഓരോ ശാസ്ത്ര സാങ്കേതിക പദത്തിനും തെല്ലും അർത്ഥ ശങ്ക വരാത്ത നിലയിൽ പരിഭാഷ നൽകപ്പെട്ടിട്ടുണ്ട്.

എന്താണ് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം, പ്രസക്തി? നിലവിലുള്ള, സങ്കീർണ്ണവും അവ്യക്തതനിറഞ്ഞതുമായ മതവിഷയിയായ നിരവധി ധാരണകളെപ്പറ്റി ആർക്കും മനസ്സിലാവുന്ന തരത്തിൽ ലളിതമായി വിവരിക്കുകയാണ്, നമ്മുടെ നാലാം ഖലീഫ തിരുമനസ്സ് ഈ ഗ്രന്ഥത്തിലൂടെ.

ഈ ഗ്രന്ഥത്തിന്റെ റഫറൻസ് മൂല്യത്തെപ്പറ്റി ഒരു വട്ടം കൂടി പറയാതെ വയ്യ. മതവിഷയം എന്തും, ഏതുമാവട്ടെ, അതിനെപ്പറ്റി അറിയാനും സംശയങ്ങൾ ദൂരീകരിക്കാനും ഈ ഗ്രന്ഥത്തിലെ ഓരോ താളിലും, വരിയിലും പരിഹാരമാർഗ്ഗമുണ്ട്.

യുക്തിയെയും വിശ്വാസത്തെയും ശാസ്ത്രീയമായി അപഗ്രഥനം ചെയ്യുന്ന ഒരു ഉള്ളടക്കമാണിതിലേത്. അതിനുവേണ്ടി ഏറ്റവും ആധുനികമായ ശാസ്ത്രനിഗമനങ്ങൾ വരെ ഖലീഫ തിരുമനസ്സ് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ഈ ഗ്രന്ഥത്തിലെ ഏറ്റവും ആകർഷണീയവും ഉദാത്തവുമായ വിഷയങ്ങൾ, വെളിപാടുകളുടെ പ്രകൃതം, 'ദിവ്യവെളിപാടുകളും യുക്തിബോധവും' എന്നിവയാണ്. ഈ പുസ്തകത്തിന്റെ നാലാം ഭാഗത്താണീ വിഷയങ്ങൾ.

ഈ മഹൽഗ്രന്ഥത്തിന് ഒട്ടാകെ ഏഴു ഭാഗങ്ങളുണ്ട്, അവയിലൂടെ 38 അദ്ധ്യായങ്ങളും. തികച്ചും വൈജ്ഞാനികഭാഷയാണ് ഈ ഗ്രന്ഥത്തിലുപയോഗിച്ചിരിക്കുന്നത്. ശാസ്ത്രസാങ്കേതിക പദങ്ങളുടെ തർജ്ജമ ലളിതമായും, എന്നാൽ അർത്ഥവ്യത്യാസം തെല്ലും വരാതെയും, അസാധാരണചാരുതയോടെ ഈ പരിഭാഷയിൽ നിർവഹിച്ചിരിക്കുന്നു. ദുർഗ്രഹമെന്നു തോന്നപ്പെടുന്ന പല സാങ്കേതിക പദങ്ങൾക്കും വിവർത്തകൻ യുക്തിപൂർവ്വം തന്നെ അടിക്കുറിപ്പു നൽകി വ്യക്തത വരുത്തിയത് വായനക്കാരന് അനുഗ്രഹകരമാണ്.

ഒന്നാംഭാഗത്ത് 13 പേജുകൾ നിറയുന്ന വളരെ വിജ്ഞാനപ്രദമായ ഒരു മുഖവുര കൊടുത്തിട്ടുണ്ട്. തുടർന്ന് നാലു വിഷയങ്ങളും. ഒന്നാമത്തെ വിഷയം 'വ്യക്തിയും സമൂഹവും' എന്നതാണ്. 'ഇസ്ലാമിക ചിന്താസരണികൾ' എന്ന് രണ്ടാമത്തെ വിഷയം. പിന്നീട് 60 പേജുകളിലൂടെ യൂറോപ്യൻ തത്ത്വശാസ്ത്രത്തെയും ഗ്രീക്കു തത്ത്വശാസ്ത്രത്തെയും ചരിത്രപരമായി തന്നെ വിശകലനം ചെയ്യുന്നുണ്ട്.

രണ്ടാം ഭാഗമാകട്ടെ, എല്ലാ മതങ്ങളെപ്പറ്റിയും പ്രസ്താവിക്കുന്നു. ഹിന്ദു, ബുദ്ധ, കൺഫ്യൂഷിയസ്, താവോ, സൊരാഷ്ട്ര മതങ്ങളെയാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. ആറാം വിഷയം 'കഷ്ടാനുഭവത്തിന്റെ പ്രശ്നങ്ങൾ' എന്ന പേരി

ലുള്ളതാണ്. ജീവികളുടെ പരിണാമ ചരിത്രത്തോടൊപ്പം അതിന്റെ സംവേദനാവയവങ്ങൾ (Sensory Organs) ആവിർഭവിക്കാൻ കാരണമായ ഘടകങ്ങളെക്കുറിച്ചു വരെ വ്യക്തമായി പ്രതിപാദിക്കുന്നു ഈ വിഷയത്തിലൂടെ.

മൂന്നാം ഭാഗം, രണ്ടു വ്യത്യസ്ത വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഭൗതികവീക്ഷണത്തെപ്പറ്റി ഒരു വിലയിരുത്തലാണ് ഒരു വിഷയമെങ്കിൽ, 'ദൈവസങ്കൽപ്പം' എന്നതിലൂടെ ആസ്ട്രേലിയയിലെ അബോറിജിനുകളുടെ ചരിത്രം അനാവരണം ചെയ്യപ്പെടുന്നു അടുത്തതിലൂടെ.

നാലാം ഭാഗത്തിന് 134 പേജുകളുടെ ദൈർഘ്യമേ ഉള്ളൂവെങ്കിലും വ്യത്യസ്തമായ ഏഴു വിഷയങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മുൻവരികളിലൊരിടത്തു സൂചിപ്പിച്ച 'വെളിപാടുകളുടെ പ്രകൃതം', 'ദിവ്യവെളിപാടുകളും യുക്തിബോധവും' എന്നീ രണ്ടു നല്ല വിഷയങ്ങളോടൊപ്പം ഈ ഭാഗത്ത് 'ഖുർആനും ഭൗമേതര ജീവികളും' എന്ന, ആധുനിക ശാസ്ത്രകാരന്മാരെപ്പോലും അത്ഭുതത്തിന്റെ മുൾമുനയിൽ നിർ ത്തുന്ന വിസ്മയകരമായ ഒരു വിഷയവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അഞ്ചാം ഭാഗത്ത് ഒട്ടാകെ പതിനൊന്നു വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

'ജീവൻ ഖുർആനിക വെളിപാടുകളുടെ വെളിച്ചത്തിൽ' 'ജീവന്റെ ഉത്ഭവം' തുടങ്ങി 'ജിന്ന്', 'ഭൂമിയിൽ ജീവന്റെ ഭാവി' വരെയുള്ള വളരെ താല്പര്യജനകമായ വിഷയങ്ങളാണ് ഇവ.

ഏഴാം ഭാഗത്തിന് 118 പേജുകളാണ്. 'അദൃശ്യങ്ങളെ അനാവരണം ചെയ്യുന്ന ഖുർആൻ' എന്ന വളരെ വിജ്ഞാനപ്രദമായ ഒരു വിഷയത്തിൽ തുടങ്ങി, 'ന്യൂക്ലിയർ ഹോളോകാസ്റ്റ്', 'ജെനിറ്റിക് എഞ്ചിനിയറിങ്ങ്', 'പ്ലേഗ്', എന്നിവയിലൂടെ 'എയ്ഡ്സ് രോഗാണു' എന്ന ആധുനികകാലത്തെ ഭീകരരോഗത്തെപ്പറ്റിയുള്ള സൂചനകളിൽ വരെ വന്നെത്തി നിൽക്കുന്നു ഈ ഭാഗങ്ങൾ.

അവസാനത്തെ എട്ടാംഭാഗത്തെ 86 പേജുകളിലൂടെ മൂന്നു വിഷയങ്ങൾ കൂടി പറഞ്ഞ്, ഗ്രന്ഥം ഉപസംഹരിക്കുന്നു. 'വെളിപാടിന്റെ ഭാവി' തുടങ്ങി 'യേശുവും പരിസമാപ്തിയും' എന്ന അവസാന വിഷയത്തിലൂടെ വിജ്ഞാനസമ്പൂർണ്ണമായ ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിനു തിരശ്ശീല വീഴുന്നു. ഒപ്പം എന്റെയീ ചെറിയ വരികൾക്കും. ■

*(23-ൽ നിന്ന് തുടർച്ച)*

കൂടവും വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരുവാൻ സാധ്യമാകും. സംഘർഷരഹിതമായി സാമൂഹിക ഉദ്ഗ്രഥനവും പുരോഗതിയും സാധ്യമാവും. ആഗോളവ്യാപകമായി അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യത്തിന്റേയും കടക്കെണിയുടേയും ആഘാതത്തിൽ നിന്ന് മുക്തമാവുകയും ചെയ്യും. അതിന്ന് സമ്പദ്വ്യവസ്ഥയെ പലിശയിൽ നിന്ന് മുക്തമാക്കി കൂടുതൽ സുസജ്ജമാക്കേണ്ടിയിരിക്കുന്നു. ■

### തിരുത്ത്

2010 ജനുവരി ലക്കത്തിൽ 41–ാം പേജിൽ "ഉപന്യാസമത്സരത്തിൽ...... രണ്ടാം സ്ഥാനം മജീദ് സാഹിബിന്റെയും ഫർസാന സാഹിബയുടെയും മകൾ നിലോഫറിന് ലഭിച്ചു" എന്നത് അബ്ദുൽ ജലീൽ സാഹിബിന്റെയും ഫർസാന സാഹിബയുടെയും .... എന്ന് തിരുത്തി വായിക്കാനപേക്ഷ.

## ദാനം ചെയ്യേണ്ടതെപ്പോൾ?

അബൂഹുറയ്റ(റ) നിവേദനം: ഒരാൾ തിരുമേനി(സ) യുടെയടുക്കൽ വന്നിട്ട് ചോദിച്ചു : 'ദൈവദൂതരേ, ഏത് ദാനത്തിന്നാണ് കൂടുതൽ പുണ്യം?' തിരുമേനി(സ) അരുളി: 'നീ ആരോഗ്യവാനായിരിക്കുകയും, ധനത്തോട് നിനക്ക് ആഗ്രഹമുണ്ടായിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ, ദാരിദ്ര്യത്തെക്കുറിച്ച് ഭയമുണ്ടാവുന്ന ആ പരിതഃസ്ഥിതിയിൽ നീ നൽകുന്ന ദാനമാണ് കൂടുതൽ പുണ്യമുള്ളത്. ആ പരിതഃസ്ഥിതിയിൽ നീ ദാനം ചെ യ്യാൻ താമസിപ്പിക്കരുത്. കാരണം ജീവൻ കണ്ഠനാളത്തിലെത്തിക്കഴിഞ്ഞാൽ ഇന്നവനിത്ര കൊടുക്കണം എന്നെല്ലാം നീ തന്നെ പറയാൻ തുടങ്ങും. വാസ്തവത്തിൽ അത് 'മറ്റൊരുവന്റെ സ്വത്തായി മാറിക്കഴിഞ്ഞിരിക്കയാണ്.' ***(ബുഖാരി)***

മധു ജയ്ൻ

ലേഖനം

# ഡോ. അബ്ദുസ്സലാമിന്റെ സ്വകാര്യ ലോകം

**നോബൽ സമ്മാന ജേതാവായതിന് ശേഷം തന്റെ ജന്മനാടായ ഇന്ത്യയിലേക്ക് ആദ്യമായി വന്ന അബ്ദുസ്സലാമിനെ അനുഗമിച്ച ലേഖകൻ 'ന്യൂ ഡൽഹി' മാഗസിനിൽ 1981 ഫെബ്രവരി മാർച്ച് ലക്കത്തിൽ എഴുതിയ ലേഖനത്തിന്റെ തുടർച്ച**

പിന്നീട് ഞങ്ങളെ പള്ളിക്കകത്തുകൂടി ഖാദിയാനിലെ ഇപ്പോഴത്തെ തലവനായ മിർസാ സാഹിബിന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അദ്ദേഹം അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ പൗത്രനാണ്. ഇവിടെ വെച്ച് പ്രൊഫസറുടെ ജീവിതം മെല്ലെ അനാവരണം ചെയ്യപ്പെടാൻ തുടങ്ങി. തന്റെ സ്നേഹിതൻ നിരവധി ഫലിതങ്ങൾ പറയുകയും വികൃതി കാണിക്കുകയും ചെയ്ത ആ ദിനങ്ങൾ ഗുരുബക്ഷ് സിംഗ് അനുസ്മരിച്ചു: "കുടുംബജീവിതമാരംഭിക്കുന്നതിനുമുമ്പേയായിരുന്നു അത്. ഇന്നുള്ളതിൽ നിന്ന് തികച്ചും വ്യത്യസ്തനായ മെലിഞ്ഞ, കൊച്ചുകുട്ടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പിതാവ് കഠിനാദ്ധ്വാനം ചെയ്യാനുള്ള പുതിയ വഴികൾ വിശദീകരിച്ചുകൊടുത്തിരുന്നതെങ്ങനെയായിരുന്നുവെന്ന് ഞാൻ ഓർക്കുന്നു. 'അദ്ദേഹം നാഴികകളോളം നടന്നു സലാമിനെ സ്റ്റേഷനറികടയിലേക്ക് കൊണ്ടു പോയിരുന്നു.... അദ്ദേഹം ശ്രദ്ധാപൂർവ്വം പുസ്തകങ്ങൾ വായിച്ചു. അദ്ദേഹം കോളേജ് മാസികക്ക് വേണ്ടി ഗാലിബിനെ കുറിച്ചും പൊതുവിഷയങ്ങളെക്കുറിച്ചും ഉപന്യാസം എഴുതാറുണ്ടായിരുന്നു. അദ്ദേഹത്തിനൊരു സാഹിത്യശൈലിയുണ്ടായിരുന്നു. കൈയ്യക്ഷരം വളരെ മനോഹരമായിരുന്നു!" യുവാവായ സലാമിന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ പിതാവിനുണ്ടായിരുന്ന ഉത്കണ്ഠ നേരത്തെ പ്രൊഫസർ ഭട്ട് വിവരിച്ചിരുന്നു. "തന്റെ മകന്റെ പഠനകാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ അദ്ദേഹം ചുരുങ്ങിയ പക്ഷം മാസത്തിൽ രണ്ടു തവണയെങ്കിലും കോളേജിൽ വരുമായിരുന്നു" യുവാവായ സലാം തുടക്കത്തിൽ തന്നെ വളരെ ഉത്സാഹിയായിരുന്നു. "ഒരു പരീക്ഷണം പൂർത്തിയാവുമ്പോഴേക്കും അദ്ദേഹം അടുത്ത പരീക്ഷണത്തിലേർപ്പെട്ടിരുന്നു."

ഇപ്പോഴത്തെ സലാമിന് യഥാർത്ഥത്തിൽ യാതൊരു മാറ്റവുമില്ല. മിക്കവാറും ഒരു സ്കൂൾ കുട്ടിയുടെ ഉല്ലാസത്തോടും ആവേശത്തോടും കൂടിയായിരുന്നു നോബൽസമ്മാനത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചത്. മെഡൽ അടങ്ങിയ നീല വെൽവെറ്റ് പെട്ടി എപ്പോഴും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഒരു ജീവിതകാലത്തെ അഭിലാഷസാക്ഷാൽക്കാരമായിരുന്നു അത്.

എന്നിരിക്കിലും, നോബൽ അവാർഡിലേക്കുള്ള പാത ആകസ്മികതകൾ നിറഞ്ഞതായിരുന്നു. നോബൽ സമ്മാനം ലഭിച്ചില്ലായിരുന്നുവെങ്കിൽ ഡോ. സലാം അത്യുജ്ജ്വലനായ മേധാശക്തിപ്രകടമാക്കുന്ന, ഇച്ഛാഭംഗം സംഭവിച്ച അമിതകർക്കശനായ ഒരു ഉദ്യോഗസ്ഥനാവുമായിരുന്നു എന്നദ്ദേഹം പറഞ്ഞു. "എഫ്.എ. ബിരുദത്തിനു ശേഷം ഞാൻ റെയിൽവേയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. എന്റെ പിതാവ് ഖാദിയാനിലുള്ള ഇമാമിന്റെ ഉപദേശം തേടി ഈ ജോലി സ്വീകരിക്കുകയാണെങ്കിൽ ഞാൻ വേണ്ടത്ര ഇച്ഛാശക്തിയില്ലാത്ത ആളായിത്തീരും എന്ന് ഇമാം മറുപടി എഴുതി.

ഞാൻ യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നത് ഐ.സി.എസ്. പരീക്ഷക്ക് ഇരിക്കാനാണ്. എന്നാൽ 1946ൽ ഞാൻ എം.എ. പൂർത്തിയാക്കിയപ്പോൾ ഐ.സി.എസ്. നിർത്തലാക്കി. അതിനിടയിൽ യുദ്ധഫണ്ടിൽ നിന്ന് ചില സ്കോളർഷിപ്പുകൾ ഉണ്ടായിരുന്നു. അതിന് നൂലാമാലകളൊന്നുമുണ്ടായിരുന്നില്ല. ഞാനതിന് അപേക്ഷിച്ചു...

അത് മുതൽ എന്റെ എല്ലാ വഴി

യിലും ശാസ്ത്രമായിരുന്നു. ഐ. സി.എസ്. സ്വപ്നങ്ങൾ മങ്ങി വന്നു. കാംബ്രിഡ്ജിന്റെ ആ ലക്ഷ്യം നേർത്തില്ലാതായി. ആ സ്ഥാനത്ത് ന്യൂട്ടന്റെ ആത്മാവ് എന്നിൽ ഊതപ്പെട്ടു.

പ്രകൃതിയുടെ നിഗൂഢതകളിലേക്ക് കൂടുതൽ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രചോദനം നല്കുന്നഎന്തോ ചിലത് ഡോ. സലാമിനുണ്ടെന്ന് അദ്ദേഹവുമായി അല്പനേരം സംസാരിച്ചാൽ ഒരാൾക്ക് തിരിച്ചറിയാൻ സാധിക്കും. മൂന്നാം ലോകശാസ്ത്രജ്ഞന്മാർക്ക് മറ്റുള്ളവരേക്കാൾ കൂടുതലല്ലെങ്കിലും അവരെപ്പോലെ തന്നെയെങ്കിലും പ്രവർത്തിക്കാൻ സാധിക്കുമെന്ന് തെളിയിക്കാൻ ഡോ. സലാം ആഗ്രഹിക്കുന്നു എന്നാണ് നമുക്ക് ഗ്രഹിക്കാൻ സാധിക്കുക. ഇന്ത്യയിലേക്കും ബംഗ്ലാദേശിലേക്കുമുള്ള അദ്ദേഹത്തിന്റെ സന്ദർശനം കഴിഞ്ഞ് അടുത്തത് മദ്ധ്യപൗരസ്ത്യദേശമാണ്. ചൈനയിലും അദ്ദേഹം വളരെയധികം പ്രശംസിക്കപ്പെടുന്നു. ഇതെല്ലാം വ്യത്യസ്തമായ ഒരു വീക്ഷണത്തിലാണ് നമുക്ക് നോക്കിക്കാണാൻ കഴിയുക. ഏഷ്യക്കാർ സ്വയം ഉയർന്നുവരികയും ഗവേഷണരംഗത്ത് അർ പ്പണം ചെയ്യുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഡോ. സലാം തന്റെ മിക്കവാറും എല്ലാ പ്രഭാഷണങ്ങളിലും അഭിമുഖങ്ങളിലും ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ആദ്യസ്നേഹം: ഡോ. സലാമിന്റെ മൂന്നാംലോകത്ത് അതിരുകൾ അപ്രത്യക്ഷമാവുകയാണ്. അദ്ദേഹത്തിന്റെ ഭൂപടത്തിൽ മുഴുവൻ ഏഷ്യയും ഉൾക്കൊള്ളുന്നു. അതിനെ മുഴുവൻ ഏകോപിപ്പിക്കുന്ന ഒരു പ്രചോദനമാണ് ശാസ്ത്രം.

"ആദ്യമായി എന്റെ കൂറ് ശാസ്ത്രത്തോടാണ്". താങ്കൾ എവിടുത്തുകാരനാണ് എന്ന ചോദ്യത്തിന്ന് അബ്ദുസ്സലാമിന്റെ മറുപടിയായിരുന്നു ഇത്. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ സമയത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചത് അതിനുവേണ്ടിയായിരുന്നു

ഡോ. സലാമിന് ഭാര്യയും അഞ്ചുമക്കളുമുണ്ട്. (മൂന്ന് പുത്രിമാരും 2 പുത്രന്മാരും) പക്ഷേ, അവർപോലും അദ്ദേഹത്തെക്കുറിച്ച് വളരെക്കുറച്ചേ മനസ്സിലാക്കിയിട്ടുള്ളൂ എന്നുവരാൻ സാദ്ധ്യതയുണ്ട്.

ഡോ. സലാമിന്റെ ദിവസം ആരംഭിക്കുന്നത് പുലർച്ചെ "അന്നത്തേക്കുള്ള ചിന്തകൾ ഓർത്തെടുത്ത് അടുക്കിവെക്കുന്നതോടെ" യാണ്. എട്ടു മണിയോടെ അദ്ദേഹം തന്റെ ഓഫീസിൽ എത്തുന്നു. ഉച്ചവരെ ജോലിയെടുക്കുന്നു. ഉച്ചക്ക് ശേഷം അദ്ദേഹം ആളുകളെ സ്വീകരിക്കുന്നു. വൈകിട്ട് ഏഴ് വരെ ജോലി തുടരുന്നു. രണ്ടു മണിക്കൂറിനുശേഷം ഉറങ്ങാനുള്ള സമയമായി.

ഡോ. സലാമിന്റെ സമയം വിലമതിക്കാനാവാത്തതാണ്. മറ്റു മാനസികമായ ഇടപെടലുകളെപ്പറ്റി അദ്ദേഹത്തിന് ഭയമായിരുന്നു. അത്തരം മാനസിക വ്യാപാരം ആവശ്യപ്പെടുന്ന പുസ്തകങ്ങളും അദ്ദേഹം ഒഴിവാക്കിയിരുന്നു. പി.ജി. വോഡ്ഹൗസ് ഇഷ്ടഗ്രന്ഥകാരനായിരുന്നു. അഗതാക്രിസ്റ്റി പോലും വായനപ്പട്ടികയിൽ ഇല്ലായിരുന്നു. ഉദ്വേഗം ജനിക്കുന്ന കുറ്റാന്വേഷണകഥകൾ മാനസിക സംഘർഷങ്ങൾ ഉണ്ടാക്കുന്നത്കൊണ്ടാണ് അവ ഒഴിവാക്കിയത്.

മതത്തിന് അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ പങ്കുണ്ട്. പക്ഷേ, അദ്ദേഹം കാണിക്കാനുള്ള രീതിയിൽ മതം എടുത്തു നടക്കാറില്ല. എന്നാൽ, ശാന്തഗംഭീരമായ ശ്രദ്ധതെറ്റിക്കാനാവാത്ത അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിന്റെ ഉത്ഭവം അതിൽ നിന്നാണ്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ മണിക്കൂറുകളോളം ധ്യാനത്തിനും എഴുത്തിനും വിനിയോഗിച്ച പള്ളിപരസരത്തുള്ള മുറിയിൽത്തന്നെയാണ് ഖാദിയാനിലായിരുന്നപ്പോൾ അബ്ദുസ്സലാം രാത്രിയിലെ മിക്കസമയവും പുലർച്ചെയും ധ്യാനനിരതനായി ചെലവഴിച്ചത്. വാസ്തവത്തിൽ ഖാദിയാനിലെ അന്തരീക്ഷം തന്നെ ആത്മീയഭക്തിയാൽ നിർഭരമായിരുന്നു.

ഖാദിയാനിലേക്കുള്ള ലഘു യാത്ര ശാസ്ത്രസന്ദേശ പ്രചാരണത്തിൽ നിന്നുള്ള വ്യതിചലനമായിരുന്നു. ബിഹിശ്തി മഖ്ബറയിലെ തന്റെ മാതാമഹന്റെ കബറിടം സന്ദർശിക്കാനുള്ള അവസരം അതു മുഖേന ഡോ. അബ്ദുസ്സലാമിന് കിട്ടി. തന്റെ ഭാര്യ വളർന്നു വന്ന സ്വന്തം അമ്മാവന്മാരിലൊരാളുടെ വീടു സന്ദർശിക്കാനും അദ്ദേഹത്തിനു സാധിച്ചു.

അഭിമുഖത്തിൽ നിന്ന് ചിലഭാഗങ്ങൾ

ചോദ്യം: നോബൽ സമ്മാനം അങ്ങേയറ്റത്തെ നേട്ടമാണ്. അതിലുപരി ഒന്നുമില്ല. നോബൽ സമ്മാനം ലഭിച്ചശേഷം താങ്കൾക്ക് എന്തെങ്കിലും വിധത്തിലുള്ള ഉദ്വേഗം തോന്നുന്നുണ്ടോ?

ഉത്തരം: മിക്ക നോബൽ ജേതാക്കളും സമ്മാനം നേടുന്നതിൽ കുറഞ്ഞ ഔന്നത്യമുള്ള ഗവേഷണങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നില്ല. സാവധാനത്തിൽ അവർ ശുഷ്ക്കിച്ചു പോകുന്നു. അവർക്ക് ഉച്ചിയിൽ ഏറെക്കാലം നില്ക്കാൻ സാധിക്കുന്നില്ല. ഭാഗ്യവശാൽ, ഉന്നതനിലയിലുള്ള പ്രബന്ധങ്ങളിൽ കുറഞ്ഞ യാതൊന്നും താൻ അവതരിപ്പിക്കില്ല എന്ന മനോരോഗം എനിക്കില്ല. തീർച്ചയായും യുവജനങ്ങൾ

പുതിയ ആശയങ്ങളുമായി നിങ്ങളുടെ അടുക്കൽ വരില്ല എന്നു വരാം. ഒരാൾ ഇതിനെക്കുറിച്ച് അസ്വസ്ഥനാവുന്നതിനേക്കാളുപരി തന്റെ വിഷയത്തെ സ്നേഹിക്കുന്നുവെങ്കിൽ സമഗ്രമായ കാര്യം പൂർത്തിയാക്കുന്നതുവരെ തീരെ മുന്നേറ്റമില്ലാതിരിക്കുന്നതിലും നല്ലത് കുറച്ചു മുന്നേറ്റമുണ്ടാവുന്നതാണ്.

ചോദ്യം : ഈ അവാർഡ് താങ്കളുടെ ജീവിതത്തിന് മാറ്റം വരുത്തിയോ?

അതെ, ഈ സന്ദർശനങ്ങളെല്ലാം ക്ഷീണിപ്പിക്കുന്നതാണ്. ജോലിയിലേക്ക് തിരിച്ചുപോവാൻ ഒരു മാസമെടുക്കും. പ്രയാസങ്ങൾ കൂടുതലാവുകയാണ്. രണ്ടുംകൂടി കഠിനമായിതോന്നുന്നു, ജോലിയും ഭരണവും. എന്താണ് തിരഞ്ഞെടുക്കേണ്ടതെന്ന് എനിക്കറിയില്ല. എല്ലാ ഊർജ്ജതന്ത്രജ്ഞന്മാരും അവരുടെ പ്രശ്നങ്ങൾ എന്നോടു പറയുന്നു. ഞാനവരോട് ട്രീസ്റ്റിയിലേക്ക് വരാൻ പറയുന്നു. "അവരുടെ സാമ്പത്തികാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കാൻ എനിക്ക് പണം അച്ചടിക്കുവാൻ സാധ്യമല്ല. എനിക്ക് സഹായിക്കാനും വികാരപരമായി ഇടപെടാനും ആഗ്രഹമുണ്ട്. ഇതെന്നെ എന്റെ ജോലിയിൽനിന്ന് വിദൂരമാക്കുന്നു."

ചോദ്യം: താങ്കളുടെ ജോലിയിൽ മതത്തിനെന്തെങ്കിലും പങ്കുണ്ടോ?

ഇല്ല, പക്ഷേ അത് പശ്ചാത്തലം രൂപപ്പെടുത്തുന്നു. ഉത്തരങ്ങൾ ലഭിക്കാൻ ഞൻ മതപ്രമാണഗ്രന്ഥങ്ങളിലേക്ക് പോവാറില്ല. ഞാൻ പോകുന്നിടത്തെല്ലാം ആളുകൾ, പ്രത്യേകിച്ചും മുസ്ലിംകൾ ചോദിക്കാറുണ്ട്, കണങ്ങളുടെ ഏകത്വത്തെ സംബന്ധിച്ച സിദ്ധാന്തം ഇസ്ലാമിനെ അടിസ്ഥാനത്തിലാണോ കണ്ടുപിടിച്ചത് എന്ന്. എന്നോടൊപ്പം നോബൽ സമ്മാനം പങ്കുവെച്ച രണ്ട് യഹൂദസുഹൃത്തുക്കളുടെ കാര്യമെന്താവും എന്ന് ഞാൻ തിരിച്ചു ചോദിക്കും. അവർക്ക് രണ്ടുപേർക്കുമാകട്ടെ പാരമ്പര്യമായി ഏകദൈവവിശ്വാസം ഉണ്ട് താനും. വസ്തുക്കളുടെ ഏകീകരണവുമായി ബന്ധപ്പെട്ട എന്തിലും ഞാൻ ആകൃഷ്ടനാണെന്ന് പറയാം. പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ച് രണ്ടു സിദ്ധാന്തങ്ങളാണുള്ളത്. ഒരു സിദ്ധാന്തപ്രകാരം പ്രപഞ്ചം ആദ്യത്തിൽ സമമിത (Symmetrical)മായിരുന്നു എന്നാണ്. മറ്റേ സിദ്ധാന്തപ്രകാരം തുടക്കത്തിൽ പ്രപഞ്ചം കുഴഞ്ഞു മറിഞ്ഞ നിലയിലായിരുന്നു (Chaos). എന്റെ മതപരമായ പശ്ചാത്തലം കാരണമായി ആദ്യത്തെ സിദ്ധാന്തത്തിലായിരുന്നു ഞാൻ ആകൃഷ്ടനായത്. പക്ഷേ, മതപരമായ അന്ധവിശ്വാസത്തിലേക്ക് നയിക്കുന്ന എന്തിനോടും ഞാൻ എതിരാണ്. അതിനോടൊപ്പം വളർന്നുവരുന്ന അസഹിഷ്ണുതക്കും ഇന്ദ്രജാലത്തിനും ശാസ്ത്രവിരുദ്ധമായ എന്തിനും ഞാൻ എതിരാണ്. മതാഭിമുഖ്യമുള്ളവനാകുക, എന്നിട്ടു നോബൽ സമ്മാനം നേടുക എന്ന് പറയുന്നത് അസംബന്ധമാണ്.

ചോദ്യം: ഇന്ത്യയിൽ പ്രായോഗിക ശാസ്ത്രത്തെ സംബന്ധിച്ചും അനുയോജ്യമായ സാങ്കേതിക ശാസ്ത്രത്തെ സംബന്ധിച്ചും ധാരാളം സംസാരം നടക്കുന്നുണ്ട്. അടിസ്ഥാന ശാസ്ത്രങ്ങൾക്ക് ഇരിപ്പിടം പിന്നിലാണ്. താങ്കളുടെ അഭിപ്രായത്തിൽ വികസ്വര രാഷ്ട്രങ്ങളിൽ ഏതുവിധത്തിലുള്ള ശാസ്ത്രമാണ് ആവശ്യമുള്ളത്?

അടിസ്ഥാനപരമായ ഗവേഷണം ഇല്ലെങ്കിൽ ടെക്നോളജി മാത്രം മതിയാവില്ല. നിങ്ങൾക്ക് ലഭിക്കുന്നത് മറ്റുള്ളവരുടെ ഉപേക്ഷിക്കപ്പെട്ട സാങ്കേതിക വിദ്യയാണ്. ഞാൻ ഈ കാര്യത്തിൽ വളരെ ബോധവാനാണ്. എനിക്ക് ദൃഢസ്വരത്തിൽ പറയാനുള്ളത്, എല്ലാ രാജ്യങ്ങളും ഈ പ്രവണത ഉപേക്ഷിക്കണമെന്നാണ്. പ്രായോഗിക ഗവേഷണത്തിന് ചെലവഴിക്കുന്നതിന്റെ ചുരുങ്ങിയത് 15 മുതൽ 30 ശതമാനം വരെ അടിസ്ഥാന ശാസ്ത്രങ്ങൾക്ക് വേണ്ടി ചെലവഴിക്കണം. നിങ്ങൾക്ക് ശാസ്ത്രം കൈകാര്യം ചെയ്യണമെങ്കിൽ നല്ലതുപോലെ ചെയ്യുക. ഉദാഹരണമായി സൗരോർജ്ജത്തിന്റെ കാര്യമെടുക്കുക. ഫോട്ടോലൈസിസ് പ്രക്രിയ വികസിപ്പിച്ചെടുത്താൽ സുശക്തമായ ഫലമുളവാക്കാൻ സാധിക്കുമെന്ന വസ്തുത പാശ്ചാത്യലോകം പോലും അംഗീകരിച്ചതാണ്. (മറ്റുള്ളവ വളരെ ചെലവേറിയതാണ്). എത്ര വൈദഗ്ദ്യമുണ്ടെങ്കിലും ഒരു എഞ്ചിനീയർക്ക് ഒരിക്കലും ചെയ്യാൻ പറ്റാത്ത ഒരു വലിയ കാൽവെപ്പാണിത്. നോബൽ സമ്മാനം നേടുന്നവിധം അടിസ്ഥാന ശാസ്ത്രത്തിൽ പാണ്ഡിത്യം നേടിയ ഒരാൾക്ക് മാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ. ഇന്ത്യയിൽ എന്തുകൊണ്ട് സാധിക്കില്ല? അതിന് ബുദ്ധിയാണാവശ്യം. പണമല്ല.

ചോദ്യം : അണ്വായുധങ്ങളെക്കുറിച്ച് താങ്കളുടെ വീക്ഷണം എന്താണ്?

ഈ വിഷയം ചർച്ചചെയ്യാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ, മൊത്തത്തിൽ എനിക്ക് പറയാനുള്ളത് അണ്വായുധങ്ങൾ ഒരു ഭ്രാന്താണെന്നാണ്.

ചോദ്യം: മൂന്നാംലോക രാഷ്ട്രങ്ങളിൽ ശാസ്ത്രീയസഹകരണം നടത്തുന്നതിനെക്കുറിച്ച് താങ്കൾ എന്തു വിചാരിക്കുന്നു?

*(ശേഷം 40 -ൽ)*

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

# മുബാഹലയുടെ ദൃഷ്ടാന്തം പ്രബോധനത്തിനുള്ള മറുപടി - 7

**അഹ്മദിയ്യാ ജമാഅത്തിന്റെ വാദമുഖങ്ങൾ ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വിവരിച്ചുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി നേതാവ് സിദ്ധീക്ക് ഹസൻ സാഹിബിന് എഴുതിയ കത്ത് തുടരുന്നു.**

ഇനി നമുക്ക് ചർച്ച ചെയ്യാനുള്ളത് 'ഖാത്തമന്നബിയ്യീൻ' എന്നതിന്, ഹദ്റത്ത് മുഹമ്മദ് നബി (സ.അ) തിരുമേനിക്ക് ശേഷം യാതൊരുവിധത്തിലുള്ള നബിയും വരികയില്ല' എന്ന അർത്ഥമല്ലെന്നുള്ളതിന് വിശുദ്ധ ഖുർആനിൽ നിന്നുള്ള മറ്റു തെളിവുകൾ എന്ത് എന്നുള്ളതാണ്.

ഒരു വശത്ത്, അല്ലാഹു ഇനി ഒരിക്കലും ഒരു ദൂതനേയും അയക്കുകയില്ല എന്ന പ്രമാണരഹിത പ്രസ്താവനക്കാരെ അല്ലാഹു താക്കീതു ചെയ്യുകയും, മറുവശത്ത് ദൂതന്മാരെ അയക്കുക എന്ന തന്റെ പൊതുനിയമം നിലച്ചു പോയിട്ടില്ലെന്നും, താൻ ഇച്ഛിക്കുമ്പോൾ ഇനിയും ദൂതന്മാരെ അയക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്യുന്ന ഒട്ടനവധി ആയത്തുകൾ വ്യാഖ്യാനങ്ങൾക്ക് പോലും പഴുതില്ലാത്ത വിധം വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടു കിടക്കുന്നു. പണ്ഡിതനായ താങ്കളുടെ ശ്രദ്ധയിലേക്ക് പ്രസ്തുത ആയത്തുകളിൽ ചിലത് താഴെ ഉദ്ധരിക്കുന്നു. വളരെ ഗഹനമായി വിലയിരുത്തുമെന്ന് പ്രത്യാശിക്കുന്നു. പ്രമാണരഹിതമായ കുതർക്കം നമുക്ക് അനുവദനീയമല്ലല്ലോ. അത് കൊണ്ട് താങ്കളുടെ ബുദ്ധിയും മനസ്സാക്ഷിയും പണയം വെയ്ക്കാതെ താങ്കൾ ഇത് വരെ നേടിയ അറിവിൽ നിന്ന് അല്ലാഹുവിനെ സാക്ഷിയാക്കി ഈ ആയത്തുകളെക്കുറിച്ച് വിശകലനം ചെയ്യണമെന്നപേക്ഷിക്കുന്നു.

"നല്ലതിൽ നിന്ന് ചീത്തയെ വേർതിരിക്കുന്നതുവരെ, നിങ്ങൾ ഇപ്പോഴുള്ള സ്ഥിതിയിൽ അല്ലാഹു വിശ്വാസികളെ വിട്ടുകളയുകയില്ല തന്നെ. അദൃശ്യകാര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുകയുമില്ല. പക്ഷേ, അല്ലാഹു തന്റെ ദൂതന്മാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവരെ തിരഞ്ഞെടുക്കുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നതായാൽ നിങ്ങൾക്ക് മഹത്തായ പ്രതിഫലം ഉണ്ടായിരിക്കും."

(-സൂറ: ആലുഇംറാൻ - 179)

മേൽ ആയത്തിൽ നിന്ന് വ്യക്തമാവുന്ന പ്രധാന സംഗതികൾ:

* നല്ലയാളുകളെക്കൊണ്ടും - ചീത്തയാളുകളെക്കൊണ്ടും വിശ്വാസികളുടെ സമൂഹം കൂടിക്കലരുമ്പോൾ.

* വിശ്വാസികളുടെ സമൂഹത്തിൽ നിന്ന് ചീത്തയെ വേർതിരിക്കുമെന്ന് അല്ലാഹു പറയുന്നു.

* അതിനുള്ള വഴി, അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുക എന്നതല്ല.

* അതിനായി അല്ലാഹു, താൻ ഇച്ഛിക്കുന്നവരെ ദൂതനായി തിരഞ്ഞെടുക്കുന്നു.

* അതിനാൽ ആഗതനാകുന്ന ദൂതനിൽ വിശ്വസിക്കുവാൻ അല്ലാഹു കൽപിക്കുന്നു.

* അങ്ങനെ ദൂതനിൽ വിശ്വസിക്കുന്നവർക്ക് മഹത്തായ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്യുന്നു.

ഹദ്റത്ത് മുഹമ്മദ് നബി (സ. അ.) തിരുമേനിക്കവതരിപ്പിച്ച വിശുദ്ധ ഖുർആനിൽ–

ലോകാവസാനം വരെയുള്ള മുഴുവൻ മാർഗ്ഗദർശനമായുള്ള വിശുദ്ധ ഖുർആനിൽ 'യജ്തബീ' – 'യശാഅ്' എന്നീ വർത്തമാന – ഭാവികാലത്തെക്കുറിക്കുന്ന പദങ്ങളുപയോഗിച്ച് വ്യക്തമാക്കുന്നതെന്തെന്നാൽ, ആവശ്യഘട്ടത്തിൽ ദൂതന്മാരെ അയക്കുക എന്ന അല്ലാഹുവിന്റെ നിയമം നിലച്ചുപോയിട്ടില്ലെന്ന് മാത്രമല്ല, അത് പ്രാബല്യത്തിലിരിക്കുന്നുവെന്നുമാണ്. അത് കൊണ്ട് തന്നെ 'ഖാതമന്നബിയ്യീൻ' എന്നതിന് 'അല്ലാഹു ഇനി ഒരു വിധത്തിലുമുള്ള ദൂതനേയും അയക്കുകയില്ല എന്ന അർത്ഥം കല്പിക്കുന്നവരുടെ വാദം പ്രമാണരഹിതമായിത്തീരുന്നു.

''അല്ലാഹു മലക്കുകളിൽ നിന്നും മനുഷ്യരിൽനിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു വളരെയധികം കേൾക്കുന്നവനും നല്ലവണ്ണം കാണുന്നവനുമാകുന്നു.'' (സൂറ: അൽഹജ്ജ് – 75)

പ്രസ്തുത ആയത്തിൽ നിന്ന് വ്യക്തമാകുന്ന സംഗതികൾ:–

* അല്ലാഹു മലക്കുകളിൽ നിന്ന് മാത്രമല്ല മനുഷ്യരിൽ നിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നു.

* 'യസ്ത്വഫീ' എന്ന പദം 'തിരഞ്ഞെടുക്കുന്നു', 'തിരഞ്ഞെടുക്കും' എന്നീ വർത്തമാന – ഭാവികാലാർത്ഥത്തെ കുറിക്കുന്നു.

* മലക്കുകളിൽനിന്ന് എന്നതിനും – മനുഷ്യരിൽ നിന്ന് എന്നതിനും – പൊതുവായി – 'യസ്ത്വഫീ എന്ന പദം പ്രയോഗിച്ചിരിക്കുന്നു.

* അത് കൊണ്ടു തന്നെ, ഹദ്റത്ത് മുഹമ്മദ് നബി (സ.അ.) തിരുമേനിക്ക് ശേഷം (ഏതെങ്കിലും നിലക്കുള്ള) മലക്കുകളിൽ നിന്നുള്ള ദൂതന്മാരെ തിരഞ്ഞെടുക്കുമെങ്കിൽ, മനുഷ്യരിൽ നിന്നും തിരഞ്ഞെടുക്കുമെന്ന് വ്യക്തം.

* വളരെ വ്യക്തമായ അല്ലാഹുവിന്റെ ഈ നിയമം പ്രാബല്യത്തിലിരിക്കുമ്പോൾ, 'ഖാതമുന്നബിയ്യീൻ' എന്നതിന് അല്ലാഹു ഇനി ഒരിക്കലും ഒരുവിധത്തിലുള്ള നബിയേയും അയക്കുകയില്ല' എന്ന അർത്ഥം കല്പിക്കുന്നത് പ്രമാണരഹിതമായിത്തീരുന്നു.

"ആദം സന്തതികളേ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ച് തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെയടുക്കൽ വരുന്നതായാൽ, ആര് സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ, അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല." (സൂറ: അഅ്റാഫ് – 35)

പ്രസ്തുത ആയത്തിൽ നിന്നും വ്യക്തമാകുന്ന സംഗതികൾ:

* ലോകാവസാനം വരെയുള്ള മുഴുവൻ ആദമിന്റെ മക്കളോടുള്ള അല്ലാഹുവിന്റെ അഭിസംബോധന;

* അല്ലാഹുവിന്റെ ആയത്തുകളെ വിവരിച്ചു തരുന്നതിനായി നിങ്ങളിൽ നിന്നുള്ള ദൂതന്മാർ വരുമ്പോൾ

* അങ്ങനെ വരുന്ന ദൂതനെ പിൻപറ്റുന്നവർക്ക് ഭയപ്പെടുകയോ – വ്യസനിക്കുകയോ ചെയ്യേണ്ടിവരില്ല.

* 'ഇമ്മായഅ്തിയന്നക്കും എന്ന പ്രയോഗം സംശയാസ്പദമായ ഒരു പ്രയോഗമല്ല. 'തീർച്ചയായും വരും', അങ്ങനെ വരുമ്പോൾ എന്നാണ് അതിന്നർത്ഥം. വിശുദ്ധ ഖുർആനിൽ 'ഇമ്മായഅ്തിയന്നക്കും' എന്ന വാചകം മറ്റു സ്ഥലങ്ങളിലും വന്നിട്ടുണ്ട്. അവിടങ്ങളിലൊന്നും തന്നെ അത് സന്ദിഗ്ദാർത്ഥമായിട്ടല്ല, നിശ്ചിതാർത്ഥമായിട്ടാണ് പറഞ്ഞിരിക്കുന്നത്.

ഉദാ: സൂറ: അൽബഖറയിൽ – 38–ാം ആയത്തിൽ പറയുന്നത് കാണുക:

ഫഇമ്മാ യഅ്തിയന്നക്കും മിന്നീ ഹുദൻ

* ഇനി 'യാബനീആദമ' എന്ന പ്രയോഗം നമുക്ക് ബാധകമല്ലെന്ന് പറയുകയാണെങ്കിൽ, ഇതു പോലെ മറ്റു പല ആയത്തുകളേയും നമുക്ക് ബാധകമല്ലെന്ന് പറഞ്ഞ് തള്ളേണ്ടി വരും' – ഉദാ: 7:31, 36:60

മറ്റൊന്ന് ഹദ്റത്ത് മുഹമ്മദ് നബി(സ.അ.) തിരുമേനിക്ക് ശേഷം ലോകാവസാനം വരെയുള്ള മനുഷ്യർ ആദമിന്റെ മക്കളല്ലെന്ന് പറയേണ്ടി വരും.

'യാ ബനീ ആദമ' എന്ന പ്രയോഗത്തെ സംബന്ധിച്ച് ഹദ്റത്ത് ഇമാം സുയൂത്തീ(റ) പറഞ്ഞത് വളരെ ശ്രദ്ധേയമാണ്.

"ഇത് അക്കാലത്തുള്ളവരോടും ശേഷമുള്ള എല്ലാവരോടുമുള്ള സംബോധനയാണ്"

(അൽ ഇത്ഖാൻ, വാ. 2 വകുപ്പ് 51. ഭാ. 34)

അപ്പോൾ, മേൽ വിവരിക്കപ്പെട്ട ആയത്തുകളിൽ നിന്നെല്ലാം വളരെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്ന വസ്തുതകൾ എന്തെല്ലാം?

* പ്രവാചകന്മാരെ അയക്കുക എന്ന അല്ലാഹുവിന്റെ പൊതുവായ നിയമം നിർത്തലായിട്ടില്ല.

* ഉത്തമന്മാരിൽ നിന്ന് അധമന്മാരെ വേർതിരിച്ചുകൊണ്ട് വിശ്വാസികളെ ശുദ്ധീകരിക്കുവാൻ അല്ലാ

ഹു ദൂതന്മാരെ നിയോഗിക്കുന്നു.

* അല്ലാഹുവിന്റെ ആയത്തുകളെ അഥവാ ദൃഷ്ടാന്തങ്ങളെ വിവരിച്ച് തരുന്നതിന് വേണ്ടിയും അല്ലാഹു ദൂതന്മാരെ അയക്കുന്നു.

ചുരുക്കത്തിൽ, പ്രവാചകന്മാരെ അയക്കുക എന്ന അല്ലാഹുവിന്റെ പൊതുവായ നിയമം നിലച്ചുപോയിട്ടില്ലെന്നതിലേക്ക് മേൽ കാണിച്ച ആയത്തുകൾ വ്യക്തമായ പ്രമാണങ്ങളാണ്. ഇനിയും വളരെ ഏറെ തെളിവുകൾ ഇത് സംബന്ധമായി വിശുദ്ധ ഖുർആനിൽ നിന്ന് ഉദ്ധരിക്കാൻ കഴിയും. ഇപ്പോൾ തന്നെ, നമ്മുടെ വിഷയവുമായി ബന്ധപ്പെട്ട വേണ്ടത്ര തെളിവുകൾ വിശുദ്ധ ഖുർആനിൽ നിന്ന് ഞാൻ സമർപ്പിച്ചു കഴിഞ്ഞു. ഇനി പ്രമാണത്തോടുകൂടി ഞാൻ സമർപ്പിച്ച വാദങ്ങളെ താങ്കൾ ഏത് വിധത്തിൽ വിലയിരുത്തുന്നു എന്നറിയാൻ ആഗ്രഹമുണ്ട്. 'മനസ്സാക്ഷിയും ബുദ്ധിയും' പണയം വെച്ച വ്യാ ഖ്യാനമാണ് ഞാൻ നടത്തിയിരിക്കുന്നതെന്ന് താങ്കൾ പറയുന്നുവെങ്കിൽ, ഞാൻ സമർപ്പിച്ച മുഴുവൻ ആയത്തുകൾക്കും താങ്കൾ നല്കുന്ന മനസ്സാക്ഷിയും ബുദ്ധിയും പണയം വെയ്ക്കാത്ത വ്യാഖ്യാനമെന്തെന്ന് അറിയിക്കാനപേക്ഷ.

ഇനി നമുക്ക് ചർച്ച ചെയ്യുവാനുള്ള ഒരു പ്രധാന സംഗതിയെന്തെന്നാൽ - ഇനിയും നബിമാർ വരാം എന്ന് വിശുദ്ധ ഖുർആനിൽ നിന്ന് തെളിയുന്നുവെങ്കിൽ, അത് ഏത് വിധത്തിലുള്ള നബിമാരായിരി ക്കും എന്നും നാം പരിശോധനാ വിധേയമാക്കണം. അതു സംബന്ധമായി വിശുദ്ധ ഖുർആൻ നമുക്ക് നല്കുന്ന പാഠമെന്തെന്നും നമുക്ക് പരിശോധിക്കാം. ഇനി ശരീഅത്തോടുകൂടി പ്രവാചകന്മാർ വരുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നുവെങ്കിൽ, തീർച്ചയായും നാം അത് വിശ്വസിക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ വിശുദ്ധ ഖുർആനിൽ അങ്ങനെ പറഞ്ഞിട്ടില്ല. ഇനി, ശരീഅത്തില്ലാതെ സ്വതന്ത്രമായ നിലയിൽ വല്ല നബിമാരും വരുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നുവെങ്കിൽ, അതും നാം വിശ്വസിക്കുവാൻ ബാധ്യസ്ഥരാണ്. എ ന്നാൽ അതും ഖുർആനിൽ പറഞ്ഞിട്ടില്ല. പിന്നെ, ഇനിയും നബിമാർക്ക് വരാമെങ്കിൽ അത് ഏത് വിധത്തിലുള്ള നബിയായിരിക്കാം?

മേൽപറയപ്പെട്ട സംഗതികളെ വിശുദ്ധ ഖുർആനിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് നമുക്ക് വിശകലനം ചെയ്യാം.

“ഇന്നേ ദിവസം നിങ്ങളുടെ ദീനിനെ ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.” (സൂറ: അൽമാഇദ - 3)

മേൽ ആയത്തിൽ നിന്ന് വ്യക്തമാകുന്ന സംഗതികൾ:

* ദീനിനെ അല്ലാഹു പരിപൂർണമാക്കിയിരിക്കുന്നു.

* ഇസ്ലാം ദീനായി അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു.

* അല്ലാഹുവിന്റെ അനുഗ്രഹം ഇസ്ലാമിൽ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു.

‘‘ഏതൊരാൾ ഇസ്ലാം അല്ലാതെ മറ്റു വല്ല മതവും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ, അത് അയാളിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. പരലോകത്ത് അയാൾ നഷ്ടമനുഭവിക്കുന്നവരിൽപെട്ടവനുമായിരിക്കും.” (സൂറ: ആലുഇംറാൻ - 85)

മറ്റൊരിടത്ത് അല്ലാഹു പറയുന്നു: “തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാം ആകുന്നു.” (സൂറ: ആലു ഇംറാൻ 19)

മേൽ പറയപ്പെട്ട ആയത്തുകളിൽ നിന്നെല്ലാം വ്യക്തമാവുന്ന സംഗതികളെന്തെല്ലാം?

* ലോകാവസാനം വരെയുള്ള മനുഷ്യർക്ക് അല്ലാഹു തൃപ്തിപ്പെട്ട മതം ഇസ്ലാം മാത്രമാകുന്നു.

* ഇസ്ലാം ദീൻ മാത്രമാണ് മുഴുവൻ മനുഷ്യർക്കുമുള്ള മോക്ഷമാർഗ്ഗം.

* ഇസ്ലാം ദീൻ പിൻപറ്റുന്നവർക്ക് മാത്രമേ പരലോകനഷ്ടത്തിൽ നിന്ന് മുക്തി പ്രാപിക്കുക സുസാദ്ധ്യമാകൂ.

* എല്ലാ അനുഗ്രഹങ്ങളും അല്ലാഹു ഇസ്ലാം ദീനിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു.

* ഇസ്ലാം ദീൻ പിൻപറ്റുന്നവർക്ക് മാത്രമേ അല്ലാഹുവിന്റെ എല്ലാവിധ അനുഗ്രഹങ്ങളും കരസ്ഥമാക്കുവാൻ സാധിക്കുകയുള്ളൂ.

പ്രസ്തുത ആയത്തുകളിൽ നിന്ന് നമുക്ക് മനസ്സിലാകുന്ന വളരെ ശ്രദ്ധേയമായ സംഗതിയെന്തെന്നാൽ,

ലോകാവസാനം വരെ വിശുദ്ധ ഖുർആനല്ലാതെ ഒരു ന്യായപ്രമാണഗ്രന്ഥവുമുണ്ടാകില്ല; ഹദ്റത്ത് മുഹമ്മദ് നബി(സ.അ.) തിരുമേനിയെ പിൻപറ്റാതെ ഒരാൾക്കും ഒരനുഗ്രഹവും പ്രാപിക്കുക സാദ്ധ്യമല്ല. അപ്പോൾ ന്യായപ്രമാണം പരിപൂർണ്ണമായത് കൊണ്ടും അതു നിലനില്ക്കുന്ന കാലമത്രയും, ന്യാ യ പ്രമാണവാഹിയായ ഒരു പ്രവാചകനും വരികയില്ല.

അല്ലാഹുവിന്റെ പക്കൽ സ്വീ

കാര്യമായ മതം ഇസ്‌ലാം ആയതു കൊണ്ട്, ഇസ്‌ലാം ദീൻ പിൻപറ്റാതെ സ്വതന്ത്രമായനിലയിലുള്ള ഒരു നബിയും ഇനി വരികയില്ല.

ചുരുക്കത്തിൽ, എല്ലാ അനുഗ്ര ഹങ്ങളും അല്ലാഹു ഇസ്‌ലാമിൽ പൂർത്തീകരിച്ചതിനാൽ പുറമേ യുള്ള ആർക്കും അനുഗ്രഹങ്ങൾ പ്രാപിക്കുക സാദ്ധ്യമല്ല.

ഒരു വശത്ത്, പ്രവാചകന്മാരെ അയക്കുക എന്ന അല്ലാഹുവിന്റെ നിയമം പ്രാബല്യത്തിലിരിക്കന്നു എന്ന് കണ്ടുകഴിഞ്ഞു. മറുവശത്ത്, ശരീഅത്തോടുകൂടിയോ, സ്വതന്ത്ര നായോ ഇനി ഒരു നബിയും വരിക യില്ലെന്നും നാം കണ്ടുകഴിഞ്ഞു. അപ്പോൾ പിന്നെ വരാവുന്ന നബി ഏത് നിലയിലുള്ളയാളായിരിക്കണം. പരിപൂർണ്ണമായും ഇസ്‌ലാമിനെ പിൻപറ്റി ജീവിക്കുന്നവർക്ക്, അല്ലാ ഹുവിന്റെ ഇച്ഛ അനുസരിച്ച് നുബു വ്വത്ത് പദവി ലഭിക്കാം എന്ന് വ്യക്ത മായി.

അതായത്, നാം മുമ്പേ അല്ലാ ഹുവിന്റെ ആയത്തുകളിൽ നിന്ന് വ്യക്തമാക്കിയ പ്രകാരം.

* അല്ലാഹുവിന്റെ ആയത്തു കളെ വിവരിച്ച് തരാൻ ഇനിയും പ്രവാചകന്മാർ വരാം.

* ഉത്തമന്മാരിൽ നിന്ന് അധമ ന്മാരെ വേർതിരിച്ച് വിശ്വാസിസമൂ ഹത്തെ ശുദ്ധീകരിക്കാനും പ്രവാച കൻ വരാം.

അത് കൊണ്ട് തന്നെയാണ ല്ലോ അല്ലാഹു പറഞ്ഞിരിക്കുന്നത്.

"വ അത്മംതു അലൈക്കും നിഅ്മത്തീ" അതായത് എന്റെ അനുഗ്രഹം ഞാൻ നിങ്ങളിൽ പൂർത്തിയാക്കുകയും ചെയ്തിരിക്കു ന്നു."

അല്ലാഹുവിൽ നിന്ന് മനു ഷ്യർക്ക് ലഭിക്കാവുന്ന ഏറ്റവും പര മമായ അനുഗ്രഹം 'നുബുവ്വത്ത്' ആണെന്നത് പ്രസ്താവ്യമാണ്. അപ്പോൾ അല്ലാഹു ഇസ്‌ലാം ദീ നിൽ, അവന്റെ അനുഗ്രഹത്തിന്റെ എല്ലാ വശങ്ങളും പൂർത്തീകരിച്ചിരി ക്കുന്നുവെന്ന് പറയുമ്പോൾ, മുസ്‌ലിം ഉമ്മത്തിൽ 'നുബുവ്വത്ത്' പദവിയുൾപ്പെടെയുള്ള എല്ലാ അനു ഗ്രഹങ്ങളും അല്ലാഹു നിക്ഷിപ്തമാ ക്കിയിരിക്കുന്നുവെന്നാണ്. അതല്ലെ ങ്കിൽ പരിശുദ്ധ ഇസ്‌ലാം ദീനിൽ 'നുബുവ്വത്ത്' പദവി ഉൾപ്പെടെ യുള്ള എല്ലാ അനുഗ്രഹങ്ങളും (ന ഊദുബില്ലാഹ്) നിലച്ചുപോയെന്ന് പറയേണ്ടി വരും.

വാസ്തവത്തിൽ എല്ലാ അനു ഗ്രഹങ്ങളും പൂർത്തീകരിച്ചിരിക്കു ന്നു എന്നത് കൊണ്ട്, അല്ലാഹുവിൽ നിന്നുള്ള എല്ലാവിധ അനുഗ്രഹ ങ്ങളും പരിശുദ്ധ ദീനിൽ സംജാത മാകുമെന്ന് തന്നെയാണ്. അല്ലാഹു മറ്റൊരായത്തിൽ പറയുന്നത് കാണുക:

"ഇപ്രകാരം നിന്റെ നാഥൻ നിന്നെ വരിഷ്ഠനായി തിരഞ്ഞെടു ക്കുകയും ദൈവികകാര്യങ്ങളുടെ ആന്തരാർത്ഥം നിനക്ക് പഠിപ്പിച്ച തരുകയും അവൻ തന്റെ അനുഗ്ര ഹങ്ങൾ നിന്റെ പൂർവ്വപിതാക്കളായ ഇബ്രാഹീം, ഇസ്ഹാഖ്, എന്നി വർക്ക് പൂർത്തിയാക്കിയതുപോലെ നിനക്കും യഅ്ഖൂബിന്റെ കുടുംബ ത്തിനും പൂർത്തിയാക്കിത്തരികയും ചെയ്യുന്നതാണ്. നിന്റെ നാഥൻ പൂർണ്ണമായും അറിവുള്ളവനും യുക്തിജ്ഞനുമാകുന്നു." (സൂറ: യൂസുഫ് – 6)

മേൽ ആയത്തിൽ നിന്ന് വ്യക്ത മാകുന്ന സംഗതികൾ:

* ഹദ്റത്ത് യൂസുഫ് നബി (അ)ക്ക് അല്ലാഹു തന്റെ അനുഗ്ര ഹം പൂർത്തീകരിച്ചുകൊടുത്തു.

* ഹദ്റത്ത് ഇബ്രാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് (അ) എന്നി വർക്കും അല്ലാഹു തന്റെ അനുഗ്ര ഹം പൂർത്തീകരിച്ചുകൊടുത്തു വെന്ന് അല്ലാഹു പറയുന്നു.

എന്നാൽ ഇവർക്കെല്ലാം ശേഷം എത്രയോ നബിമാർ വന്നു എന്നത് പ്രത്യേകം പറയേണ്ടതില്ല ല്ലോ. അപ്പോൾ അനുഗ്രഹം പൂർ ത്തീകരിച്ചിരിക്കുന്നു എന്നതുകൊ ണ്ടുള്ള വിവക്ഷിതം എല്ലാ അനുഗ്ര ഹവും അതിൽ സമ്മേളിച്ചിരിക്കു ന്നുവെന്നർത്ഥം.

ചുരുക്കത്തിൽ, മുസ്‌ലിം ഉമ്മ ത്തിൽ നുബുവ്വത്ത്, സിദ്ദീഖിയ്യത്ത് ശഹീദിയ്യത്ത്, സ്വാലിഹിയ്യത്ത്, ഖിലാഫത്ത്, വഹ്‌യ്, ഇൽഹാം തുട ങ്ങിയ അല്ലാഹുവിൽ നിന്നുള്ള എല്ലാവിധ അനുഗ്രഹങ്ങളും സമ്മേ ളിച്ചിരിക്കുന്നു. അല്ലാഹു അവന്റെ പരിശുദ്ധ ദീനിൽ പൂർത്തീകരിച്ചിരി ക്കുന്ന പ്രസ്തുത അനുഗ്രഹങ്ങളെ, നിഷേധിക്കുകയും ഇനി അതിന്റെ യൊന്നും ആവശ്യമില്ലെന്നും, അതെല്ലാം നിലച്ചുപോയെന്നും, അത് ഉമ്മത്തിന് 'റഹ്മത്തല്ല', 'ലഅ്നത്താ'ണെന്നും പറയുന്ന വർക്ക് എന്ത് പ്രമാണമാണ് സമർപ്പി ക്കുവാനുള്ളത്? ഏറെ രസാവഹ മായ സംഗതിയെന്തെന്നാൽ, അല്ലാ ഹു മുസ്‌ലിം ഉമ്മത്തിന് പൂർത്തീക രിച്ച മേൽപറയപ്പെട്ട അനുഗ്രഹങ്ങ ളിൽ ചിലതിനെ നിഷേധിക്കു മ്പോൾ, ഉമ്മത്തിന് ശാപമായിട്ടുള്ള ദജ്ജാലും, 30 കള്ളപ്രവാചകന്മാ രും, യഅ്ജൂജും – അങ്ങനെ സകല 'ലഅ്ന ത്തുക'ളും ഈ ഉമ്മത്തിൽ വരുമെന്ന് ഇവർ വിളിച്ചു കൂവുന്നു. നുബുവ്വത്ത് റഹ്മത്തല്ല, ലഅ്ന ത്താണെന്ന് പറയുന്നവർ, മേൽ പറ യപ്പെട്ട 'ലഅ്നത്തു'കൾ 'റഹ്മ

അവർ തങ്ങളുടെ നാഥന്റെ ദൃഷ്ടിയിൽ സിദ്ദീഖീങ്ങളും, ശുഹദാക്കളും ആകുന്നു." (സൂറ: അൽഹദീദ് -19)

* ഈ ആയത്തിൽ അല്ലാഹു റുസുലിഹീ എന്ന ബഹുവചനരൂപം പ്രയോഗിച്ചുകൊണ്ട് പൊതുവായി പ്രവാചകന്മാരിൽ വിശ്വസിക്കുന്നവർക്ക് അതായത് മുഹമ്മദ് നബി (സ.അ.) തിരുമേനിക്ക് മുമ്പേയുള്ള പ്രവാചകന്മാരിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കാവുന്ന ഏറ്റവും ഉയർന്ന പദവി സിദ്ദീഖിയ്യത്താണെന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ''വർറസൂൽ'' - ഈ നബിയെ - ഹദ്റത്ത് മുഹമ്മദ് നബി (സ.അ.)യെ പിൻപറ്റുന്നത് മൂലം മറ്റു പ്രവാചകന്മാരെ പിൻപറ്റുന്നത് മൂലം പ്രാപ്യമാവുന്ന ഏറ്റ വും ഉയർന്ന പദവിയായ സിദ്ദീഖിയ്യത്തിന് പുറമെ 'നുബുവ്വത്ത്' എന്ന പദവി കൂടി അല്ലാഹു ചേർ ത്തു പറഞ്ഞിരിക്കുന്നത്, അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമല്ലാതെ മറ്റെന്താണ്" ഇത് മുഹമ്മദീ ഉമ്മത്തിന് അല്ലാഹു അനുഗ്രഹമായി - അഥവാ റഹ്മത്തായി വെച്ചപ്പോൾ ഇത് 'ലഅ്നത്താ' ണെന്ന് പറയാൻ അഭിമാനിയായ ഒരു മുസ്‌ലിമിന് എങ്ങനെ കഴി യും?

ചുരുക്കത്തിൽ, ഹദ്റത്ത് മുഹമ്മദ് നബി (സ.അ.)യുടെ ഉമ്മത്തിൽ നബിക്ക് വരാം എന്ന് മേൽ പ്രമാണങ്ങളിലൂടെ വ്യക്തമായി കഴിഞ്ഞു. മുഹമ്മദീ ഉമ്മത്തിൽ നബിക്ക് വരാം എന്നത് കൊണ്ട്, ലോകം മുഴുവൻ നബിമാരെക്കൊ ണ്ട് നിബിഢമാകണമെന്നർത്ഥമില്ല.

അത് സംബന്ധിച്ച് അല്ലാഹു പറയുന്നു:

''അല്ലാഹു, തന്റെ ദൗത്യം സ്ഥാപിക്കേണ്ടത് എവിടെയാണെന്ന് ഏറ്റവും നന്നായി അറിയുന്നവനാ

നുബുവ്വത്ത്, സിദ്ദീഖിയ്യത്ത്, ശഹീദിയ്യത്ത്, സ്വാലിഹിയ്യത്ത്.

"ദാലികൽ ഫസ്‌ലുമിനല്ലാഹ്"

"ഇത് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാകുന്നു.'' ''അർ റസൂൽ" - ഹദ്റത്ത് മുഹമ്മദ് നബി (സ.അ.) ആണെന്നത് എടുത്ത് പറയേണ്ടതില്ലല്ലോ. അപ്പോൾ അല്ലാ ഹു ഹദ്റത്ത് മുഹമ്മദ് നബി (സ.അ.) യുടെ ഉമ്മത്തിൽ മേൽ പറയപ്പെട്ട അനുഗ്രഹങ്ങൾ ചൊരിയുമെന്ന് വ്യക്തമായി. അല്ലാഹു ഈ ഉമ്മത്തിന് വെച്ച അനുഗ്രഹത്തിൽ നിന്ന് ഏതെങ്കിലും ഒന്ന് വെട്ടിച്ചുരുക്കാനും, നിഷേധിക്കാനും അല്ലാഹു ആർക്കാണ് അധികാരം നല്കിയത്?

ഒന്നുകിൽ, മുഹമ്മദീ ഉമ്മത്തിന് മേൽ നാല് അനുഗ്രഹങ്ങളും പ്രാപ്യമല്ലെന്ന് സമ്മതിക്കേണ്ടി വരും.

അല്ലെങ്കിൽ ''നുബുവ്വത്ത്'' ഉൾപ്പെടെ 4 അനുഗ്രഹങ്ങളും പ്രാപ്യമെന്ന് സമ്മതിക്കേണ്ടി വരും.

വളരെ ചിന്താർഹമായ സംഗതിയെന്തെന്നാൽ, മുമ്പേ ആഗതരായ മറ്റു പ്രവാചകന്മാർക്ക് നല്കാ ത്ത ഒരു പ്രത്യേകതയാണ് ഇവിടെ അല്ലാഹു ഹദ്റത്ത് മുഹമ്മദ് നബി (സ.അ.) തിരുമേനിക്ക് നല്കിയിരിക്കുന്നത്. അതായത് ഈ നബിതിരുമേനിയെ (സ.അ.) പിൻപറ്റുന്നത് മൂലം ഉമ്മത്തിൽ "നുബുവ്വത്ത്" പദവി പോലും പ്രാപ്യം! എന്നാൽ മുൻകഴിഞ്ഞ പ്രവാചകന്മാരെ പിൻപറ്റുന്നത് മൂലം ഉമ്മത്തിൽ നുബുവ്വത്ത് പദവി അല്ലാഹു നല്കിയിട്ടില്ല.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നവരാരോ

ത്താ'ണെന്നും പറയുമോ?

''പുതിയ നുബുവ്വത്ത് ഈ സമുദായത്തിന് 'റഹ്മത്തല്ല', ലഅ്നത്താണ്" (മൗലാനാ മൗദൂദി - ഖത് മുന്നുബുവ്വത്ത് - 1 PH - P - 54)

ഇനി നമുക്ക് പരിശോധിക്കുവാനുള്ളത്, മേൽ പറയപ്പെട്ട വസ്തുതകളെ സാക്ഷീകരിക്കുന്ന മറ്റു വല്ല പ്രമാണവും വിശുദ്ധ ഖുർആനിൽ നിന്ന് തെളിയിന്നുണ്ടോ എന്നതാണ്.

അല്ലാഹു വളരെ വ്യക്തമായി പറയുന്നത് കാണുക:

''വല്ലവരും അല്ലാഹുവിനെയും ഈ റസൂലിനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള നബിമാർ, സിദ്ദീഖീങ്ങൾ, ശുഹദാക്കൾ, സ്വാ ലിഹീങ്ങൾ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രേ അവർ. "അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാണു ഇത്. എല്ലാ കാര്യങ്ങളും അറിയുന്നവനായി അല്ലാഹു മതി. (സൂറ: അന്നിസാഅ് - 69, 70)

ഈ ആയത്തിൽ നിന്ന് വ്യക്തമാവുന്ന സംഗതികൾ:

* ആരെങ്കിലും അല്ലാഹുവിനെയും ഹദ്റത്ത് മുഹമ്മദ് നബി (സ.അ.) തിരുമേനിയെയും അനുസരിക്കുന്നതായാൽ,

* അവർ അല്ലാഹു അനുഗ്രഹിച്ചവരിൽ ഉൾപ്പെടുന്നതാണ്.

* അല്ലാഹു അനുഗ്രഹിച്ചവർ 4 വിഭാഗക്കാരെന്ന് വ്യക്തമാക്കിയിരിക്കുന്നു.

1. നബിമാർ 2. സിദ്ദീഖീങ്ങൾ 3. ശുഹദാക്കൾ 4. സ്വാലിഹീങ്ങൾ.

* ഹദ്റത്ത് മുഹമ്മദ് നബി (സ.അ.)യുടെ ഉമ്മത്തിന് അല്ലാഹു നിശ്ചയിച്ചിരിക്കുന്ന 4 ഡിഗ്രികൾ.

ണ്." (-സൂറ: അൻആം - 124)

"ഖാത്തമുന്നബിയ്യീൻ" എന്നതിന് ഹദ്റത്ത് മുഹമ്മദ് നബി (സ. അ.) തിരുമേനിക്ക് ശേഷം ഇനി ഒരു നിലക്കുമുള്ള നബിയും വരില്ല എന്ന അർത്ഥമില്ലെന്ന് വിശുദ്ധ ഖുർആനിലെ പ്രമാണങ്ങളെക്കൊണ്ട് ഞാൻ വ്യക്തമാക്കി കഴിഞ്ഞു. എന്ന് മാത്രമല്ല, ഹദ്റത്ത് മുഹമ്മദ് നബി(സ.അ.)യുടെ ഉമ്മത്തിൽ നബിക്ക് വരാമെന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വ്യക്തമായ പ്രമാണസഹിതം വിശദീകരിച്ചു കഴിഞ്ഞു. ഇപ്പോൾ തന്നെ ഈ കത്ത് വളരെ ദീർഘിച്ച്

*(34-ൽ നിന്ന് തുടർച്ച)*

ഇന്ത്യയിൽ ഉയർന്ന നിലയിലുള്ള ശാസ്ത്രജ്ഞന്മാരുണ്ട്. മറ്റു വികസ്വരരാജ്യങ്ങളെ ഇന്ത്യ സഹായിക്കണം. ഇന്ത്യയും പാകിസ്താനും തമ്മിൽ കൂടുതൽ കൈമാറ്റങ്ങൾ നടക്കണം. ആദ്യത്തെ കാൽവെപ്പ് പോക്കുവരവ് സുഗമമാക്കുകയാണ്. ഇവിടെ ഒരു അന്തർദ്ദേശീയ സ്ഥാപനം ഉണ്ടാക്കണം. ശാസ്ത്രവും സാങ്കേതികവിദ്യയും ഇവിടെ ഉന്നതനിലവാരത്തിലെത്തിയിട്ടില്ല. എന്തെന്നാൽ ശാസ്ത്രം പ്രമാണിവർഗ്ഗത്തിന്റെ കൈയ്യിലാണ് നിലനിൽക്കുന്നത്. താഴെക്കിടയിലെത്താത്തിടത്തോളം അത് ഉല്പാദനക്ഷമമല്ല. നമ്മുടെ 11 മുതൽ 12 വയസ്സുവരെയുള്ള ജനവിഭാഗത്തിൽ ശരാശരി സാക്ഷരത 24 ശതമാനമാണെന്ന് കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. വികസ്വര രാജ്യങ്ങളുടെ ശരാശരി 38 ശതമാനമാണ്. വികസ്വരരാജ്യങ്ങളുടെ പട്ടികയിൽ പോലും നാം പിന്നോക്കമാണ്.

*('New Delhi' February 16 - March 1981)*

**വിവ: കെ.വി. ഹസ്സൻകോയ,**
**കോഴിക്കോട്)**

പോയി. അത് കൊണ്ടുതന്നെ ഇത് താങ്കളുടെ കത്തിന്റെ മറുപടിയുടെ 1-ാം ഭാഗം എന്ന നിലക്ക് ഞാൻ എത്ര യും വേഗം താങ്കളുടെ സവിധത്തിലേക്ക് അയക്കുകയാണ്. താങ്കൾക്കും അതായിരിക്കും സൗകര്യപ്രദം. എന്റെ ഈ കത്ത് വായിച്ച് വിലയിരുത്തി താങ്കളിൽ നിന്ന് പണ്ഡിതോചിതമായ മറുപടിയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. താങ്കൾ അയച്ച കത്തിലെ മറുപടി അർഹിക്കുന്ന എല്ലാ പരാമർശങ്ങൾക്കും വിശദീകരണം ഞാൻ നല്കുന്നതാണ്. ('ഇൻശാ അല്ലാഹ്') അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പ്രമാണരഹിതമായി കുതർക്കം ചെയ്യാതെ, മനസ്സാക്ഷിയും ബുദ്ധിയും ആർക്കും പണയം വെക്കാതെ അവന്റെ ദൃഷ്ടാന്തങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്താനും അതിലൂടെ സത്യം സത്യമായും അസത്യം അസത്യമായും വിവേചിച്ചു മനസ്സിലാക്കുവാനും, മനസ്സിലാക്കിയ സത്യം ഉൾക്കൊണ്ട് ജീവിക്കുവാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

ആമീൻ സുമ്മ ആമീൻ

വസ്സലാം

വിനീതൻ

**മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ**

**FORM IV**

Statement about ownership and other particulars about newspaper Sathyadoothan (to be published in the first issue every year after the last day of February).

| | | |
|---|---|---|
| 1. | Place of Publication | : Calicut |
| 2. | Periodicity of its publication | : Monthly |
| 3. | Printer's Name | : M.A. Muhammad |
| | Nationality | : Indian |
| | Address | : M.A. Villa, Thondayadu, Chevayoor, Calicut - 17 |
| 4. | Father's Name | : M.A. Muhammed |
| | Nationality | : Indian |
| | Address | : M.A. Villa, Thondayadu, Chevayoor, Calicut - 673 017 |
| 5. | Editor's Name | : A.M. Muhammed Salim |
| | Nationality | : Indian |
| | Address | : Darussalam, Near Zeena Plastics, Pavangad, Calicut |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital | : NIL |

I, M.A. Muhammed, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Date : 31-1-2010 Publisher

## കുറിപ്പുകൾ

മുസാഫിർ

# യൂറോപ്പിൽ അസഹിഷ്ണുതയുടെ ഉഷ്ണകാലം

പ്രസിദ്ധ അമേരിക്കൻ ചിന്തകനും ലെബനോൻ വംശജനുമായിരുന്ന എഡ്വേർഡ് സെയ്ദിന്റെ കണക്കനുസരിച്ച് ക്രി. വ. 1800നും 1950 നും ഇടക്ക് യൂറോപ്പിൽ 60,000 പുസ്തകങ്ങൾ ഓറിയന്റ്ലിസ്റ്റുകൾ എഴുതിക്കൂട്ടിയിരിക്കുന്നു. ഒട്ടുമിക്കവയും ഇസ്‌ലാം മതത്തെ വിമർശിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്നതാണ്. കുരിശ് യുദ്ധത്തിന് ശേഷം ക്രൈസ്തവ ആഭിമുഖ്യമുള്ള യൂറോപ്യൻ അക്കാദമിക് ലോകം ആരംഭിച്ച ഈ വൈജ്ഞാനിക യുദ്ധം യൂറോപ്പിൽ ഇസ്‌ലാമിനെപ്പറ്റിയുണ്ടാക്കിയ മോശം പ്രതിഛായ 1993 സെപ്തംബർ 11-ാം തിയതി നടന്ന ട്രെയ്ഡ് സെന്റർ ആക്രമണത്തോടെ ഉച്ചിയിലെത്തി. സർവ്വോപരി സഊദി അറേബ്യ മുതൽ പാകിസ്താൻ വരെയുള്ള മുസ്‌ലിംഭരണകൂടങ്ങൾ മനുഷ്യസ്വാതന്ത്ര്യത്തോടു കാട്ടുന്ന പിന്തിരിപ്പൻ മനോഭാവവും ജിഹാദികളുടെ രക്തദാഹവും മുല്ലായിസവുമെല്ലാം ഈ യൂറോപ്യൻ പ്രചാരണത്തിന് ന്യായീകരണമായി മാറി. യൂറോപ്യൻ നവോത്ഥാനത്തിന് ശേഷം പൊതുവേ സെക്കുലറിസത്തിനോട് കൂറ് കാട്ടുകയും മതപക്ഷപാതിത്വമില്ലാതെയുമിരുന്ന യൂറോപ്പിലെ സിവിൽ സമൂഹം ഇന്ന് ഓറിയന്റലിസ്റ്റുകളും സാമ്രാജ്യത്വവും സയണിസ്റ്റുകളും പ്രചരിപ്പിക്കുന്ന ഇസ്‌ലാം ഭീതിയുടെ പിടിയിലാണ്. ഇസ്‌ലാം മതത്തോടും മതാചാരങ്ങളോടും അവർ കാണിക്കുന്ന അസഹിഷ്ണുത ആശങ്കാജനകമാണ്. മുമ്പേ ക്രിസ്ത്യൻ ഇവാഞ്ചലിസ്റ്റുകൾ പ്രചരിപ്പിച്ചിരുന്ന ഇസ്‌ലാം വിരുദ്ധ വികാരം യൂറോപ്പിലെ മുഖ്യധാരാ വലത്പക്ഷ രാഷ്ട്രീയ പാർട്ടികൾ ഏറ്റെടുത്തിരിക്കയാണ്. ഇറ്റലിയിലെ ഫ്രീഡം പാർട്ടി, സ്വിറ്റ് സർലണ്ടിലെ നോർത്തേൺ ലീഗ്, ഫ്രാൻസിലെ പീപ്പിൾസ് പാർട്ടി, ബെൽജിയത്തിലെ നേഷനൽ ഫ്രണ്ട്, ഡെന്മാർക്കിലെ ഫെമിനിസ്റ്റ് ബ്ലോക്ക്, നോർവ്വേയിലെ പീപ്പിൾസ് പാർട്ടി മുതലായവ ഉദാഹരണം.

ഉടുതുണിയില്ലാത്ത അഴിഞ്ഞാട്ടത്തിന് പേരുകേട്ടതും ഫാഷൻലോകത്തെ പറുദീസയുമായ ഫ്രാൻസിൽ പാർലമെൻറ് നിയമിച്ച കമ്മിറ്റി ഇസ്‌ലാമിക വേഷമായ പർദ്ദ അഥവാ ബുർഖ നിരോധിക്കണമെന്ന് ജനുവരി 26-ാം തിയ്യതി പാർലമെന്റിനോട് ശിപാർശ ചെയ്തിരിക്കുകയാണ്. ഫ്രാൻസിലെ ആശുപത്രി, സ്കൂൾ, പൊതുവാഹനങ്ങൾ എന്നിവിടങ്ങളിൽ മുഖഭാഗം മറച്ചുകൊണ്ടെത്തുന്ന മുസ്‌ലിം സ്ത്രീകൾക്ക് ആ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനം ഈ നിയമം വഴി നിഷേധിക്കപ്പെടും. അവരെ പിഴ ചുമത്തി ശിക്ഷിക്കണമെന്ന വാദത്തിൽ നിന്ന് ഫ്രാൻസിൽ നിന്നുതന്നെയുള്ള എതിർപ്പിന്റെ ഫലമായി പാർലമെന്ററി കമ്മിറ്റി പിന്നാക്കം പോവുകയാണുണ്ടായത്.

*'ഞാൻ നിങ്ങളുമായി പരിപൂർണ്ണമായും വിയോജിക്കുന്നു പക്ഷേ, നിങ്ങൾക്ക് അത് പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി മരിക്കാൻ ഞാൻ തയ്യാറാണ്'* എന്ന് പറഞ്ഞ മഹാനായ ഫ്രഞ്ച് വിപ്ലവാചാര്യൻ ഷാൻഷാക്ക് റൂസ്സോയുടെ നാടാണ് ഫ്രാൻസ് എന്നോർക്കുക. സഭ്യമായ രീതിയിൽ ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള വ്യക്തിയുടെ മൗലികാവകാശത്തിന്നെതിരെയുള്ള ഈ നിയമത്തോട് ഫ്രാൻസിലെതന്നെ സ്വാതന്ത്ര്യപ്രേമികൾ രൂക്ഷമായ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഫ്രാൻസിന്റെ നാഷനൽ ഐഡന്റിറ്റിക്ക് ചേർന്നതല്ല ഈ വസ്ത്രധാരണമെന്നും വ്യക്തിയെ തിരിച്ചറിയുന്ന മുഖം മറയാൻ പാടില്ല എന്നുമാണ് നിരോധനക്കാരുടെ വാദം. ജനാധിപത്യ രാഷ്ട്രീയ ഭരണസമ്പ്രദായത്തിൽ സ്വാതന്ത്ര്യം എന്നത് വിയോജിക്കാനും വേറിട്ടു നിൽക്കാനുമുള്ള സ്വാതന്ത്ര്യമാണ്. വിയോജിക്കുന്നവനാണ് സ്വാതന്ത്ര്യത്തിന്റെ ആവശ്യം. വാസ്തവത്തിൽ നിയമപരിരക്ഷ അർഹിക്കുന്നതും വിയോജിക്കുന്നവനാണ്. വസ്ത്രധാരണം പോലെ നിരുപദ്രവമായ സാംസ്കാരിക ചിഹ്നങ്ങളിൽ ദേശീയ ഏകതയും യൂറോപ്യൻ മൂല്യങ്ങളുമുണ്ടെന്ന വാദം അപഹാസ്യമാണ്. പട്ടാളത്തിലും പോലീസിലും വസ്ത്രം കൊണ്ടുള്ള ഐഡന്റിറ്റിയാവാം. വൈവിധ്യമാർന്ന സിവിൽ സമൂഹത്തിന്റെ വസ്ത്രധാരണത്തിൽ ദേശീയതയുടെ ഏകതയും ഐഡന്റിറ്റിയുമുണ്ടെന്ന് ഫാസിസ്റ്റു

കൾ പോലും പറഞ്ഞിട്ടില്ല. അതുപോലെ സമൂഹ സുരക്ഷയ്ക്കുവേണ്ടിയാണ് ഒരാളുടെ മുഖവും ശരീരഭാഗങ്ങളുമടക്കമുള്ള വ്യക്തിപരമായ ഐഡന്റിറ്റി പരിശോധിക്കുന്നതെങ്കിൽ അത് അധികൃതർക്ക് മുമ്പിൽ ന്യായമായ ആവശ്യത്തിനു മാത്രം വെളിപ്പെടുത്താനുള്ളതാണ്. പൗരന്റെ ഇഷ്ടത്തിനെതിരെ സദാസമയവും അത് പൊതുജനങ്ങൾക്ക് മുമ്പിൽ തുറന്നിടണമെന്ന് നിർബന്ധിക്കുന്നത് സ്വകാര്യത യുടെ നിഷേധമല്ലേ? ജനാധിപത്യം എന്നത് വൈവിധ്യങ്ങളെ കോർത്തിണക്കുന്ന ഭരണസമ്പ്രദായമാണ്. ഇസ്ലാം മതവിരോധത്തിന്റെ പേരിൽ പ്രബുദ്ധമായ ഫ്രഞ്ച് സമൂഹം ഇത്തരം സ്വാതന്ത്ര്യത്തിന്റെ നീതി തത്ത്വങ്ങൾ മറക്കുന്നത് ദൗർഭാഗ്യകരമാണ്.

500 ദശലക്ഷം ജനസംഖ്യയുള്ള യൂറോപ്പിൽ ആകെ 20 ദശലക്ഷം മാത്രമേ മുസ്ലിംകളുള്ളൂ. അവർക്ക് യൂറോപ്പിൽ 6000 പള്ളികളുമുണ്ട്. പള്ളികൾ പണിയുന്നതിനെതിരെ യൂറോപ്പികൾ നിരോധന നിയമങ്ങൾ വർദ്ധിച്ചുവരികയാണ്. മുസ്ലിം പള്ളികൾക്ക് മിനാരം നിർമ്മിക്കുന്നതിനെതിരെ സ്വിറ്റ്സർലണ്ടിൽ നടപ്പാക്കിയ നിയമം ഉദാഹരണം. അവിടെ ഒരു റെഫറണ്ടത്തിലൂടെ ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തിയിരിക്കുകയാണ്. വോട്ടെടുപ്പിൽ പങ്കെടുത്ത 2.67 ദശലക്ഷം വോട്ടർമാരിൽ മുസ്ലിം പള്ളികൾക്ക് മിനാരം അനുവദിക്കാൻ പാടില്ല എന്ന് പറഞ്ഞത് 42.5 മുതൽ 57.5 വരെ ശതമാനം വോട്ടർമാരാണ്. 26 പ്രവിശ്യകളിൽ 22ഉം മിനാരനിർമ്മാണത്തിനെതിരെ വോട്ടുചെയ്തു. മൊത്തം 7.5 ദശലക്ഷം സ്വിസ് ജനതയുടെ 6 ശതമാനമാണ് അവിടുത്തെ മുസ്ലിംകൾ. അത് പോലെ 2012ൽ ഒളിമ്പിക്സിന് ആതിഥ്യം വഹിക്കുന്ന ലണ്ടനിൽ ഒളിമ്പിക് ഗ്രാമത്തിന്നരികെ തബ്ലീഗ് ജമാഅത്ത് നിർമ്മിക്കുന്ന 70,000 പേർക്ക് നിസ്കരിക്കാവുന്ന പടുകൂറ്റൻ പള്ളിയുടെ നിർമ്മാണവും സാങ്കേതിക കാരണങ്ങൾ പറഞ്ഞു തടഞ്ഞുവെച്ചിരിക്കുകയാണ്. ഫ്രാൻസിൽ അഹ്മദികളുടെ മസ്ജിദിനും മിനാരം അനുവദിച്ചിട്ടില്ല. യൂറോപ്യൻ സംസ്കാരത്തിനെതിരെ തൊടുത്തുവിടാൻ ആകാശം ഭേദിച്ചു നില്ക്കുന്ന മിസൈലുകളാണ് പള്ളിമിനാരങ്ങൾ എന്നാണ് ക്രിസ്ത്യൻ മതപക്ഷപാതികളുടെ പ്രചാരണം. യൂറോപ്പിലെയും അമേരിക്കയിലെയും ഭരണ, രാഷ്ട്രീയ നേതാക്കന്മാരെല്ലാം തരം കിട്ടുമ്പോഴെല്ലാം ഇസ്ലാം ഭീതി പരത്തുന്ന രീതിയിൽ ഒളിഞ്ഞും തെളിഞ്ഞും സംസാരിക്കുന്നു. – നിർഭാഗ്യകരമെന്നു പറയട്ടെ, അറബ് മുസ്ലിം ലോകത്തിന് ഈ അസഹിഷ്ണുതക്കെതിരെ പ്രതികരിക്കാനുള്ള യാതൊരു ധാർമ്മികാവകാശവുമില്ല. സ്വന്തം നാടുതന്നെ അസ്വാതന്ത്ര്യത്തിന്റെ ഒരു വലിയ ജയിലറ പോലെയാക്കിയാണ് അവരുടെ നില്പ്.

സ്പെയിനിൽ മുസ്ലിം ജനസംഖ്യയുടെ വർദ്ധനവിനെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്ക് വെച്ച് യൂറോപ്പ് സമീപഭാവിയിൽ 'യുറേബ്യ' ആയി മാറുമെന്ന് ചില കേന്ദ്രങ്ങൾ വൻതോതിൽ പ്രചരിപ്പിക്കുകയാണ്. ആധികാരിക യൂറോപ്യൻ മാധ്യമങ്ങൾ ഇത്തരം പ്രചാരണങ്ങൾക്ക് വമ്പിച്ച പ്രാധാന്യമാണ് നൽകുന്നത്. 1998ൽ 3.2% മുസ്ലിംകളുണ്ടായിരുന്ന സ്പെയിനിൽ 2007ൽ അത് 13.4%മായി വർദ്ധിച്ചിരിക്കുന്നു എന്ന കണക്കിന്റെ അടിസ്ഥാനത്തിലാണ് പ്രചാരണം. 2005ൽ ഡെന്മാർക്കിലുണ്ടായ കാർട്ടൂൺ വിവാദം കുപ്രസിദ്ധമാണല്ലോ. ഇപ്പോഴത്തെ വിവാദം ഡെന്മാർ ക്കിലെ നാല് നഗരങ്ങളിൽ നവജാതശിശുക്കളുടെ പേരുകൾ രജിസ്റ്റർ ചെയ്തതിൽ 'മുഹമ്മദ്' എന്ന നാമം വർദ്ധിച്ചുവരുന്നു എന്നതാണ്. അത് പോലെ പൊതുവേ സന്താനോൽപ്പാദനശേഷി കുറഞ്ഞ യൂറോപ്യരെ അപേക്ഷിച്ച് മുസ്ലിം സ്ത്രീകൾ പെറ്റു കൂട്ടി മുസ്ലിം ജനസംഖ്യ വർദ്ധിപ്പിക്കുമെന്നു ചില ജനസംഖ്യാവിദഗ്ദർ വിലയിരുത്തുന്നു. ഇങ്ങനെ നാലു ഭാഗത്തു നിന്നും യൂറോപ്പിൽ ഇസ്ലാം ഭീതി പരക്കുകയാണ്.

ഏതായാലും എതിർക്കുന്നവരെ സ്വാംശീകരിക്കുന്ന ഒരു അത്ഭുതവിശേഷം ഇസ്ലാമിന്നുണ്ടെന്ന് ചരിത്രം സാക്ഷിനില്ക്കുന്നു. മുസ്ലിംകൾക്കെതിരെ ഭയാനകമായ യുദ്ധം ചെയ്ത് അബ്ബാസിയാ ഖിലാഫത്തിനെ നിലംപരിശാക്കിയ ജെങ്കിസ്ഖാന്റെ ജനത ഇസ്ലാം മതം സ്വീകരിക്കുകയുണ്ടായി. ബൈസാന്റിയംകാരുടെ ഈജിപ്ത്, മജൂസികളുടെ പേർഷ്യ എല്ലാം ഇസ് ലാമിനെ എതിർത്ത് നിന്ന് അവസാനം അടിയറവ് പറഞ്ഞ് ഇസ്ലാമിനെ നെഞ്ചിലേറ്റിയ സമൂഹങ്ങളാണ്. ഇസ്ലാമിന്റെ ഇതിഹാസപുത്രൻ ഉമറി(റ)ൽ തുടങ്ങിയ ഈ അത്ഭുതപ്രതിഭാസം യൂറോപ്പിലും ആവർത്തിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

ആധുനിക വാർത്താ വിനിമയങ്ങളുടെ അതിരുകളില്ലാത്ത ലോകത്ത് അസത്യപ്രചാരണങ്ങൾ ഏറെനാൾ നിലനില്ക്കില്ല. എതിർക്കുന്നവരെ ഗ്രസിക്കുന്ന ഇസ്ലാമിന്റെ ദിവ്യാത്ഭുതം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലൂടെ സംഭവിക്കുന്ന കാലം വിദൂരമല്ല. അസഹിഷ്ണുതയുടെ ഈ ഉഷ്ണകാലത്തിന് ശേഷം യൂറോപ്പിൽ ഇസ്ലാമിക വസന്തം വരുക തന്നെ ചെയ്യും. മനുഷ്യസ്വാതന്ത്ര്യത്തിന്റേയും സഹിഷ്ണുതയുടേയും ഉന്നത നിലവാരമുള്ള യഥാർത്ഥ ഇസ്ലാമായിരിക്കും അവിടെ പുനർജനിക്കുക. ■